KOTTAYAM PUBLIC LIBRARY

Call No. MA5 Acc. No. 44013

Author [illegible]

Title [illegible]

No: 4013

# കാലകേയവധം

## കഥകളി

★

വ്യാഖ്യാതാവ്:

ഡി. പത്മനാഭനുണ്ണി എം. ഏ.

Published by

THE LOKAVANI PUBLISHERS
TAMBARAM.

THE KOTTAYAM PUBLIC LIBRARY KOTTAYAM. TRAVANCORE.

NATIONAL BOOK STALL KOTTAYAM

May 1951 Price Re. 1/8/-

# അവതാരകം.

'സൌന്ദൎയ്യത്തിൻെറ ബഹിഃപ്രകടനവും സംസ്കാരത്തിൻെറ പരിണതഫലവുമാകുന്ന കല' എന്ന അഭിപ്രായം ശരിയാണെങ്കിൽ കേരളീയരുടെ സാംസ്കാരത്തിൻേറയും സൌന്ദൎയ്യബോധത്തിൻേറയും മാനദണ്ഡമായി പരിലസിക്കുന്ന ഒന്നാണു കഥകളി എന്നു തീൎത്തുപറയാം.

ഇതരകലകളുടെ സഹായം കൂടാതെതന്നെ ഒരു സ്വതന്ത്രകലയ്ക്കു മനസ്സിനെ രമിപ്പിക്കുവാൻ സാധിക്കുമെങ്കിലും കലകളെ യഥോചിതം സങ്കലനംചെയ്താൽ അവയുടെ മനോരഞ്ജകത്വം ഒന്നു വേറേതന്നെയാണു്. കേവലം നാദപ്രധാനമായ സംഗീതം ഭാവസുന്ദരമാകുമ്പോൾ കൂടുതൽ ഹൃദ്യമാകുന്നുണ്ടെന്നുള്ളതു് അനുഭവവേദ്യമാകുന്നുവല്ലോ. അതുപോലെ സാഹിത്യത്തിനു സംഗീതസംബന്ധവും ശോഭാവഹം തന്നെ ആലോചനാമൃതത്വം പദ്യത്തിലും ഗദ്യത്തിലും സമാനമെങ്കിലും പദ്യസാഹിത്യം സംഗീതസംബന്ധംകൊണ്ടാണല്ലോ സാമാന്യലോകത്തെ കൂടുതൽ ആകൎഷിക്കുന്നതു്. ചിലപ്പോൾ ഇപ്രകാരമുള്ള സംകലനംകൊണ്ടു് ഒരു പുതിയ കല ആവിർഭവിച്ചു എന്നും വരാം. അതു് രത്നഖചിതമായ സ്വൎണ്ണാഭരണംപോലെ ശോഭിക്കുകയും ചെയ്യും. ഇപ്രകാരം ആവിർഭവിച്ച ഒന്നാണു് കഥകളി. നൃത്തം, നൃത്യം, നാട്യം, ഗീതം, വാദ്യം, സാഹിത്യം മുതലായ കലകളുടെ ഒരു സമുചിതസങ്കലനമാണു് കഥകളി എന്നു പറയുന്നതിൽ അബദ്ധമില്ല. ഈ പരമാൎത്ഥം പരിശോധിക്കുവാൻ പ്രസ്തുത കലകളുടെ സാമാന്യജ്ഞാനം അപേക്ഷിതമായതുകൊണ്ടു് ഇവ

യെപ്പററി അല്പമായി നിരൂപണംചെയ്യാം. നൃത്താദികളുടെ ജനകത്വം വഹിക്കുന്ന അഭിനയംതന്നെ പൊതുവേ നാലായി തിരിച്ചിരിക്കുന്നു. (1) ആഹാര്യം;— കൃത്രിമവേഷം കെട്ടിരംഗസ്ഥരെ ആകർഷിക്കുന്നതു്. (2) ആംഗികം:- കണ്ണു്, പുരികം മുതലായ അംഗങ്ങളെകൊണ്ടുള്ള അഭിനയം. (3) വാചികം:- സ്വരഭേദത്തോടെ ഉച്ചരിക്കപ്പെടുന്ന വാക്കുകൾ കൊണ്ടുള്ള അഭിനയം. (4) സാത്വികം:- വികാരങ്ങളെ പുറമെ സ്ഫുരിപ്പിച്ചു രസപ്രതീതി ഉളവാക്കുക. ഇവക്കു നൃത്താദികളിലുള്ള സ്ഥാനമെന്തെന്നു പരിശോധിക്കാം.

1. നൃത്തം. താളമേളങ്ങൾക്കൊപ്പിച്ചുള്ള കരചരണ വിക്ഷേപത്തിനു് നൃത്തം എന്നു പറയുന്നു ഈ കലയിൽ അഭിനയത്തിനു പറയത്തക്ക സ്ഥാനമൊന്നും ഇല്ല. സന്തോഷം, അരിശം മുതലായ വികാരങ്ങൾ ഉണ്ടാകുമ്പോൾ ചെറുപൈതങ്ങൾ തുള്ളുന്നതും ചാടുന്നതും നാം കണ്ടിട്ടുണ്ടല്ലോ. ഈ വാസനയുടെ സംസ്കൃതവും പരിണതവുമായ രൂപമാണു് നൃത്തം. ഇതിനു സംഗീതത്തോടാണു കൂടുതൽ അടുപ്പം. മദ്ദളാദിവാദ്യങ്ങളുടെ സഹായം അത്യന്താപേക്ഷിതവുമാകുന്നു. 'കോലംതുള്ളൽ' 'ഓട്ടൻതുള്ളൽ' മുതലായവ ഈ കലയുടെ രൂപഭേദങ്ങളത്രേ. ഇവിടെ വേഷഭൂഷാദികളെക്കൊണ്ടു് രംഗസ്ഥരെ ആകർഷിക്കുക എന്ന അംശത്തിൽ ആഹാര്യാഭിനയത്തിൻെറ കലർപ്പുണ്ടു്.

നൃത്യം. പദാർത്ഥാഭിനയത്തിനു് നൃത്യമെന്നു പറയുന്നു. അഭിനേയവാക്യത്തിലെ ഓരോ പദത്തിൻേറയും അർത്ഥം ആംഗ്യങ്ങൾകൊണ്ടു് വെളിപ്പെടുത്തുന്നതോടുകൂടി രസാനുഗുണമായ രീതിയിൽ ഭാവങ്ങളെ സ്ഫുരിപ്പിക്കണം എന്നാണിതിൻെറ നിയമം. ഇതിൽ ആംഗികാഭിനയത്തിനാണു കൂടുതൽ സ്ഥാനം, സാത്വികാഭിനയവും ആവശ്യമാണു്.

നാട്യം. വാക്യാൎത്ഥാഭിനയം നാട്യം. വാക്യാൎത്ഥം മൊത്തത്തിൽ രസവ്യഞ്ജകമായിരിക്കുന്നതുകൊണ്ടു് നാട്യം രസാശ്രയമാകുന്നു. ഇതിൽ സാത്വികാഭിനയത്തിനാണു കൂടുതൽ സ്ഥാനം. നാടകങ്ങളിലും മററും വാചികാഭിനയവും ഉണ്ടു്.

നൃത്യഗീതവാദ്യങ്ങൾക്കു മൂന്നിനുംകൂടി ഒററപ്പേരായിട്ടും ചിലപ്പോൾ നാട്യമെന്നു പറയാറുണ്ടു്. "തൌൎയ്യത്രികം നൃത്തഗീതവാദ്യം നാട്യമിദം ത്രയം." എന്നമരകോശം.

കലകളുടെ കൂട്ടത്തിൽ കഥകളിക്കുള്ള സ്ഥാനം. കഥകളിയിലെ കലാശംചവുട്ടു് നൃത്തവും, മുദ്രക്കൈകൾ മുതലായവ നൃത്യവും, കണ്ണു മുഖം മുതലായവകൊണ്ടുള്ള അഭിനയം നാട്യവുമാകുന്നു. ഗീതസാഹിത്യങ്ങൾക്കു കഥകളിയിലുള്ള സ്ഥാനം ഏവൎക്കും സുവിദിതമാണു്. മദ്ദളം ചെണ്ട മുതലായ വാദ്യങ്ങളും കഥകളിക്കു് അപേക്ഷിതങ്ങളാണു്: ഈ ചൊന്നവയിൽ നൃത്യകലക്കു കൂടുതൽ സ്ഥാനമുള്ളതുകൊണ്ടു് കഥകളി നൃത്യകലയിൽ ഉൾപ്പെടുന്നു. എന്നാൽ രസസ്ഫുരണം മുതലായവ നാടകത്തിലെപ്പോലെ കഥകളിയിലുമുള്ളതുകൊണ്ടു കഥകളി നാട്യകലയിൽപെടുന്നു എന്നു പറയുന്നതിലും തെററില്ല. ആട്ടക്കഥാകൎത്താക്കളിൽതന്നെ ചിലർ കഥകളി നാട്യമാണെന്നഭിപ്രായപ്പെട്ടിട്ടുണ്ടു്.

'ദക്ഷയാഗനാട്യപ്രബന്ധമുദിതം സുധിയഃപുനന്തു' എന്നു ദക്ഷയാഗത്തിൽ ഇരയിമ്മൻതമ്പി നിർദ്ദേശിക്കുന്നു. ചുരുക്കത്തിൽ ആംഗികാദിവിഭാഗങ്ങളോടുകൂടിയ അഭിനയം, സാഹിത്യം, സംഗീതം, വാദ്യം മുതലായ കലകളുടെ സമുചിതസമ്മേളനംകൊണ്ടു് പ്രേക്ഷകനെ വികാരതരളിതനും ആനന്ദമഗ്നനുമാക്കുന്നതിനു പൎയ്യാപ്തമായ ഒരു ദൃശ്യകാവ്യമത്രേ കഥകളി.

ആവിർഭാവവും വളൎച്ചയും. ഈ പ്രസ്ഥാനം എപ്പോൾ എവ്വിധം ആവിർഭവിച്ചു എന്നും അതിന്റെ വളൎച്ചയിൽ

ഏതെല്ലാം സഹായമായിട്ടുണ്ടെന്നുമാണ് അടുത്തതായി ചിന്തിക്കുന്നത്. കഥകളിയുടെ ഉല്പത്തിയെക്കുറിച്ചു ചിന്തിക്കണമെങ്കിൽ കേരളത്തിലെ പ്രാചീനനാട്യകലകൾ ഏതെല്ലാമെന്നു സാമാന്യമായി അറിഞ്ഞിരിക്കേണ്ടതാണ്. ഇതരജനപദങ്ങളിലെന്നപോലെ കേരളത്തിലും ആദ്യമായി ദേവതാപ്രീണനം ഉദ്ദേശിച്ചാണു ദൃശ്യകലകൾ ആരംഭിച്ചിട്ടുള്ളത്.

കഥകളിയുടെ ആവിർഭാവത്തിനു വഴിതെളിച്ചുകൊട്ടത്തും, കേരളീയനാട്യവിദ്യകളിൽ പ്രാചീനവുമായ ചാക്യാർക്കൂത്ത് ആരംഭിച്ചിട്ടുള്ളതിൻെറ ഉദ്ദേശവും ഇതുതന്നെയാണ്.

കൂത്ത് കൂടിയാട്ടം. സാമാന്യജനങ്ങളുടെ ഇടയിൽ സംസ്കാരത്തിനും മതാചാരങ്ങൾക്കും സ്ഥിരപ്രതിഷ്ഠ ഉളവാകുന്നതിനാണ് ഇതിൻെറ ആരംഭം. ഭരതനാട്യശാസ്ത്രം, സംസ്കൃതനാടകങ്ങൾ, പുരാണേതിഹാസാദികൾ മുതലായവയിൽ പരിചയവും പ്രാവീണ്യവും സമ്പാദിച്ചിട്ടുള്ള ചാക്യാന്മാരായിരുന്നു ഈതൊഴിൽ നടത്തിവന്നിരുന്നത്. കാലാന്തരത്തിൽ ഫലിതത്തിനു കൂത്തിൽ ധാരാളം പ്രവേശം സിദ്ധിച്ചു. ദേവാലയങ്ങളിൽ ഉത്സവാദി വിശേഷങ്ങൾ ഉണ്ടാകുമ്പോൾ കൂത്തു നടത്തുന്നു: മിഴാവ് എന്ന വാദ്യത്തിൻെറ സഹായം കൂത്തിന് ആവശ്യമാണ്. കൂത്തിൻെറ വികാസം കൂടിയാട്ടമെന്ന പ്രസ്ഥാനത്തെ ജനിപ്പിച്ചു. ഒരാൾതന്നെ സന്ദർഭമനുസരിച്ച് ഓരോ പാത്രങ്ങളുടെ സ്ഥാനം വഹിച്ചുകഥാഗതി മുന്നോട്ടു കൊണ്ടുപോകുകയാണ് കൂത്തിൻെറ രീതി. കൂടിയാട്ടത്തിൽ പുരുഷവേഷംകെട്ടുന്നതിന് ചാക്യാന്മാരും സ്ത്രീവേഷം കെട്ടുന്നതിനു നങ്ങ്യാന്മാരുമുണ്ട്. കൂത്തും കൂടിയാട്ടവും കഥകളിയുടെ ആവിർഭാവത്തിനു ധാരാളമായി സഹായിച്ചിട്ടുണ്ട്.

ഇന്നത്തെ നിലയിൽ കഥകളിക്കും പ്രസ്തുതകലകൾക്കും തമ്മിലോം വ്യത്യാസമുണ്ടെങ്കിലും കഥകളിയുടെ മാർഗ്ഗദർശകത്വം

ഇവയ്ക്കുണ്ടെന്നുള്ളതു പരമാൎത്ഥമാണു്. കഥാസന്ദൎഭം കാണിക്കുവാൻ ശ്ലോകങ്ങളും വൎണ്ണനയ്ക്കു ദണ്ഡകം മുതലായവയും കഥാഗതിയെ കുറിക്കുന്നതിനു മലയാളഭാഷയിൽ വിവരണവുമാണു് ചാക്യാർകൂത്തിന്റെ രീതി. ഈ രീതിതന്നെയാണു് മിക്കവാറും കഥകളിയിലും കാണുന്നതു്. ചാക്യാരുടെ മലയാളപ്രസംഗത്തിന്റെ സ്ഥാനത്തു് കഥകളിയിൽ പദങ്ങൾ സ്ഥാനംപിടിച്ചിട്ടുണ്ടെന്നുമാത്രം ഭേദം. അംഗോപാംഗങ്ങളെ യഥോചിതം ചേഷ്ടിപ്പിച്ചു പദാൎത്ഥങ്ങളെ അഭിനയിക്കുന്ന സമ്പ്രദായം കൂടിയാട്ടത്തിൽനിന്നാണു് കഥകളിക്കുസിദ്ധിച്ചിട്ടുള്ളതു്.

അടുത്തതായി കഥകളിയുടെ ഉല്പത്തിക്കു സഹായമായിട്ടുള്ളതു് അഷ്ടപദിയാട്ടമാണു്, ജയദേവരചിതമായ ഗീതഗോവിന്ദം അഷ്ടപദിയെന്നപേരിലാണു് കേരളത്തിൽ പ്രസിദ്ധമായിട്ടുള്ളതു്. ഏ. ഡി. 12-ാം ശതകത്തിൽ ഈ കൃതിക്കു കേരളത്തിൽ പ്രചാരം സിദ്ധിച്ചതോടുകൂടി ചാക്യാന്മാർ രംഗപ്രയോഗംചെയ്തു ജനങ്ങളെ രസിപ്പിച്ചുവന്നു. രാധാകൃഷ്ണന്മാരുടെ രഹഃകേളികളെ ആസ്പദമാക്കിയിട്ടുള്ള പ്രകൃതകൃതിയിൽ കഥയുടെ പൂൎവ്വാപരബന്ധം പദ്യത്തിലും സംഭാഷണം ഗാനത്തിലുമായിട്ടാണു് നിബന്ധിച്ചിട്ടുള്ളതു്. ആട്ടക്കഥകളിലെ പദങ്ങളുടേയും പദ്യങ്ങളുടെയും നിബന്ധനരീതിക്കു് അഷ്ടപദിയോടു സാദൃശ്യമുണ്ടു്. എന്നാൽ അഷ്ടപദിയിൽ ചിലപ്പോൾ ശ്ലോകങ്ങൾ ഒരു പാത്രത്തിന്റെ സംഭാഷണമായും വരാം. കഥകളിയിലാകട്ടെ ശ്ലോകം എപ്പോഴും കവിവാക്യമായിരിക്കണമെന്നു നിൎബന്ധമുണ്ടു്. ഭാഗവതർ ശ്ലോകം ചൊല്ലുമ്പോൾ പലപ്പോഴും നടൻ രംഗത്തിലില്ലെങ്കിലും കുഴപ്പമില്ല.

കൃഷ്ണനാട്ടം. കൊല്ലവൎഷം 829-ാമാണ്ടിടയ്ക്കു ജീവിച്ചിരുന്ന കോഴിക്കോട്ടു മാനദേവൻ സാമൂതിരി അഷ്ടപദിയെ

അനുകരിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണു കൃഷ്ണനാട്ടം. ശ്രീകൃഷ്ണചരിതമാണ് ഇതിലെ പ്രതിപാദ്യം. അഭിനയക്രമം ഗീതഗോവിന്ദത്തെ അനുസരിക്കുന്നു. പാട്ടുവാൻ ആൾ വേറെയുണ്ട്. വേഷവിധാനത്തിലും ചില നവ്യതകൾ കൃഷ്ണനാട്ടത്തിനുണ്ട്.

രാമനാട്ടം. ഈ വിഷയങ്ങളിൽ കഥകളിക്കു കൃഷ്ണനാട്ടം ഗുരുസ്ഥാനം വഹിക്കുന്നു. കൊട്ടാരക്കര തമ്പുരാനും സാമൂതിരിയുമായുള്ള മത്സരത്തിന്റെ ഫലമായിട്ടാണ് രാമനാട്ടം ഉണ്ടായിട്ടുള്ളതെന്ന് ഐതിഹാസികന്മാർ പറയുന്നു. ഐതിഹ്യം ഏതുവിധത്തിലായിരുന്നാലും രാമനാട്ടം മിക്കവാറും കൃഷ്ണനാട്ടത്തെ അനുകരിച്ച് ആരംഭിച്ചിട്ടുള്ളതാണ്.

ചുരുക്കത്തിൽ ചാക്യാർകൂത്ത്, കൂടിയാട്ടം മുതലായവയിൽക്കൂടി വികാസം പ്രാപിച്ചുവന്ന കേരളീയ നാട്യകല അടുത്തപടിയിൽ പ്രവേശിച്ചു കൃഷ്ണനാട്ടത്തെയും അതിനെത്തുടർന്നു രാമനാട്ടത്തെയും ആവിർഭവിപ്പിച്ചു. ഈ രാമനാട്ടമാണ് ഇന്നത്തെ കഥകളിയുടെ പൂർവ്വരൂപം.

വെട്ടത്തുനാട്ട് രാജാവ്. അടുത്തതായി രാമനാട്ടം ഏതുവിധത്തിലാണ് ഇന്നത്തെ കഥകളിയുടെ രൂപം കൈക്കൊണ്ടതെന്നു ചിന്തിക്കാം. കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം നിർമ്മിച്ചുവെന്നല്ലാതെ അഭിനയക്രമം, വേഷവിധാനം, മേളക്കൊഴുപ്പ് മുതലായവയിൽ പറയത്തക്ക നവ്യതയൊന്നും വരുത്തിയിരുന്നില്ല. ഈ പ്രസ്ഥാനത്തെ ആദ്യമായി പരിഷ്കരിച്ചതു വെട്ടത്തുനാട്ടു രാജാവായിരുന്നു. അദ്ദേഹം പഴയ പാളക്കിരീടങ്ങളുടെ സ്ഥാനത്ത് ഇന്നത്തെ രീതിയിലുള്ള കിരീടങ്ങൾ ധരിക്കുന്നതിനും രസസ്ഫുരണത്തിന്റെ സൗകര്യത്തിനു മുഖത്തു മനയോല തേക്കുന്നതിനും, ശരീരത്തിൽ കുപ്പായം ധരിക്കുന്നതിനും, കലാശം ചവിട്ടുമ്പോൾ മേളക്കൊഴുപ്പിനുവേണ്ടി ചെണ്ട ഉപയോഗിക്കുന്നതിനും ഏർപ്പാടുചെയ്തു. കൃഷ്ണനാട്ടത്തിലെപ്പോലെതന്നെ

പാട്ടുകാരൻ പ്രത്യേകം വേണമെന്നു നിശ്ചയിച്ചതു നടന്മാർക്കു ഭാവപ്രകടനത്തിനു കൂടുതൽ സൗകര്യമുളവാക്കി.

കപ്ലിങ്ങാടൻ. വെട്ടത്തുനാട്ടു രാജാവിന്റെ പരിഷ്കാരത്തിനുശേഷം കഥകളിയിൽ സാരമായ പരിഷ്കാരങ്ങൾ വരുത്തിയവരിൽ പ്രഥമഗണനീയൻ കപ്ലിങ്ങാട്ടു നമ്പൂതിരിയാകുന്നു. കഥകളിയിൽ ഇന്നത്തെ മോടികളിൽ പലതും അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളാണ്.

1) പാത്രഭേദങ്ങളുടെ സ്വഭാവത്തിനും നിലയ്ക്കും അനുസരിച്ചു കുപ്പായത്തിനു വൈവിധ്യം. 2) ചുട്ടികുത്ത്. 3) പച്ച, കത്തി, കരി, മിനുക്കു മുതലായി തേപ്പിനുള്ള വൈവിധ്യം. 4) ഭയങ്കര വേഷങ്ങൾക്കു മൂക്കിലും നെററിയിലും ഗുളിക (കൊഴുക്കട്ട) 5) ചവിട്ടിലും കലാശങ്ങളിലും ഭേദങ്ങൾ. 6) മുടിയും കച്ചയും. 7) മുദ്രക്കൈകളിൽ പ്രത്യേകം നിഷ്കർഷ. ഒരു പദത്തിനു രണ്ടുതവണ മുദ്രക്കൈ കാണിക്കുക. 8) ദിനമണിയുക മുതലായവയാകുന്നു കപ്ലിങ്ങാടന്റെ പരിഷ്കാരങ്ങൾ.

കല്ലടിക്കോടൻ. ഏറെത്താമസിയാതെ കല്ലടിക്കോട്ടു നമ്പൂതിരിയും ചില പരിഷ്കാരങ്ങൾ വരുത്തി. ഒരു പദത്തിനു രണ്ടുതവണ മുദ്രക്കൈ കാണിക്കുകവേണമെന്നുവച്ചിരുന്ന കപ്ലിങ്ങാടന്റെ വ്യവസ്ഥയെ കല്ലടിക്കോടൻ ഭേദപ്പെടുത്തി ഒരുതവണ മതിയെന്നുവച്ചു. പാട്ടുകാരനെ സഹായിപ്പാൻ ഒരു ശങ്കടിക്കാരൻ വേണമെന്നു നിശ്ചയിച്ചു.

'കപ്ലിങ്ങാടൻ' രീതിയിൽ നൃത്യത്തിനു (കൈമുദ്രകൾക്കും ഭാവപ്രകടനത്തിനും) പ്രാധാന്യമുണ്ടെങ്കിൽ 'കല്ലടിക്കോടൻ' സമ്പ്രദായത്തിൽ നൃത്തത്തിനാകുന്നു (കലാശം ചവിട്ട്) പ്രാധാന്യം

ഈ പരിഷ്കാരങ്ങളുടെ ഫലമായി രാമനാട്ടത്തിൽ ജനങ്ങൾക്ക് അഭിരുചി വൎദ്ധിക്കുകയും, പണ്ഡിതന്മാരും പ്രഭു

ക്കന്മാരും ഈ പ്രസ്ഥാനത്തെ പോഷിപ്പിക്കുവാൻ ഒരുങ്ങുകയും ചെയ്തു. എന്നാൽ ഈ പ്രസ്ഥാനത്തെ ഇന്നത്തെ രീതിയിൽ ആസ്വാദ്യകരമാക്കിത്തീർത്തു കോട്ടയത്തു തമ്പുരാനാകുന്നു.

<u>കോട്ടയത്തു തമ്പുരാൻ.</u> അദ്ദേഹം വെട്ടത്തുനാടൻ, കപ്ലിങ്ങാടൻ, കല്ലടിക്കോടൻ എന്ന മൂന്നു രീതികളേയും യഥാവിധം കലർത്തി പൊതുസമ്മതമായ ഒരു രീതി സ്വീകരിച്ചു. ജനസാമാന്യത്തിന്റെ അഭിലാഷമനുസരിച്ചു പുതിയ കഥകൾ നിർമ്മിച്ചു. രാമായണം കഥക്കുപുറമെ മററു കഥകൾകൂടി ഈ പ്രസ്ഥാനത്തിൽ സ്ഥാനം പിടിച്ചതോടുകൂടി രാമനാട്ടം എന്ന പേരിനു പകരം 'കഥകളി' അല്ലെങ്കിൽ 'ആട്ടക്കഥ' എന്ന പേരുകൾക്കു പ്രചാരം സിദ്ധിച്ചു. ചുരുക്കത്തിൽ അദ്ദേഹത്തിൻെറ കാലംമുതലാണു് 'കഥകളി' എന്ന പേരും അധുനാതനരീതിയും പ്രചാരത്തിൽ വന്നതു് എന്നു നിശ്ചയം പറയാം.

കഥകളിയുടെ ചില ചടങ്ങുകൾകൂടി വിവരിക്കാതെ ഈ പ്രസ്താവം ഉപസംഹരിക്കുന്നതു ശരിയല്ലല്ലോ.

ഒരു കഥ അഭിനയിക്കുന്നതിനുമുമ്പായി കേളി, ശുദ്ധമദ്ദളം, തോടയം, പുറപ്പാടു്, മഞ്ജുതര മുതലായ ചില ചടങ്ങുകൾ ആട്ടത്തിൽ കണ്ടുവരാറുണ്ടു്.

കഥകളി ഉള്ളതായി ജനങ്ങളെ അറിയിക്കുക, രംഗപ്രസാധനം മുതലായവയാണു് ഈ ചടങ്ങുകളുടെ ഉദ്ദേശം.

കഥാഭിനയത്തിനുതന്നെ പ്രധാനമായി 4 അംഗങ്ങളുണ്ടു്. 1) കൈയ്യ്. 2) മെയ്യ്. 3) ചൊല്ലിയാട്ടം. 4) രസവാസന ഇവയെ അല്പമായി താഴെ വിവരിക്കുന്നു.

<u>കൈയ്യ്.</u> പതാകാ, മുദ്രാഖ്യം, കടകം മുതലായ മുദ്രകൾക്കാണു് കൈകൾ എന്നു പറയുന്നതു്. ഈ കൈകളുടെ

സഹായത്തോടുകൂടിയാണ് നടൻ പദാൎത്ഥങ്ങളെ പ്രകടിപ്പിക്കുന്നതു്. മുദ്രകളുടെ ലക്ഷണവും മററും 'ഹസ്തലക്ഷണദീപിക' മുതലായ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്.

മെയ്യ്. കഥകളിയിൽ നൃത്തകലക്കുള്ള സ്ഥാനം ഇതിനമുമ്പു വിവരിച്ചിട്ടുണ്ടല്ലോ. അതിലേക്ക് അവയവസ്വാധീനത നല്ലപോലുണ്ടായിരിക്കണം. ഇതാണ മെയ്യ് എന്നു പറയുന്നതു്.

ഒരു ഖണ്ഡം ചൊല്ലിയാടിക്കഴിഞ്ഞതിനുശേഷം സാധാരണയായി കലാശംചവിട്ടുക എന്നൊരു പതിവുണ്ടു്. നടൻ ദീപത്തിനരികെച്ചെന്നു താളത്തിനും മേളത്തിനും ഒപ്പിച്ചു ചുവടുവെക്കുന്നതു് ഇതിൻെറ ഒരംശമാണ്. വട്ടംവച്ചുകലാശം, ഇരട്ടി, എട്ടുകലാശം, അഷ്ടകലാശം മുതലായവ കലാശത്തിൻെറ വകഭേദങ്ങളാകുന്നു കേകിപ്പറപ്പു്, തുശിക്കിടുക മുതലായവയും മെയ്യിൽ ഉൾപ്പെടുന്നു.

ചൊല്ലിയാട്ടം. അഭിനയരീതിക്കാകുന്നു ചൊല്ലിയാട്ടമെന്നു പറയുന്നതു്. പാട്ടുകാരൻ പാടുമ്പോൾ നടൻ ആടുന്നു. ചൊല്ലിയാട്ടത്തിനു പതിഞ്ഞാട്ടം, മുറുകിയാട്ടം മുതലായി പല വകഭേദങ്ങളുണ്ടു്. എന്നാൽ ഇളകി ആട്ടം എന്നു പറയുന്നതു ചൊല്ലിയാട്ടത്തിൽ ഉൾപ്പെടുന്നതല്ല. ചൊല്ലിയ പദങ്ങളുടെ അൎത്ഥം അഭിനയിച്ചതിനുശേഷം നടൻ മനോധൎമ്മം പ്രയോഗിച്ചു പദസഹായംകൂടാതെ ആടുന്നതിനാണ് ഇളകി ആട്ടം എന്നു പറയുന്നതു്. ഇതു സന്ദർഭോചിതമായ സ്ഥലകാലവൎണ്ണനയോ സ്വാഭിലാഷപ്രകാശനമോ നായികാസൗകുമാൎയ്യവൎണ്ണനയോ മറേറാ ആയിരിക്കും.

വേഷവിധാനം. കഥകളിയിലെ വേഷങ്ങൾ മിക്കവാറും പാത്രത്തിൻെറ സ്വഭാവത്തിനനുസരിച്ചായിരിക്കും. പ്രധാനമായി അഞ്ചുതരം വേഷങ്ങളാണുള്ളതു്. 1) പച്ച. 2) കത്തി. 3) താടി. 4) മിനുക്കു്. 5) കരി.

പച്ച. എന്നതു് ഒരു സാങ്കേതികസംജ്ഞയാകുന്നു. മനയോലയും നിലവുംചേൎത്തു ചാലിച്ചു പച്ചച്ചായം ഉണ്ടാക്കി മുഖത്തു തേക്കുന്നു. പച്ചയുടെ പൎയ്യന്തഭാഗങ്ങളിൽ ചുട്ടി കുത്തുന്നു. രാത്രിയിൽ ഭാവസ്ഫുരണത്തിനു് ഈ വേഷം സഹായമായിരിക്കും. പച്ചവേഷക്കാർ സാധാരണ കുലീനന്മാരായ രാജാക്കന്മാരും ദേവന്മാരുമായിരിക്കും.

കത്തി. ദുശ്ശാസനൻ മുതലായ ദുഷ്ടന്മാരും കാലകേയൻ തുടങ്ങിയ അസുരന്മാരും കത്തിവേഷക്കാരാകുന്നു. നെട്ടം കത്തിയെന്നും കുറുംകത്തിയെന്നും കത്തി രണ്ടുവകയുണ്ടു്. കാലകേയൻ നെട്ടംകത്തിക്കാരനും ദുശ്ശാസനൻ കുറുംകത്തിക്കാരനുമാകുന്നു.

താടി. വാനരന്മാർ, കലി മുതലായ പാത്രങ്ങൾ താടിക്കാരാകുന്നു. ഹനുമാൻ വെള്ളത്താടിക്കാരനും ബാലി ചുവന്ന താടിക്കാരനും കലി കറുത്ത താടിക്കാരനുമാകുന്നു.

കരി മുഖത്തു കരിതേച്ചു കരിക്കുപ്പായവും ധരിച്ചു വരുന്ന കാട്ടാളൻ, നക്രതുണ്ഡി മുതലായ വേഷങ്ങൾക്കാണു് കരി എന്നു പറയുന്നതു്.

മിനുക്കു്. ബ്രാഹ്മണർ, ദൂതന്മാർ, മുനികൾ. സ്ത്രീകൾ മുതലായവരാണു മിനുക്കുവേഷക്കാർ.

ഇത്രയുംകൊണ്ടു കേരളീയനൃത്യകലയായ കഥകളിയുടെ സ്വരൂപം, ആവിർഭാവം, വളൎച്ച മുതലായവ സാക്ഷിപ്തമായി വിവരിച്ചുകഴിഞ്ഞിരിക്കുന്നു.

അനേകം കലകളുടെ സമാഹാരമായ ഈ പ്രസ്ഥാനത്തിൽ ചില ന്യൂനതകൾ കടന്നുകൂടിയിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കഥകളിയിലെ നഗ്നമായ ശൃംഗാരാഭിനയം സഹൃദയന്മാരെ വെറുപ്പിക്കത്തക്കവിധത്തിൽ അശ്ലീലമായിത്തീൎന്നിട്ടുണ്ടു്.

നായികാനായകന്മാരുടെ സുരതപ്രാൎത്ഥനയും മററും എല്ലാ ആട്ടക്കഥകളിലും ഏതാണ്ട് ഏകരൂപത്തിലായിട്ടുണ്ട്. ഇതുപോലെതന്നെ ബീഭത്സവും ഏകകാൎയ്യവുമായ പോരിനുവിളികൾ മിക്കവാറും ആട്ടക്കഥകളിൽ കാണാം. കഥാഘടനയിൽ വൈവിധ്യവും നവ്യതയും ഇല്ല എന്നുള്ളതു് ആട്ടക്കഥകളിലെ സാഹിത്യഗുണത്തെ സാരമായി സ്പൎശിക്കുന്നു. കഥകളിയിൽ പുരാണകഥകളെ അതേപടി പകൎത്തുകയാണു ചെയ്യുന്നതു്. പാത്രസൃഷ്ടി സ്ഥലകാലങ്ങളുടെ ഐകരൂപ്യം മുതലായവയിൽ ആട്ടക്കഥാകൃത്തുകൾക്കു വലിയ ശ്രദ്ധയൊന്നുമില്ല.

എന്നാൽ ഈ ന്യൂനതകൾ പരിഹരിക്കപ്പെടാവുന്നവയാണു്. ഇന്നത്തെ സാഹിത്യകാരന്മാർ അല്പം മനസ്സിരുത്തിയാൽ കേരളീയരുടെ അഭിമാനനിലയമായ ഈ പ്രസ്ഥാനത്തെ സംപൂൎണ്ണവും സുന്ദരവുമാക്കുവാൻ സാധിക്കുമെന്നുള്ളതു് നിശ്ചയംതന്നെ.

## നിവാതകവചകാലകേയവധം

<u>ഗ്രന്ഥകാരൻ.</u> ഭക്തനും പണ്ഡിതനും സഹൃദയനുമായ കോട്ടയത്തു തമ്പുരാനാകുന്നു പ്രസ്തുത കൃതിയുടെ കൎത്താവു്. ഇദ്ദേഹം കൊല്ലവൎഷം 850-നും 900-നും മദ്ധ്യേ ജീവിച്ചിരുന്നു. ഈ മഹാൻ വാത്മീകിരാമായണത്തിന്റെ പരിഭാഷകനും പ്രസിദ്ധ യോദ്ധാവുമായിരുന്ന കേരളവൎമ്മരാജാവിന്റെ സഹോദരനാകുന്നു.

കഥകളിയുടെ വളർച്ചയിൽ ഇദ്ദേഹം എത്രമാത്രം പ്രവൎത്തിച്ചിട്ടുണ്ടെന്നു് ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. മഹാഭാരതം ആരണ്യപൎവ്വത്തിലെ കഥകളെ ആസ്പദമാക്കി ബകവധം, കല്യാണസൗഗന്ധികം, കൎമ്മീരവധം, നിവാതകവചകാലകേയവധം എന്നീ നാലാട്ടക്കഥകൾ തമ്പുരാൻ രചിച്ചി

ട്ടുണ്ട്: ഇവ നാലും ഒരുപോലെ നടനക്ഷമങ്ങളും ആസ്വാദ്യങ്ങളുമാകുന്നു. ഈ കൃതികളാണു് പിൽക്കാലത്തെ കഥകളിക്കു ആദർശമായിതീൎന്നതു്. ആട്ടക്കഥാകാരന്മാരിൽ ഉണ്ണായിയെ ഒഴിച്ചാൽ പ്രഥമസ്ഥാനത്തിനു് അർഹൻ തമ്പുരാൻ തന്നെയാകുന്നു.

മുൻചൊന്ന നാലു കൃതികളിലും ശ്രേഷ്ഠമായിട്ടുള്ളതു കാലകേയവധമെന്നാണു തോന്നുന്നതു്. ഇതു് തമ്പുരാൻെറ നാലാമത്തെ കൃതിയാണെന്നാണു് ഐതിഹ്യം. അദ്ദേഹം ബകവധമെഴുതി ഗുരുവിനെ കാണിച്ചപ്പോൾ "ഇതു സ്ത്രീകൾക്കു തിരുവാതിരകളിക്കു പാടാൻകൊള്ളാ"മെന്നും പിന്നീടു് കിൎമ്മീരവധമെഴുതിക്കാണിച്ചപ്പോൾ "ഒരു വ്യാഖ്യാനംകൂടി വേണ"മെന്നും കല്യാണസൌഗന്ധികം "ഒരു സ്ത്രീജിതനായ കവി രചിച്ചതാണെന്നു തോന്നു"മെന്നും പറഞ്ഞതിനുശേഷം കാലകേയവധം രചിച്ചു. അതു കണ്ടപ്പോൾ ഇതാടിക്കാണാൻകൊള്ളാമെന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു്.

ഐതിഹ്യം മാത്രമല്ല മറ്റു മൂന്നു സഹോദരകൃതികളെ അപേക്ഷിച്ചു കാലകേയവധത്തിനു മേന്മയുണ്ടെന്നുള്ളതു് വസ്തുതവുമാകുന്നു.

<u>പ്രകൃതഗ്രന്ഥം.</u> പ്രസ്തുതകൃതിക്കു നിവാതകവചകാലകേയവധം, നിവാതകവചവധം, കാലകേയവധം എന്നു മൂന്നു പേരുകൾ പറഞ്ഞുവരുന്നുണ്ടു്. നിവാതകവചൻ, കാലകേയൻ എന്ന രണ്ടസുരന്മാരുടെ വധമാണു് ഇതിലെ പ്രതിപാദ്യം, അതുകൊണ്ടാകുന്നു ഗ്രന്ഥത്തിനു നിവാതകവചകാലകേയവധമെന്നു പേരിട്ടിരിക്കുന്നതു്. എന്നാൽ പ്രസിദ്ധീകൃതങ്ങളായ മിക്ക ഗ്രന്ഥങ്ങളിലും കാലകേയവധം പൂൎണ്ണമായിട്ടില്ല. അതുകൊണ്ടായിരിക്കാം നിവാതകവചമെന്നു മാത്രം പറയുന്നതെന്നു വിചാരിക്കുന്നു. എന്നാൽ കാലകേയവധമെന്ന പേരിനാണു് കൂടുതൽ പ്രചാരം.

മഹാകവി ഉള്ളൂർ എസ്, പരമേശ്വരയ്യരവർകൾ ഗ്രന്ഥത്തിൻെറ അപൂർണ്ണതയെ പരിഹരിച്ചതായിട്ടറിയുന്നു.

തമ്പുരാൻെറ കൃതികളിൽ കാണുന്ന യമകാദിശബ്ദാലങ്കാരങ്ങൾ കാലകേയവധത്തിലും ധാരാളം കാണുന്നുണ്ട്. അപ്രസ്തുതപ്രശംസ, സമാസോക്തി, നിദർശന മുതലായ അർത്ഥാലങ്കാരങ്ങളും സമഞ്ജസമായി പ്രയോഗിച്ചിട്ടുള്ളതിനു പുറമേ പ്രാചീനകൃതികളിലെ ആശയങ്ങളെ അവിടവിടെ പുതുക്കി പ്രയോഗിച്ചിട്ടുണ്ട്. പൊതുവെ ഗ്രന്ഥത്തിലെ ഭാഷ അക്ലിഷ്ടസുന്ദരമായ മണിപ്രവാളമാകുന്നു.

കഥാസംഗ്രഹം, മഹാഭാരതം ആരണ്യപർവ്വമാണ പ്രസ്തുതകൃതിയുടെ മൂലം. പാണ്ഡവരുടെ വനവാസകാലത്തിൽ അർജ്ജുനൻ ശിവനെ തപസ്സുചെയ്തു പാശുപതം സമ്പാദിക്കുന്നു. അതുമുതൽ കാലകേയവധാന്തമായ ഭാഗമാണ് ആട്ടക്കഥയ്ക്കു വിഷയമായിട്ടുള്ളത്.

രംഗങ്ങളും കഥാസംക്ഷേപവും താഴെ കുറിക്കുന്നു.

രംഗം 1. (ദേവലോകം) ഇന്ദ്രനും മാതലിയും.

ഇന്ദ്രൻ അർജ്ജുനനു പാശുപതാസ്ത്രം കിട്ടിയതറിഞ്ഞ ഉടനെ മാതലിയോട്ട് അർജ്ജുനനെ കൊണ്ടുവരുവാൻ ആജ്ഞാപിക്കുന്നു.

രംഗം 2. (തപോവനം) മാതലിയും അർജ്ജുനനും.

മാതലി ഇന്ദ്രനിയോഗത്തെ അർജ്ജുനനോടറിയിക്കുന്നു.

രംഗം 3 (ദേവലോകം. ഇന്ദ്രസഭ) ഇന്ദ്രൻ, അർജ്ജുന ജയന്തൻ മുതലായവർ.

മാതലിയോടുകൂടി സ്വർഗ്ഗലോകത്തിൽചെന്ന അർജ്ജുനൻ ഇന്ദ്രനെകണ്ടു വന്ദിക്കുന്നു. ദേവേന്ദ്രൻ പുത്ര... ച്ച് കുശലപ്രശ്നം ചെയ്യുന്നു.

രംഗം 4. (ദേവലോകം, വൈജയന്തപ്രസാദം) വിജയൻ, ജയന്തൻ. ഇന്ദ്രാണി

ജയന്തനോടുകൂടി അർജ്ജുനൻ ഇന്ദ്രാണിയെ ചെന്നുകണ്ടു വന്ദിക്കുന്നു. ഇന്ദ്രാണി കുശലാന്വേഷണം ചെയ്യുന്നു.

രംഗം 5. (ദേവലോകം) അർജ്ജുനനും, വജ്രകേതുവും, വജ്രബാഹുവും.

അർജ്ജുനൻ വൈജയന്തത്തിൽനിന്നിറങ്ങി സ്വർഗ്ഗലോകസൗന്ദര്യം കണ്ടാനന്ദിച്ചുകൊണ്ടുനടക്കവേ, വജ്രകേതു എന്നുപേരായ ഒരസുരൻ ഉർവ്വശി മുതലായ സ്വർഗ്ഗസ്ത്രീകളെ അപഹരിച്ചതായറിഞ്ഞു് അവന്റെ സമീപത്തിൽ ചെല്ലുന്നതും യുദ്ധവും. വജ്രകേതുവിനെയും വജ്രബാഹുവിനെയും നിഗ്രഹിച്ചു സ്വർഗ്ഗസ്ത്രീകളെ വീണ്ടെടുക്കുന്നു.

രംഗം 6. ഉർവശിയും സഖിയും.

അർജ്ജുനനെക്കണ്ടു മതിമയങ്ങിയ ഉർവശി തന്റെ പാരവശ്യത്തെ സഖിയോടറിയിക്കുന്നു. സഖി കാര്യസാദ്ധ്യത്തിനുള്ള മാർഗ്ഗം ഉപദേശിക്കുന്നു,

രംഗം 7. ഉർവശിയും അർജ്ജുനനും.

കാമപീഡിതയായ ഉർവ്വശി സ്വസഖിയുടെ ഉപദേശം അനുസരിച്ചു് അർജ്ജുനസവിധത്തിൽ ചെല്ലുന്നു. തന്റെ അഭിലാഷത്തെ അർജ്ജുനന്റെ മുമ്പിൽ തുറന്നുപ്രസ്താവിക്കുന്നു. ധീരോദാത്തനായ അർജ്ജുനനാകട്ടെ തന്റെ മാതൃസ്ഥാനത്തിനു് അർഹയായ അവളെ തിരസ്കരിക്കുന്നു. നൈരാശ്യത്തോടെ ഉർവ്വശി "നീ നപുംസകമായിപ്പോകട്ടെ" എന്നു് അർജ്ജുനനെ ശപിക്കുന്നു.

രംഗം 8. അർജ്ജുനൻ,

ശാപഗ്രസ്തനായ അർജ്ജുനന്റെ വിലാപം,

രംഗം 9. ഇന്ദ്രനും അർജ്ജുനനും.

ഇന്ദ്രൻ ദുഃഖിതനായ അർജ്ജുനനെ ആശ്വസിപ്പിക്കുന്നു. അജ്ഞാതവാസകാലത്തിൽ ഈ ശാപം അർജ്ജുനന് ഉപകാരമായി ഭവിക്കുമെന്നും അതിനുശേഷം നിൻെറ ക്ലീബത്വം മാറുമെന്നും പറയുന്നു.

(ഈ സംഭവങ്ങൾ ധർമ്മപുത്രരെ അറിയിക്കുവാൻ രോമശമഹർഷിയെ അയച്ചിട്ട് അർജ്ജുനനെ സ്വർഗ്ഗത്തിൽ താമസിപ്പിച്ച് ആയുധവിദ്യകൾ പഠിപ്പിച്ചു.)

രംഗം 10. ഇന്ദ്രനും അർജ്ജുനനും.

ആയുധാഭ്യാസം അവസാനിച്ചഉടനെ നിവാതകവചാദികളായ അസുരന്മാരെ നിഗ്രഹിപ്പാൻ ഇന്ദ്രൻ അർജ്ജുനനോടാവശ്യപ്പെടുന്നു.

രംഗം 11. (സമുദ്രതീരം) അർജ്ജുനൻ, നിവാതകവചാദികൾ,

അർജ്ജുനൻ നിവാതകവചൻെറ വാസസ്ഥാനമായ സമുദ്രത്തിൻെറ തീരത്തിൽചെന്ന് അവനെ യുദ്ധത്തിനു വിളിക്കുന്നു. യുദ്ധം—നിവാതകവചവധം,

രംഗം 12. (കാലകേയസഭ) കാലകേയനും അസുരന്മാരും.

അർജ്ജുനൻ നിവാതകവചനെ നിഗ്രഹിച്ച വൃത്താന്തം ദൈത്യന്മാർ കാലകേയനെ അറിയിക്കുന്നു. അവരുടെ അപേക്ഷപ്രകാരം അവൻ അർജ്ജുനനോടു യുദ്ധത്തിനു പുറപ്പെടുന്നു.

രംഗം 13. (മാർഗ്ഗമദ്ധ്യം) കാലകേയനും അർജ്ജുനനും,

നിവാതകവചവധം കഴിഞ്ഞു മടങ്ങിപ്പോകുന്ന അർജ്ജുനനെ കാലകേയൻ മാർഗ്ഗമദ്ധ്യത്തിൽവച്ചു തടുക്കുന്നു. കാലകേയനും അർജ്ജുനനും യുദ്ധം ചെയ്യുന്നു കാലകേയൻ മോഹനാസ്ത്രംകൊണ്ടു് അർജ്ജുനനെ മയക്കുന്നു.

രംഗം 14. അർജ്ജുനനും നന്ദികേശ്വരനും.

(അർജ്ജുനൻെറ മോഹവൃത്താന്തം അറിഞ്ഞു പരമശിവൻ തൻെറകിങ്കരനായ നന്ദിയെ അർജ്ജുനസമീപത്തിൽ

അയച്ചു. നന്ദികേശ്വരൻ അർജ്ജുനനെ സ്വഹസ്തംകൊണ്ടു തടവി മോഹാലസ്യത്തിൽനിന്നും ഉണൎത്തുന്നു.) അർജ്ജുനനും നന്ദികേശ്വരനും തമ്മിലുള്ള സംഭാഷണം.

രംഗം 15. അർജ്ജുനൻ, നന്ദികേശ്വരൻ, കാലകേയൻ,

നന്ദികേശ്വരസമേതനായി അർജ്ജുനൻ കാലകേയനോടടുക്കുന്നു. അവർതമ്മിലുള്ള പോർവിളി. (കാലകേയവധം)

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥം ഇവരുടെ യുദ്ധത്തിനുള്ള വിളികളോടുകൂടി അവസാനിക്കുന്നു.

പ്രസ്തുത ഗ്രന്ഥത്തിലെ നായകൻ അർജ്ജുനനാകുന്നു. സ്ഥായി, രസം, വീരം, ശൃംഗാരാഭാസാദികൾ അതിനു പരിപോഷകമായി നില്ക്കുന്നു. പാത്രസൃഷ്ടിയിൽ തമ്പുരാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. നായകനായ അർജ്ജുനനെ ധീരോദാത്തനായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതു്. സാധാരണ ആട്ടക്കഥാകൃത്തുകൾ പാത്രരചനയിൽ നിഷ്കൎഷിക്കുക പതിവില്ല. അർജ്ജുനന്റെ സ്വഭാവം ഉൎവ്വശിയെ തിരസ്കരിക്കുന്നതിലും നിവാതകവചനുമായുള്ള സംഭാഷണത്തിലും വ്യക്തമായിട്ടുണ്ടു്. (നിവാതകവചനുമായിട്ടുള്ള സംഭാഷണത്തിന്റെ വ്യാഖ്യാനം നോക്കുക.)

രംഗവിധാനത്തിലുള്ള ഔചിത്യം, പാത്രസൃഷ്ടിയിലുള്ള നിഷ്കൎഷ, സൎവ്വോപരി നടനക്ഷമത്വം മുതലായ ഗുണങ്ങൾകൊണ്ടു് ആട്ടക്കഥകളുടെ കൂട്ടത്തിൽ നിവാതകവചകാലകേയവധത്തിനു് ഉന്നതമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു നിശ്ചയംതന്നെ.

| | |
|---|---|
| പൗരസ്ത്യകലാലയം,<br>പട്ടാമ്പി.<br>3—12—113. | വൈയ്യാകരണമഹോപാദ്ധ്യായൻ,<br>കെ. വാസുദേവൻനായർ. |

# നിവാതകവച
# കാലകേയവധം
# ആട്ടക്കഥ.

ശ്ലോകം 1. സുരുട്ടി—ചെമ്പ.

ലബ്ധാസ്ത്രമീശാദ്വിജയം വിദിത്വാ
വൃദ്ധശ്രവാസ്തസ്യ ദിദൃക്ഷയാऽസൌ
അദ്ധാ തമാനേതുമഭീപ്സമാനോ
ബദ്ധാഞ്ജലിം മാതലിമേവമൂചേ.

പദം 1. പല്ലവി. (ഇന്ദ്രൻ)

മാതലേ! നിശമയ മാമകവചനം

അനുപല്ലവി.

പാർത്ഥനീശനോടാശു പാശുപതാസ്ത്രം
പരിചോടെ ലഭിച്ചു പാർത്ഥൻ വാണിടുന്നപോൽ

---

ശ്ലോകം 1: അസൌ വൃദ്ധശ്രവാ—ഈ വൃദ്ധശ്രവസ് (ഈ ദേവേന്ദ്രൻ) വിജയം ഈശാത് ലബ്ധാസ്ത്രം വിദിത്വാ—വിജയനെ ഈശനിൽനിന്നു് ലബ്ധാസ്ത്രനായി വേദിച്ചിട്ടു് (അർജ്ജുനനു് ശിവനിൽനിന്നു അസ്ത്രം ലഭിച്ചതായി അറിഞ്ഞിട്ടു്). അദ്ധാ – പെട്ടെന്നു്. തസ്യദിദൃക്ഷയാ—അവന്റെ ദിദൃക്ഷ (ദർശിപ്പാനുള്ള ഇച്ഛ) ഹേതുവായിട്ടു് (അവനെ കാണ്മാൻ ആഗ്രഹിച്ചിട്ടു്) തമാനേതും—അവനെ (അർജ്ജുനനെ) ആനയിപ്പാൻ (കൊണ്ടുവരുവാൻ). അഭീപ്സമാനഃ—അഭീപ്സമാനനായി (ആഗ്രഹിച്ചിട്ടു്) ബദ്ധാഞ്ജലിം—ബദ്ധമായ അഞ്ജലിയോടുകൂടിയ (കൈകൂപ്പിനില്ക്കുന്ന) മാതലിം—മാതലിയോടു്. ഏവം ഊചേ—ഇപ്രകാരം പറഞ്ഞു.

വൃത്തം—ഇന്ദ്രവജ്ര. കേളിന്ദ്രവജ്രക്കു തതംജഗംഗം.

ചരണം 1.

ധന്യശീലനായീട്ടും മന്നവനതിധീരൻ
എന്നുടെ സുതനെന്നു നന്നായി ധരിച്ചാലും!
ഇത്ര ശൌൎയ്യവാനായിട്ടിത്രിഭുവനത്തിങ്കൽ
കുത്രാപി നഹികശ്ചിൽ ഒത്തുകാണുന്നനേരം.
(മാതലേ)

ചരണം 2.

വെണ്മതികുലരത്നമായിട്ടുമവൻതന്നെ
കാണ്മാനേററവുമുള്ളിൽ കാംക്ഷ വളൎന്നീടുന്നു;
വലുതായസുരകാൎയ്യം പലതുമുണ്ടിഹ പാൎത്ഥ-
ബലവീൎയ്യേണ സാധിപ്പാനലസനല്ലവനൊട്ടും (മാ)

ചരണം 3.

കുണ്ഠതവെടിഞ്ഞു നീ പാണ്ഡവൻതന്നെയിങ്ങു-
കൊണ്ടുപോന്നീടുവതിന്നുണ്ടാകൊല്ലാ താമസം.
മാതലി-ഭവദീയനിയോഗാൽ ഞാനവതീൎയ്യ ഭുവിപാൎത്ഥ-
സവിധേ ചെന്നുചൊല്ലീടാം തവ വാഞ്ഛിതങ്ങ
ളെല്ലാം;
വിടകൊള്ളാമടിയനും വിജയസമീപേ.

---

പദം 1. നിശമയ—കേട്ടാലും. മാമകവചനം—മാമകമായ (എൻേറതു്). വചനം—എൻെറ വാക്കു്. പാൎവ്വതീശൻ—പരമശിവൻ. ചരണം 1. ധന്യശീലൻ—ധന്യമായ (ശ്രേഷ്ഠമായ) സ്വഭാവത്തോടുകൂടിയവൻ. കുത്രാപി—കുത്ര+അപി—ഒരിടത്തും. കശ്ചിത്നഹി—ഒരുവനും ഇല്ല. ചരണം 2. വെണ്മതികുലരത്നം—വെണ്മതികുലത്തിൽ (ചന്ദ്രവംശത്തിൽ) രത്നം—ഉത്തമൻ. കാംക്ഷ—ആഗ്രഹം. സുരകാൎയ്യം—ദേവന്മാരുടെ കാൎയ്യം. ചരണം 3. കുണ്ഠത -ആലസ്യം. ഭവദീയനിയോഗം - ഭവദീയമായ (അങ്ങയുടെ) നിയോഗം. ഭുവി അവതീൎയ്യ—ഭൂമിയിൽ അവതരിച്ചു് (ഇറങ്ങിയിട്ടു്). പാൎത്ഥസവിധേ—അൎജ്ജുനന്റെ സമീപത്തിൽ. തവ വാഞ്ഛിതങ്ങളെ—അങ്ങയുടെ ആഗ്രഹങ്ങളെ.

ശ്ലോകം 2.

ഭർത്തുസ്തദാജ്ഞാം പരിഗൃഹ്യമൂർദ്ധ്നാ
ധനഞ്ജയം പ്രാപ സുരേന്ദ്രസൂതഃ
സ്വസ്വാമിഭക്തിർഹി ജനസ്യ ലോകേ
സമസ്തസമ്പദ്വിജയാപ്തിഹേതുഃ

---

ശ്ലോകം 2. സുരേന്ദ്രസൂതൻ—സുരേന്ദ്രൻെറ (ദേവേന്ദ്രൻെറ) സൂതൻ—തേരാളി. മാതലിം ഭർത്തുഃ—ഭർത്താവിന്റെ (തൻെറ സ്വാമിയായ ഇന്ദ്രൻെറ). തദാജ്ഞാം—ആ ആജ്ഞയെ (അർജ്ജുനനെ കൊണ്ടുവരണം എന്ന കല്പനയെ). മൂർദ്ധ്നാ പരിഗൃഹ്യ—മൂർദ്ധാവുകൊണ്ടു പരിഗ്രഹിച്ചിട്ട് (ശിരസിൽ വഹിച്ചുകൊണ്ട്) ധനഞ്ജയം പ്രാപ—ധനഞ്ജയനെ പ്രാപിച്ചു (അർജ്ജുനസമീപം ചെന്നു(ധനത്തെയും ജയത്തെയും പ്രാപിച്ചു എന്നും). ജനസ്യ—ജനത്തിനു് (മനുഷ്യനു്). സ്വസ്വാമിഭക്തി—തന്റെ സ്വാമിയോടുള്ള ഭക്തി. സമസ്തസമ്പദ്വിജയാപ്തിഹേതുഹി—സമസ്ത (എല്ലാ) (സമ്പത്തിൻേറയും വിജയത്തിൻേറയും ആപ്തിക്കു് (ലാഭത്തിനു്) ഹേതു (കാരണം) ആകുന്നുവല്ലോ.

ഇവിടെ സ്വാമിഭക്തനായ മാതലിയുടെ ധനഞ്ജയപ്രാപ്തി ഉചിതംതന്നെയെന്ന വിശേഷത്തെ സ്വാമിഭക്തി മനുഷ്യൻെറ സമ്പദ്വിജയഹേതുവാകുന്നു എന്ന സാമാന്യംകൊണ്ടു് സമർത്ഥിച്ചിരിക്കുന്നതിനാൽ അർത്ഥാന്തരന്യാസാലങ്കാരം. ധനഞ്ജയംപ്രാപ എന്ന പ്രകൃതിവിശേഷത്തെ സമ്പദ്വിജയഹേതു എന്ന സാമാന്യംകൊണ്ടാണു് സമർത്ഥിക്കുന്നതു്. ധനഞ്ജയപദത്തിലെ ശ്ലേഷം ഇതിനു സഹായമായി നില്ക്കുന്നു.

സാമാന്യംതാൻ വിശേഷംതാനിവയിൽ പ്രസ്തുതത്തിനു്
അർത്ഥാന്തരന്യാസമാകും അന്യംകൊണ്ടു സമർത്ഥനം
എന്നു ലക്ഷണം.

ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും കലന്നു ഉപജാതി.

കേളിന്ദ്രവജ്രക്കു തതംജഗംഗം
ഉപേന്ദ്രവജ്രക്കു ജതംജഗംഗം
അത്രേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്ര
കലൎന്നുവന്നാലുപജാതിയാകും: എന്നു ലക്ഷണം.

ശ്ലോകം 3. ശങ്കരാഭരണം—അടന്ത.

അമർത്ത്യവര്യസാരഥിർമ്മരുത്വതോക്തമാസ്ഥയാ
സമസ്തനീതിഭാജനം സമേത്യ സവ്യസാചിനം
തമാത്തശസ്തലസ്തകാദുദിത്വരാസ്ത്രസഞ്ചയൈ-
ര്നികൃത്തശത്രുമസ്തകം സ വക്തുമാദദേ വചഃ

ശ്ലോകം 3. സ അമർത്ത്യവര്യസാരഥിഃ—ആ അമർത്ത്യവര്യന്റെ (ദേവശ്രേഷ്ഠന്റെ) ഇന്ദ്രന്റെ സാരഥി—മാതലി, സമസ്തനീതിഭാജനം—എല്ലാ നീതികൾക്കും ഇരിപ്പിടവും. ആത്തശസ്തലസ്തകാൽ ഉദിത്വരാസ്ത്രസഞ്ചയൈ നികൃത്തശത്രുമസ്തകം—ആത്തമായ (എടുക്കപ്പെട്ട) ശസ്ത (പ്രശസ്ത)ലസ്തക (ധനുസ്സ്)ത്തിൽ നിന്നു്, ഉദിത്വരങ്ങളായ (പുറപ്പെടുന്ന) അസ്ത്രസഞ്ചയൈഃ (ശരനികരങ്ങളെക്കൊണ്ടു്) നികൃത്തങ്ങളായ (ഛേദിക്കപ്പെട്ട) ശത്രുമസ്തകങ്ങളോടുകൂടിയവനും — തന്റെ പ്രശസ്തധനുസ്സിൽനിന്നു ബാണങ്ങൾപൊഴിച്ചു് അരിശിരസ്സിനെ അരിയുന്നവനെന്നൎത്ഥം. സവ്യസാചിനം ഏത്യ—സവ്യസാചിയെ പ്രാപിച്ചു് (അൎജ്ജുനസമീപം ചെന്നു്) മരുത്വതാ—മരുത്വാനിനാൽ(ഇന്ദ്രനാൽ) ഉക്തം—പറയപ്പെട്ട. വച—വാക്കിനെ വക്തും—പറവാൻ. ആദദേ—എടുത്തു (പറവാൻ തുടങ്ങി) മാതലി അൎജ്ജുനസമീപത്തിൽനിന്നു ദേവേന്ദ്രവാക്യത്തെ പറയുവാൻ തുടങ്ങി എന്നു സാരം.

വലത്തുകൈകൊണ്ടെന്നപോലെ ഇടത്തുകൈകൊണ്ടും അസ്ത്രപ്രയോഗത്തിൽ അൎജ്ജുനനു് സാമൎത്ഥ്യമുള്ളതുകൊണ്ടു് സവ്യസാചി എന്നു പേർസിദ്ധിച്ചു.

വൃത്തം—പഞ്ചചാമരം "ലഘുഗുരുനിരന്തരം തദാത്ര പഞ്ചചാമരം".

അലങ്കാരം അനുപ്രാസം.

മാതലി അൎജ്ജുനന്റെ ഓരോ അപദാനങ്ങളെ കീൎത്തിക്കുന്നു.

പദം 2. പല്ലവി.

വിജയ! തേ ബാഹുവിക്രമം വിജയതേ.

അനുപല്ലവി.

പരമീശൻ തവ രണനൈപുണ്യം കണ്ടു
പരിതോഷമകതാരിൽ കലർന്നുടൻ ബത!
പരന്മാരാൽ സുദുർല്ലഭമായീടും പരമാസ്ത്രം
പരിചോടേ ലഭിച്ചതും പരമിഹ വിചാരിച്ചാൽ
(വിജയ!)

ചരണം 1.

കുരുനൃപകുമാരന്മാരൊക്കവേ പോരിൽ
മറുത്തുനില്ക്കരുതാഞ്ഞു വലഞ്ഞുടൻ നീയും,
കരുത്തുള്ള ദ്രുപദനെ പടുതരമോടു ബന്ധിച്ചു
ഗുരുഭൂതനു ദക്ഷിണ കുതുകമോടു ചെയ്തതും; (വി)

---

പദം 2. വിജയ!—അല്ലയോ അർജ്ജുന! തേ—നിൻെറ. ബാഹുവിക്രമം—ഭുജപരാക്രമം. വിജയതേ — ജയിക്കുന്നു. ഇവിടെ വിജയതെ വിജയതെ എന്നു അത്ഥഭേദമുള്ള അക്ഷരക്കൂട്ടത്തിൻെറ ആവൃത്തിയുള്ളതിനാൽ യമകം അലങ്കാരം. തവരണനൈപുണ്യം— നിൻെറ യുദ്ധസാമത്ഥ്യം. പരന്മാരാൽ സുദുർല്ലഭം —അന്യന്മാക്കു കിട്ടാൻ വിഷമമേറിയതു്. ഇതിൽ അർജ്ജുനൻെറ പാശുപതാസ്ത്രലാഭത്തെ സൂചിപ്പിക്കുന്നു.

ചരണം 1. കുരുനൃപകുമാരന്മാർ—കൗരവന്മാർ (ദുര്യോധനാദികൾ, കൗരവരുടെയും പാണ്ഡവരുടെയും ആയുധാഭ്യാസഗുരുവായ ദ്രോണർ, പാഞ്ചാലനെ പിടിച്ചുകെട്ടിക്കൊണ്ടുവരണമെന്നു നിർദ്ദേശിച്ചതനുസരിച്ചു പാഞ്ചാലനോടെതിരിട്ടു കൗരവക്കു് ജയിക്കാൻ സാധിക്കാതെവന്നപ്പോൾ അർജ്ജുനൻ അയാളെ ബന്ധനസ്ഥനാക്കി. ഗുരുദക്ഷിണ നിവ്വഹിച്ച കഥ ഇവിടെ സൂചിപ്പിക്കുന്നു.

ചരണം 2.

കരബലമിയലുന്ന നൃപന്മാരാലതി-
ദൂരാരോപമായുള്ള ധനുസ്സിങ്കൽ നല്ല
ശരമഞ്ചും തൊട്ടത്തെയ്തു മറിച്ചു ലാക്കിനെ ചാരു-
തരുണീമണിയെ പാണിഗ്രഹണം ചെയ്തോരുവീര; (വി)

ചരണം 3. അൎജ്ജുനൻ.

സലജ്ജോഹം തവ ചാടുവചനത്താലതി-
നലംഭാവം മനസി നീ വഹിച്ചാലും ഹന്ത!
ചിലരത്രേ ശ്രവിക്കുമ്പോൾ ഞെളിഞ്ഞീടുന്നവർഭുവി
ജളന്മാരെന്നതു നൂനം, ഖലമല്ല മഹാമതേ!

പല്ലവി-ചൊൽകെടോ നീയാരെന്നും ചൊൽകെടോ

ചരണം 4.

ചാരുദേശാഭാ തടവീടുന്ന വരം
ആരുടെ രഥം ഇതെന്നതും ഭവാൻ
അരുണനോ? കിമു വരുണനോ? മനസി
കരുണയോടിവിടെ വന്ന കാരണവും നീ (ചൊൽ)

---

ചരണം 2. ദൂരാരോപം — ആരോപിക്കാൻ വിഷമമുള്ള (വില്ലുകുലച്ചു ബാണം തൊടുക്കാൻ പ്രയാസമേറിയ) ലാക്ക്—ലക്ഷ്യം.

ഇതിൽ പാഞ്ചാലീസ്വയംവരംകഥ സൂചിപ്പിക്കുന്നു.

മാതലിയുടെ സ്തുതിവചനങ്ങളാൽ ലജ്ജിതനായ അൎജ്ജുനൻെറ മറുപടി.

ചരണം 3. അഹം—ഞാൻ. തവ ചാടുവചനത്താൽ —നിൻെറ പ്രശംസാവചനങ്ങളാൽ. സലജ്ജഃ—ലജ്ജിതനായിഭവിക്കുന്നു. അലംഭാവം—അലം (മതി)എന്നുള്ള ഭാവം. ചിലരത്രേ...ടുന്നു—സ്തുതിവചനങ്ങൾകേട്ട് ചിലർ അഹങ്കരിക്കുന്നു. ഞെളിഞ്ഞീടുന്നു + അവർ— ഞെളിഞ്ഞീടുന്നവർ എന്നു പദച്ഛേദം. ഖലഃ—കള്ളം.

ചരണം 5. (മാതലി)

ചന്ദ്രവംശമൌലിരത്നമേ! ഞാന-
മിന്ദ്രസൂതനെന്നറിഞ്ഞാലും ഹൃദി
സാന്ദ്രമോദമരുൾചെയ്കയാലിടെ
വന്നതെന്നു കരുതീടുക സാമ്പ്രതം. (വീജ)

ശ്ലോകം 4. ദേവലോകം

നഗരീ തരസാ രഥിനാ-
മപഹർത്രാ കീർത്തിമാശ്രുതരസാരഥിനാ യമകം
യുധി നാമ ന സാ ദരിണാ-
ലംഘ്യാ പ്രാപേfർജ്ജുനേന മനസാദരിണാ.

---

ചരണം 4. വരം, രഥം—ശ്രേഷ്ഠമായ തേർ. കിമു—അതോ (ചോദ്യസൂചകം). സാന്ദ്രമോദം—പരിപൂർണ്ണസന്തോഷത്തോടെ. സാമ്പ്രതം— ഇപ്പോൾ.

ശ്ലോകം 4. ഈ പദ്യത്തിലെ പദഘടനാവൈചിത്ര്യം കൊണ്ടു് പലവിധത്തിൽ പദച്ഛേദം ചെയ്തു വ്യാഖ്യാനിക്കാം. ഏററവും സുഗമമായ വ്യാഖ്യാനം താഴെ ചേക്കുന്നു.

യുധി. ദരിണാ. ന,ലംഘ്യാ, നാമ,സാ,നഗരീ.രഥിനാം, കീർത്തിം,തരസാ,അപഹർത്രാ, ആശ്രുതരസാരഥിനാ, അർജ്ജുനേന,ആദരിണാം,മനസാപ്രാപേ എന്നു് അന്വയം.

യുധി—യുദ്ധത്തിൽ. ദരിയാൽ—ഭീരുവായ യോദ്ധാവിനാൽ. നലംഘ്യാനാമ—ലംഘിക്ക(പ്രാപിക്ക)പ്പെടാവുന്നതല്ലെന്നു പ്രസിദ്ധമായ, ആ നഗരി—അമരാവതി

യുദ്ധത്തിൽ പിന്തിരിഞ്ഞോടുന്ന ഭീരുവിനു സ്വർഗ്ഗമില്ല. നിർഭയം പോരാടിമരിച്ചാൽ വീരസ്വർഗ്ഗം കിട്ടുമെന്നാണു സങ്കല്പം. അതുകൊണ്ടാണു ഭീരുക്കൾക്കു് പ്രാപ്യമല്ലാത്ത എന്നു അമരാവതിയെ വിശേഷിപ്പിച്ചിരിക്കുന്നതു്. രഥിനാംകീർത്തിംതരസാ അപഹർത്രാ—രഥികളുടെ (മഹാരഥന്മാരുടെ) കീർത്തിയെതരസ്സ്കൊണ്ടു് (ബലംകൊണ്ടു്) (ക്ഷണനേരത്തിനുള്ളിൽ) അപഹരിക്കുന്നവനും (സ്വഭുജബലംകൊണ്ടു്മഹാ

ശ്ലോകം 5. തോടി—അടന്ത.

സഭാം പ്രവിശ്യാഥ സഭാജിതോഽമരൈഃ
സ്വനാമ സങ്കീർത്ത്യ നനാമ വജ്രിണം
മുദാ തദാശ്ലേഷസുനിർവൃതോഽർജ്ജുനോ
ജഗാദ വാചം ജഗതാമധീശ്വരം.

---

രഥന്മാരെ തോല്പിച്ചു കീർത്തിനേടിയവനെന്നു താല്പര്യം) ആ ശുതരസാരഥിനാ—ആശുതരനായ (ശീഘ്രഗതിയായ) സാരഥിയോടുകൂടിയവനും (ബഹുവ്രീഹിസമാസം) വളരെ വേഗത്തിൽ തേർ തെളിക്കാൻ പ്രാഗത്ഭ്യമുള്ള മാതലിയോടുകൂടെ എന്നു ചുരുക്കം. അർജ്ജുനേന — അർജ്ജുനനാൽ. ആദരിണാമനസാ—ആദരവുള്ള മനസ്സോടെ. പ്രാപെ—പ്രാപിക്കപ്പെട്ടു. തരസ് ശബ്ദത്തിനു വേഗമെന്നും ബലമെന്നും അർത്ഥമുണ്ട്. രണ്ടായാലും അപഹത്രാ എന്നുള്ളടത്തന്വയിക്കുന്നു. യമകം ശബ്ദാലങ്കാരം.

ശ്ലോകം 5. അഥ...അനന്തരം. അർജ്ജുനഃ സഭാം പ്രവിശ്യ—അർജ്ജുനൻ സഭയിൽ പ്രവേശിച്ചിട്ടു്. അമരൈഃ സഭാജിതഃ—ദേവന്മാരാൽ സഭാജിതൻ (ബഹുമാനിക്കപ്പെട്ടവനായിട്ടു്) സ്വനാമ,സങ്കീർത്ത്യ—തന്റെ പേരുപറഞ്ഞു്. വജ്രിണം—വജ്രിയെ (ഇന്ദ്രനെ) നനാമ—നമിച്ചു (നമസ്കരിച്ചു) (ആദ്യം തന്റെ പേരുകൂടിപറഞ്ഞു് അഭിവാദനം ചെയ്യണമെന്നാണു് ആചാരം) ഉദാ—ദേവദത്തോടഹം അഭിവാദയെ—ദേവദത്തനെന്ന ഞാൻ അഭിവാദനംചെയ്യുന്നു. ഈ ആചാരം അനുസരിച്ചാണു് അർജ്ജുനൻ തന്റെ പേർ പറഞ്ഞുകൊണ്ടു് അച്ഛനെ വന്ദിച്ചതു്. തദാശ്ലേഷസുനിർവൃത്യ — അദ്ദേഹത്തിന്റെ ആശ്ലേഷത്താൽ (ആലിംഗനത്താൽ) സുനിർവൃതൻ (പരമസുഖി ആയിട്ടു്) ജഗതാം അധീശ്വരം—ജഗത്തുക്കളുടെഅധിപതിയായ ഇന്ദ്രനോടു്. മുദാ — സന്തോഷത്തോടെ. വാചം ജഗാദ—വാക്കിനെ പറഞ്ഞു. വംശസ്ഥം വൃത്തം. ജതങ്ങൾ വംശസ്ഥമതാംജരങ്ങളും.

പദം 3. പല്ലവി.

ജനക! തവ ദൎശനാലിന്നു മേ
ജനനം സഫലമായ്‌വന്നു.

അനുപല്ലവി.

കരുണാവാരിപൂരേണ ചെമ്മേ താത!
ഉരുതരമഭിഷേചനം മേ.
ഗുരുജനകാരുണ്യം സകല സാധകമെന്നു
ഗുണമുള്ള മഹാജനം പറഞ്ഞു-
കേൾപ്പുണ്ടു ഞാനും (ജന)

ചരണം 1.

കുടിലതയകതാരിൽ തടവീടും അരി-
പടലങ്ങളൊക്കവേയൊട്ടുക്കുവാനാ-
യടിമലർ തൊഴുതീടുമടിയനെ വിരവോടേ
പടുതയുണ്ടാവാനായനുഗ്രഹിച്ചീടണം. (ജന)

ശ്ലോകം 6. ശങ്കരാഭരണം—അടന്ത.

പാർശ്വവൎത്തിനമതീവ ജയന്തം
സേഷ്യമാശു കലയൻ വിജയന്തം
ആസനാൎദ്ധമധിരോപ്യ മുദാ തം
പ്രശ്രയാവനതമാഹ മഹേന്ദ്രഃ.

---

പദം 3. തവ ദൎശനാൽ— അങ്ങയുടെ ദൎശനം ഹേതുവായിട്ട് (അങ്ങയെ കണ്ടതുകൊണ്ട്) കരുണാവാരി പൂരണേ —കരുണയാകുന്ന വാരിയുടെ (ജലത്തിൻെറ) പൂരംകൊണ്ട്, കാരുണ്യധാരകൊണ്ട്. ഉരുതരം—ശ്രേഷ്ഠം. മേ—എനിക്ക് അഭിഷേചനം—അഭിഷേകം. ഗുരുജന...കേൾപ്പുണ്ടുഞാനും —ഗുരുജനങ്ങളുടെ കാരുണ്യംകൊണ്ട് കാൎയ്യം സിദ്ധിയുണ്ടാകുമെന്നു മഹാന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. കുടിലത— വക്രത്വം. അരിപടലങ്ങൾ—അരികളുടെ (ശത്രുക്കളുടെ)പടലങ്ങൾ (സമൂഹങ്ങൾ) പടുത— സാമൎത്ഥ്യം.

പദം 4. പല്ലവി.

തനയ! ധനഞ്ജയ! ജീവ ചിരകാലം
വിനയാദിഗ്ഗുണഗണനിലയ! നീ.

ചരണം 2.

സുനയശാലികളായ ധമ്മജാതികൾ
സുഖേന വസിക്കുന്നോ ജഗജ്
ജനനകാരണഭൂതനായിരിക്കുന്ന
ജനാർദ്ദനസേവ ചെയ്യുന്നീടുന്നോ? തവ
ജനയിയാകിയ കുന്തീദേവിയും
സ്വൈരമായ് വാണീടുന്നോ പാരിൽ?
ജനങ്ങളും പരിതാപമകന്നു
നിങ്ങളോടു ചേന്നിരിക്കുന്നോ? മമ. (തനയ)

---

ശ്ലോകം 6. മഹേന്ദ്രഃ—ഇന്ദ്രൻ. തം വിജയം—ആ വിജയനെ. ആസനാദ്ധം അധിരോപ്യ—ആസനാദ്ധത്തിൽ അധിരോപിച്ചിട്ടു് (കയററിയിട്ടു്) തന്റെ ഇരിപ്പിടത്തിൽ കൂടെയിരുത്തിയിട്ടു്. പാൎശ്വവൎത്തിനം—പാൎശ്വത്തിൽ (സമീപത്തിൽ) വൎത്തിക്കുന്ന (ഇരിക്കുന്ന). ജയന്തം — ജയന്തനെ. ആശു സേഷ്യം കലയൻ—പെട്ടെന്നു സേഷ്യനാക്കി (അസൂയയുള്ളവൻ) ചെയ്തിട്ടു്. പ്രശ്രയാവനതം—പ്രശ്രയം (വണക്കം) കൊണ്ടു് അവനതനായ (കുനിഞ്ഞിരിക്കുന്ന) അവനോടു്. ആഹ—പറഞ്ഞു. ഔരസപുത്രനായ തനിക്കുപോലും ദുർല്ലഭമായ സ്ഥാനം വിജയനു് കിട്ടിയല്ലോ എന്നു കണ്ടിട്ടാണു് ജയന്തനു് അസൂയ.

വൃത്തം സ്വാഗത. സ്വാഗതക്കു് രനഭം ഗുരു രണ്ടും.

പദം 4. ജീവ ചിരകാലം—വളരെക്കാലം ജീവിച്ചിരിക്കുക (ദീൎഘായുസ്സായി ഭവിക്കുക). വിനയാദിഗുണഗണനിലയ—വിനയം ആദിയായി, തുടങ്ങിയുള്ള, ഗുണഗണങ്ങൾക്കു നിലയം, ഇരിപ്പിടമായുള്ളവനേ (സംബോധന).

ചരണം. സുനയശാലികൾ—നല്ല നയമുള്ളവർ (സൽസ്വഭാവികൾ) ധമ്മജാതികൾ—യുധിഷ്ഠിരൻ തുടങ്ങിയവർ.

ശ്ലോകം 7.

കൃതാഭ്യനുജ്ഞോ ജനകേന മോദാൽ
കൃതാർത്ഥതാം പ്രാപ്യ പൃഥാതനൂജഃ
കരേ ഗൃഹീത്വാ സ തു വൈ ജയന്തം
സമാരുരോഹാപൃഥ വൈജയന്തം.

ശ്ലോകം 8. കാമോദരി—ചമ്പ.

പുലോമജാം പ്രാപ്യ വലാരിനന്ദനോ
ജഗ്രാഹ തസ്യാശ്ച രണൌകൃതാഞ്ജലി
സാ പ്രസ്നവൈരശ്രുവിമിശ്രിതൈർമ്മുദാ
സിഞ്ചന്ത്യപൃച്ഛൽ കുശലാദികാനമും.

---

ജഗജ്ജനനകാരണ......സേവ —ജഗത്തുക്കളുടെ (ലോകങ്ങളുടെ) ജനനത്തിന് (ഉല്പത്തിക്ക്) കാരണനായ, ജനാർദ്ദനന്റെ (വിഷ്ണുവിന്റെ) സേവ. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ശ്രീകൃഷ്ണനെ മുടക്കംവരാതെ സേവിക്കുന്നുണ്ടോ എന്നു സാരം. ജനാർദ്ദനസേവ എന്ന പദത്തിലെ ഒരു പദഭാഗമായ ജനാർദ്ദനപദത്തിൽ കാരണഭൂതനായിരിക്കുന്ന 'എന്ന' വിശേഷണം അന്വയിക്കാൻ വ്യാകരണനിയമം അനുവദിക്കാത്തതിനാൽ 'ച്യുതസംസ്കാരം' എന്ന ദോഷം. പ്രാചീനകൃതി എന്നുള്ള ബഹുമാനംവച്ച് ച്യുതസംസ്കാരദോഷം പറയാൻ മടിക്കുന്നു എങ്കിൽ ജഗജ് എന്നു തുടങ്ങി സേയവരെ ഒരു സമസ്തപദമെന്നു പറയണം. ഇടയ്ക്കുകാണുന്ന 'ആയിരിക്കുന്ന' എന്നതു് ഒരു പ്രത്യയം മാത്രമായി കണക്കാക്കിക്കൊള്ളണം.

അഥ—അതിനുശേഷം(കുശലപ്രശ്നത്തിനുശേഷം)കൃതാർത്ഥതാം പ്രാപ്യ—കൃതാർത്ഥതയെ പ്രിപിച്ചിട്ട് (ഇന്ദ്രാനുഗ്രഹത്താൽ സംതൃപ്തനായിട്ട്) ജനകേന—അച്ഛനാൽ (ഇന്ദ്രനാൽ) കൃതാഭ്യനുജ്ഞോ—കൃതമായ അഭ്യനുജ്ഞയോടുകൂടിയവൻ (അച്ഛന്റെ അനുവാദം അനുസരിച്ച് എന്നു് അർത്ഥം. മോദാത്—സന്തോഷത്തോടെ. ജയന്തം, കരം, ഗ്രഹീത്വാ—ജയന്തനെ കരത്തിൽ ഗ്രഹിച്ചിട്ട്, വൈജയന്തം—വൈജയന്തത്തെ

പദം 5. പല്ലവി. (ഇന്ദ്രാണി)

വിജയ! വിജയീഭവ, ചിരഞ്ജീവ,
നിശമയ മയോദിതമുദാരം.

അനുപല്ലവി.

സ്വാഗതം കിമയി തവ സുമതേ!
വീര! സ്വാനാമനായമം കിമുതേ? (വിജ)

---

(ഇന്ദ്രൻെറ പ്രസാദത്തിൽ). സമാരുരോഹ — സമാരോഹിച്ചു (കയറി)

വൃത്തം. ഉപജേന്ദ്രവജ്ര. യമകാലങ്കാരം.

ശ്ലോകം 8. വലാരിനന്ദന—വലാരിയുടെ (ഇന്ദ്രൻെറ) നന്ദനൻ (പുത്രൻ) കൃതാഞ്ജലി—കൃതമായ അഞ്ജലിയോടുകൂടിയവനായി (കൈകൂപ്പിക്കൊണ്ടു്) പുലോമജാം—ഇന്ദ്രാണിയെ. പ്രാപ്യ—പ്രാപിച്ചിട്ടു് (അടുത്തുചെന്നു) തസ്യാഃചരണൌ—അവളുടെ (ഇന്ദ്രാണിയുടെ) ചരണങ്ങളെ (കാലുകളെ) ജഗ്രാഹ—പിടിച്ചു. സാ—അവൾ. അശ്രുവിമിശ്രിതൈ—കണ്ണുനീരുകലൎന്ന. പ്രസ്നവൈ—പ്രസ്നവങ്ങൾകൊണ്ടു്, അമും—ഇവനെ (അൎജ്ജുനനെ) സിഞ്ചന്തി—സേവിക്കുന്നവൾ ആയിട്ടു് (നിനച്ചുകൊണ്ടു്) കുശലാദികാൻ—കുശലാദികളെ. അപൃച്ഛൻ—പൃച്ഛിച്ചു (ചോദിച്ചു) കുശലപ്രശ്നം ചെയ്തു.

വൃത്തം ഉപജാതി.

പദം 5. വിജയീഭവ—വിജയിയായി ഭവിച്ചാലും. (ജയിച്ചാലും) ചിരംജീവ—ചിരകാലം ജീവിച്ചാലും. ഉദാരം —ഉദാരമാകുംവണ്ണം. മയാഉദിതം—എന്നാൽ പറയപ്പെട്ടതു് (എൻെറവാക്കു്). അയിസുമതേ,തതസ്വാഗതം,കിം — അല്ലയോ സദ്ബുദ്ധേ നിനക്കു സ്വാഗതമല്ലേ (നൽവരവല്ലേ—സുഖമല്ലേ) വീര,തേ.സ്വാനാം,അനാമയം കിമു—ഹേ വീര, നിൻെറ സ്വജനങ്ങൾക്കു് അനാമയം (ക്ഷേമം) അല്ലേ. സ്വശബ്ദത്തിനു് ഇവിടെ ആത്മീയന്മാരെന്നും ബന്ധുക്കളെന്നും

ചരണം 1.

കുശലിനീ കിമു ശൂരതനയാ വീര!
കുശലവോപമശ്ശൂരതനയ!
നിന്നുടെ കീർത്തിയാലിന്നു നൂനം
നിഹ്നുതകളങ്കനായിന്ദു. (വിജ)

ചരണം 2. (അർജ്ജുനൻ)

വിജയനഹമിതാ കൈതൊഴുതേൻ ദേവീ
വിരവിനൊടു വിബുധജനമാന്യേ!
ജനനി! തവപദയുഗളമെന്യേ മററു
ജഗതി നഹി ശരണമിതി മന്യേ.

---

അർത്ഥം. "സ്വോദ്യോഭാതാവാത്മനിസ്വ പന്ത്രി ഷ്ഠാത്മീയെ സ്വോസ്ത്രീയാം ധനേ"—ക്ഷത്രിയനോടു കുശലപ്രശ്നം ചെയ്യുമ്പോൾ 'അനാമയശബ്ദം' പ്രയോഗിക്കണം. 'ബ്രാഹ്മണം കുശലംപൃച്ഛേത് ക്ഷത്രബന്ധുമനാമയം'.

ചരണം 1. ശൂരതനയ,കുശലിനീകിമു—ശൂരതനയ, കുശലിനിയല്ലേ, ശൂരതനയ—ശൂരന്മാരായ തനയന്മാരോടുകൂടിയവൾ—കുന്തീദേവി. ശൂരന്റെ തനയ എന്നും വ്യാഖ്യാനിക്കാം. ശൂരസേനൻ എന്നതിന്റെ ഏകദേശമായ ശൂരശബ്ദം കുന്തീപിതാവിനെ കുറിക്കുന്നു. കുശലഃവോപമ—കുശനും ലവനും, (ശ്രീരാമപുത്രന്മാർ) തുല്യനായ. നിഹ്നുതകളങ്കൻ—നിഹ്നുതമായ (മറക്കപ്പെട്ട) കളങ്കത്തോടുകൂടിയവൻ. അർജ്ജുനന്റെ കീർത്തി പൊന്ന് അതിന്റെ വെണ്മകൊണ്ടു് ചന്ദ്രന്റെ കളങ്കംപോലും വെളുത്തുപോയെന്നു താല്പര്യം, ചരണം 2. വിജയനഹം—അർജ്ജുനനായ ഞാൻ. അഭിവാദനം ചെയ്യുമ്പോൾ സ്വനാമം മുമ്പേ ഉപയോഗിക്കണം എന്നു ആചാരം. "സ്വനാമസങ്കീർത്യനനാമവജ്ഞിണം" എന്നതുനോക്കുക. വിബുധജനമാന്യേ—വിബുധജനങ്ങളാൽ (ദേവന്മാരാൽ) മാനിക്കപ്പെട്ടനവളേ! ജനനി—അമ്മ.

ചരണം 3.

അനുകമ്പയാശു മാം ധന്യേ! ദേവി!
അപനീതദാസജനദൈന്യേ!
സുകൃതികളിൽ മുൻപനായ് വന്നോൻ ദേവി
സുജനപരിഗീതസൌജന്യേ!

ചരണം 4. (ഇന്ദ്രാണി)

വനമതിൽ വസിപ്പതിന്നു യോഗം വീര!
വന്നതിതു വിധിദുർവ്വിപാകം
മല്ലരിപു കാരുണ്യയോഗാൽ വീര!
നല്ലതു ഭവിക്കുമിനി വേഗാൽ (വിജ)

ദണ്ഡകം 1.

ഇന്ദ്രാണിയെത്തൊഴുതു ചന്ദ്രാന്വയാഭരണൻ
മന്ദം നടന്നഥ തുടങ്ങീ—ഖേദവുമടങ്ങി-
മുദമപി ഹൃദി തിങ്ങീ
തദനു ശചിയുടെ നയനമനുഗമനമതുചെയ്തു
പുനരലസമിവ ബത! മടങ്ങീ.

---

ജഗതിതവപദയുഗളംഎന്യേ മററു ശരണംനഹി ഇതിമന്യേ —ലോകത്തിൽ നിൻെറ കാലിണയല്ലാതെ മററു ശരണമില്ലെന്നു ഞാൻ വിചാരിക്കുന്നു. ചരണം 3. ധന്യേ! ദേവി! മാം ആശു അനുകമ്പയ—എന്നോടു വേഗം അനുകമ്പ കാണിക്കണമേ. അപനീതദാസജനദൈന്യേ! — അപനീതമായ (മാററപ്പെട്ട) ദാസജനദൈന്യത്തോടുകൂടിയവൾ – ആശ്രിതന്മാരുടെ ദുഃഖം അകററുന്നവളേ! (സംബോധന) സുജനപരിഗീതസൌജന്യ—സുജനങ്ങളാൽ പരിഗീതമായ (ഗാനം ചെയ്യപ്പെട്ട) കീർത്തിക്കപ്പെട്ട സൌജന്യത്തോടുകൂടിയവളേ! ചരണം 4. വിധിദുർവിപാകം—ഭാഗ്യദോഷം.

ദണ്ഡകം. ചന്ദ്രാന്വയാഭരണൻ — ചന്ദ്രാന്വയത്തിന് (ചന്ദ്രവംശത്തിന്) ആഭരണമായിട്ടുള്ളവൻ (അർജ്ജുനൻ)

ദണ്ഡകം 2.

ശൃംഗാദസൌ വിപുലഹർമ്മ്യാദിറങ്ങി പല
ശൃംഗാടകേ ഖല്വവിളങ്ങി—വിജയനുടെ ഭംഗി
വിരവിനൊടു പൊങ്ങി
അഖില സുരയുവതിജനം മദനശരവിവശത-
യൊടതികുതുകവാരിധിയിൽ മുങ്ങി.

ദണ്ഡകം 3.

അംഗീകരിച്ചു ചിലർ—സംഗീതരീതി ചിലർ
ശൃംഗാരചേഷ്ടകൾ തുടങ്ങി
ചിലർ മതിമയങ്ങി—ചിലർ തല വണങ്ങി,
അതുപൊഴുതു വിജയനുടെ രൂപഗുണമാലോക്യ,
കുഹചിദപി സുമശരനൊതുങ്ങി.

ദണ്ഡകം 4.

ഉദ്യോഗമാൻ നിരവദ്യാംഗിമാർ ചിലർ സു-
രോദ്യാനസീമനി കടന്നു—കൗതുകമിയന്നു
കാമിനികളന്നു.
കുസുമനിരപരിചിനൊടിറുത്തു നിജകചമതി—
ലണിഞ്ഞു ബത! ശോഭ തടവുന്നു.

---

ഹൃദിമുത് അപിതിങ്ങി—ഹൃദയത്തിൽ സന്തോഷം വളന്നു. തദനു...മടങ്ങി—അർജ്ജുനൻ കണ്ണിൽനിന്നുമറയുന്നതുവരെ ഇന്ദ്രാണി അയാളെ നോക്കിക്കൊണ്ടിരുന്നു. അതിനുശേഷം അവളുടെ കണ്ണുകൾ നിരുത്സാഹമായി പിന്തിരിഞ്ഞു. അസൌ ശൃംഗാദ്, വിപുലഹർമ്മ്യാദ് ഇറങ്ങി—ഇവൻ ഉന്നതമായ വിപുല (വിശാല) ഹർമ്മ്യത്തിൽനിന്നു് (മാളികയിൽ നിന്നു്) ശൃംഗാടകേ—ചതുഷ്പഥത്തിൽ (നാൽകവലകളിൽ) അഖിലസുരയുവതിജനം...മുങ്ങി—എല്ലാ ദേവസ്ത്രീകളും കാമപാരവശ്യത്തോടുകൂടി കൌതുകസമുദ്രത്തിൽ മുങ്ങി.

ദണ്ഡകം 5.

പൂന്തേൻനുകന്ന സുരകാന്താജനങ്ങൾ നിജ-
കാന്തനഹോ ബത! മറന്നു —മന്ദതയുമന്നു-
ചിന്തയിലകന്നു-
ചിന്തുമൊരു ചന്തമൊടു ബന്ധുരതരാംഗികളു-
മാഹന്ത! നൃത്തം തുടർന്നു.

ശ്ലോകം 9. കാനക്കുറത്തി—പഞ്ചാരി.

വജ്രകേതുരിതിവിശ്രുതസ്തദനു വജ്രബാഹു-
സഹിതോ ജവാ-
ന്നിർജ്ജരാധിപരിപുർജ്ജഹാര പരമൂർവ്വ-
ശീമുഖസുരാംഗനാ: (x)
അർജ്ജുനോപി സമുപേത്യ വാഗ്ഭിരിതി തർജ്ജ-
യന്നമരസഞ്ചയൈർ.
ദുർജ്ജയൌ വരബലേന തൌ നൃരുണദ്ദുർജ്ജി-
തൈശ്ശിതശിലീമുഖൈഃ

---

ആലോക്യ — കണ്ടിട്ടു്. ക്വചിത് — ഒരിടത്തു്. സ്മര ശരൻഒതുങ്ങി—കാമദേവൻ ഒളിച്ചുപോയി. ഉദ്യോഗമാന്നു് —പ്രയത്നപൂർവ്വം—ഉത്സാഹം. നിരവദ്യാംഗിമാർ—നിര വദ്യങ്ങളായ (ദോഷരഹിതങ്ങളായ) അംഗങ്ങളോടുകൂടിയ വർ (സുന്ദരികൾ) സുരോദ്യാനസീമനി — സുരോദ്യാനത്തി ൻെറ(നന്ദനവനത്തിൻെറ) അതൃത്തിക്കുള്ളിൽ. നിജകചം— തങ്ങളുടെ മുടികെട്ടു്. സുരകാന്താജനങ്ങൾ നിജകാന്താൻമറ ന്നു—ദേവസ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെപ്പോലും മറന്നു.

ശ്ലോകം 9. തദനു—അനന്തരം. വജ്രകേതു + ഇതി — വജ്രകേതു എന്നും വിശ്രുത—വിശ്രുതനായ (പ്രസിദ്ധനായ) നിർജ്ജരാധിപരിപു—നിർജ്ജരന്മാരുടെ (ദേവന്മാരുടെ) അധി പൻെറ രിപു—ഇന്ദ്രൻെറ ശത്രു (അസുരൻ) വജ്രബാഹുസ ഹിത:—വജ്രബാഹുവോടു സഹിതനായി (തൻെറ അനുജ നായ വജ്രബാഹുവിനോടുകൂടെ) ജവാൽ — വേഗത്തിൽ,

പദം 6. പല്ലവി. (അൎജ്ജുനൻ)

ആരെടാ സുരാധിനാഥനെന്ന് ഭയപ്പെടാതെ വന്നു

നേരുകേടുചെയ്തിടുന്നതധികവീരരേ!

അനുപല്ലവി.

ആരുമേ ധരിച്ചിടാതെ നാരിമാൎകളെ ഹരിച്ചു

ശൂരരായ നിങ്ങളാരഹോ പറഞ്ഞാലും.

ചരണം 1. (വജ്ര)

വജ്രകേതുവെന്നെനിക്കുനാമ,മെന്റെ അനുജനിവനു

വജ്രബാഹുവെന്നു നാമ ലോകവിശ്രുതം.

വജ്രപാണിതന്നെ ഇങ്ങെതിൎത്തു-

പൊരുവതിനു വരികി-

ലിജ്ജനത്തോടുടനവൻ തോറ്റുപോയിടും ദൃഢം.

---

ഉൎവ്വശീമുഖസുരാംഗനാഃ — ഉൎവ്വശീമുഖരായ (ഉൎവ്വശി തുടങ്ങിയ) സുരാംഗനകളെ (ദേവസ്ത്രീകളെ) പരം—ബലാൽക്കാരേണ. ജഹാര—അപഹരിച്ചു അൎജ്ജുനഃ—അൎജ്ജുനൻ. വരബലേന— വരത്തിന്റെ ശക്തികൊണ്ട്. അമരസഞ്ചയൈഃ—ദേവസമൂഹത്താൽ. ദുൎജ്ജയൌ—ജയിക്കപ്പെടാൻ സാധിക്കാത്ത. തൌ—അവരെ (വജ്രകേതു വജ്രബാഹുക്കളെ) സമുപേത്യ—പ്രാപിച്ചിട്ട്. വാഗ്ഭിഃ—വാക്കുകളാൽ. ഇതി—ഇപ്രകാരം. തൎജ്ജയൻ—തൎജ്ജനം ചെയ്യുന്നവനായി (ഭയപ്പെടുത്തിക്കൊണ്ട്) ഊൎജ്ജിതൈഃ— ഊൎജ്ജിതങ്ങളായ (കഠോരങ്ങളായ) ശിതശിലീമുഖൈഃ—ശിതങ്ങളായ (മൂൎച്ചയുള്ള) ശിലീമുഖങ്ങളെക്കൊണ്ട് (ബാണങ്ങളെക്കൊണ്ട്) ന്യരുണത്—നിരോധിച്ചു (തടഞ്ഞുനിൎത്തി).

വൃത്തം കുസുമമഞ്ജരി രംനാം നരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി.

ചരണം 2. (അൎജ്ജുനൻ)

പാകശാസനന്റെ തനയനായിടുന്ന-
ഞാൻ രണത്തി-
ലാകവേ ഹനിച്ചിടുന്നതുണ്ടു നിൎണ്ണയം.
നാകലോകനാരിമാർകളെ ഹരിപ്പതിന്നായിവിടെ
വേഗമോടു വന്ന നിങ്ങൾ വരിക പോരിനായ്.

ചരണം 3. (വജ്ര)

പാകശാസനാത്മജാദ്യ! ചാകവേണ്ട നീ വൃഥൈവ
പോകപോക വൈകിടാതെ പൊരുതിടേണ്ട നീ.
ഏകനായ് രണാങ്കണത്തിലാകവേ ഹനിക്കിലിന്നു
സൈകതേന സാഗരേ ചിറ തടുക്കലാം.

---

സുരാധിനാഥൻ—ദേവേന്ദ്രൻ നാരിമാർകളെ—മാന്യ സ്ത്രീകളേ, ബഹുമാനവും ബഹുത്വവും കാണിപ്പാൻ മാർ. കൾ എന്നു രണ്ടു ബഹുവചനപ്രത്യയം ഉപയോഗിച്ചിരിക്കുന്നു.

ആരുമേ ധരിച്ചിടാതെ അപഹരിച്ചതുകൊണ്ടു് അധികവീരരേ എന്ന സംബോധന നിന്ദാഗർഭം. ചരണം 1. വജ്രപാണി—വജ്രം പാണിയിലുള്ളവൻ. (ഇന്ദ്രൻ) ച 2. പാകശാസനൻ - പാകനെ ശസിച്ചവൻ (നിഗ്രഹിച്ചവൻ) ഇന്ദ്രൻ. ച. 3. പാകശാസനാത്മജ + അദ്യ എന്നു പദച്ഛേദം. പാകശാസനാത്മജൻ—അർജ്ജുനൻ. അദ്യ—ഇന്നു് (ഇപ്പോൾ) വൃഥാ + ഏവ — വൃഥൈവ — വെറുതേതന്നെ രണാങ്കണത്തിൽ— അടർക്കളത്തിൽ. സൈകതേന—മണൽകൊണ്ടു് സാഗരേ—സാഗരത്തിൽ (സമുദ്രത്തിൽ).

ഏകനായ അർജ്ജുനൻ പലരെ നിഗ്രഹിക്കുക എന്നതു് മണൽകൊണ്ടു് സമുദ്രത്തിൽ ചിറയിട്ടു വെള്ളം തടുക്കുന്നതുപോലെ അസാദ്ധ്യമെന്നു താല്പൎയ്യം.

ചരണം 4. (അജ്ഞു)

സജ്ജനങ്ങളോടതിക്രമം നിരന്തരേണ ചെയ്തു
ദുർജ്ജനങ്ങളെ ഹനിക്കുമജ്ഞനനഹം
നിർജ്ജരാരിവരരേ! നിങ്ങൾ നിശ്ചയം—
രണാങ്കണത്തിൽ
നിർജ്ജിതാ ഹി ദീർഘനിദ്രയെ ലഭിച്ചിടും.

ചരണം 5. (വജ്ര)

ഈടെഴും വിപാഠകൂടപാടിതാംഗനായ് ഗിരീന്ദ്ര—
കൂടമെന്നപോലെയിവിടെ വീണിടും ഭവാൻ
വിടപിപടലമുടനെ പൊടിപെടുത്തിടുന്ന—
വായുതന്റെ
പടുത ധടീതി പർവ്വതങ്ങളോടു കൂടുമോ?

---

ഇവിടെ അർജ്ജുനന്റെ ബഹുശത്രുസംഹാരവും മണൽകൊണ്ടു് സമുദ്രത്തിലെ സേതുബന്ധനവും ഒന്നാണെന്നു വിശിഷ്ടധർമ്മികൾക്കു് ഐക്യാരോപം ചെയ്തിരിക്കുന്നതുകൊണ്ടു വാക്യാത്ഥവൃത്തി നിദർശന അലങ്കാരം.

വിശിഷ്ടധർമ്മികൾക്കു് ഐക്യമാരോപിച്ചാൽ നിദശ്ന എന്നു ലക്ഷണം.

ചരണം 4. നിർജ്ജരാരിവരരേ — നിർജ്ജരന്മാരുടെ (ദേവന്മാരുടെ) അരിവരരേ (ശത്രുശ്രേഷ്ഠന്മാരേ) അസുരപ്രമാണികളേ (സംബോധന) നിർജ്ജിതാ — തോല്പിക്കപ്പെട്ടവരായിട്ടു്. ഹി—നിശ്ചയം, ദ്രുഢനിദ്ര — നീണ്ട ഉറക്കം (മരണം) ചരണം 5. ഈടെഴും—ഈടുള്ള (ശക്തിയേറിയ) വിപാഠകൂടപാടിതാംഗൻ—വിപാഠത്തിന്റെ (ശരത്തിന്റെ) കൂടത്താൽ (സമൂഹത്താൽ) പാടിതങ്ങളായ — (പിളർക്കപ്പെട്ട) അംഗങ്ങളോടു കൂടിയവനായി — ബാണങ്ങളേററു ശരീരം മുറിഞ്ഞു. ഗിരീന്ദ്രകൂടം—ഗിരീന്ദ്രന്റെ (പർവ്വതത്തിന്റെ) കൂടം (കൊടുമുടി) വിടപിപടലം — വിടപികളുടെ

ശ്ലോകം 10.

സവ്യസാചി സമരേ ഹനിച്ചു സകലാമരാരി-
നിവഹം തദാ
ദിവ്യനാരികളെ വേർപെടുത്തധിക-
സംകടാദമിതവിക്രമൻ
നവ്യയാകിയ ജയശ്രിയാ സഹ നന്നാമ-
വജ്ഞിണ മുദാരധീ-
ഹ്വവ്യവാഹമുഖസർവ്വദേവഗണസേവ്യ-
മാനചരണാംബുജം.

---

(വൃക്ഷങ്ങളുടെ) പടലം—സമൂഹം. പട്ടുത—സാമൎത്ഥ്യം വിടപിപടലം.. കൂട്ടമോ — വായുവിനു വൃക്ഷങ്ങളെ മുറിച്ചിട്ടുവാൻ സാധിക്കുമെങ്കിലും പൎവ്വതങ്ങളോട്ട് ഒന്നുംചെയ്യുവാൻ സാധിക്കുകയില്ലെന്നു സാരം. അപ്രസ്തുതമായ ഈ അൎത്ഥത്തിൽനിന്നു് ക്ഷുദ്രജീവികളെമാത്രം നിഗ്രഹിക്കാൻ കെൽപ്പുള്ള അർജ്ജുനനു ഞങ്ങളോടൊന്നും ചെയ്യാൻ സാധിക്കയില്ലെന്നു്. അപ്രസ്തുതമായ അൎത്ഥം വ്യഞ്ജിക്കുന്നതുകൊണ്ടു് അപ്രസ്തുതപ്രശംസാലങ്കാരം.

'അപ്രസ്തുതപ്രശംസാഖ്യമപ്രസ്തുതമുഖസ്തുതാൻ' എന്നു ലക്ഷണം.

ശ്ലോകം 10 തദാ—അപ്പോൾ. അമിതവിക്രമൻ—അളവില്ലാത്ത വിക്രമത്തോടുകൂടിയവൻ (വലിയ പരാക്രമി) ഉദാരധീം—ഉദാരമായ (ഗംഭീരമായ) ബുദ്ധിയോടുകൂടിയവൻ—ഗംഭീരചിത്തൻ സവ്യസാചി—അർജ്ജുനൻ. സമരേ—യുദ്ധത്തിൽ. സകലാമരാരിനിവഹം—സകല(എല്ലാ) അമരാരികളുടെ (ദേവന്മാരുടെ ശത്രുക്കളായഅസുരന്മാരുടെ) നിവഹത്തെ (കൂട്ടത്തെ) ഹനിച്ചു്—കൊന്നിട്ടു്. അധികസങ്കടാദ്—അധികമായ സങ്കടത്തിൽനിന്നു (രാക്ഷസൻ അപഹരിച്ചതുകൊണ്ടുള്ള ദുഃഖത്തിൽനിന്നു) ദിവ്യനാരികളെ—ദേവസ്ത്രീകളെ വേർപെടുത്തു് — മോചിപ്പിച്ചിട്ടു്. നവ്യയാകിയ—നവീനമായ. ജയശ്രീയാസഹ—ജയലക്ഷ്മിയോടു

ശ്ലോകം 11. ശങ്കരാഭരണം—ചെമ്പട.

സാവ്വധൂജനമണിഞ്ഞീടുന്ന മണിമൌലിയിൽഖചിത-
രത്നമാ-
മുവ്ശീതദനു മന്മഥേന ഹി വശീകൃതാപിവിവശീകൃതാ-
ശവ്വരീശകുലഭൂഷണം യുവതിമോഹനം ധവളവാഹനം
പാവ്വണേന്ദുമുഖി പാണ്ഡുസൂനുമഭിവീക്ഷ്യചൈവമവ-
ദത്സഖീം.

---

കൂടെ. ഹവ്യവാഹമുഖസർവദേവഗണസേവ്യമാന ചരണാംബുജം—ഹവ്യവാഹമുഖന്മാരായ സവ്വദേവഗണത്താൽ സേവ്യമാനമായ ചരണാംബുജത്തോടുകൂടിയവനായ. ഹവ്യവാഹമുഖന്മാർ—ഹവ്യവാഹൻ, ഹവ്യത്തെ (ഹോമദ്രവ്യത്തെ) വഹിക്കുന്നവൻ (അഗ്നി) മുഖമായിട്ടുള്ളവർ (തുടങ്ങിയവർ) അഗ്നിമുതലായ എന്നു സാരം. സവ്വദേവഗണം—സകല ദേവസമൂഹം. സേവ്യമാനം—സേവിക്കപ്പെടുന്ന (പരിചരിക്കപ്പെടുന്ന) ചരണാംബുജം—ചരണമാകുന്ന അംബുജം—കാൽത്താമരയോടുകൂടിയവനെ.

അർജ്ജുനൻ യുദ്ധത്തിൽ ജയിച്ചുവന്നു ദേവേന്ദ്രനെ നമസ്കരിച്ചു എന്നു സാരം. വൃത്തം കുസുമമഞ്ജരി.

ശ്ലോകം 11. തദനു—അതിനുശേഷം. സാർവധൂജനം—സാധ്വീസ്ത്രീകൾ. അണഞ്ഞീടുന്ന—ധരിക്കുന്ന. മണിമൌലിയിൽ—ശിരോഭൂഷണത്തിൽ. ഖചിതരത്നമാം— ഖചിതമായ(പതിപ്പിച്ചിട്ടുള്ള) രത്നമായ (സാധ്വീസ്ത്രീകളിൽവച്ചുത്തമയായ എന്നു സാരം) പാർവണേന്ദുമുഖി — പാർവണേന്ദു (പൂർണ്ണചന്ദ്രൻ)വിനെപ്പോലെയുള്ള മുഖത്തോടുകൂടിയവളായ ഉർവശി. ശർവരീശകുലഭൂഷണം — ശർവരിയുടെ (രാത്രിയുടെ) ഈശന്റെ (രാത്രിയുടെ അധിപനായ ചന്ദ്രന്റെ) കുലത്തിനു ഭൂഷണമായവനും. യുവതീമോഹനം— യുവതികളെ മോഹിപ്പിക്കുന്നവനും, ധവളവാഹനം — ധവളമായ

പദം 7. പല്ലവി.

പാണ്ഡവന്റെ രൂപം കണ്ടാലഹോ.

അനുപല്ലവി.

പുണ്ഡരീകഭവസൃഷ്ടികൌശലമ-
ഖണ്ഡമായിവിലസുന്നവങ്കലതി ശങ്കേ ഞാൻ- (പാ)

ചരണം 1.

പണ്ടു കാമനെ നീലകണ്ഠൻ ദഹിപ്പിച്ചീടുകമൂലം
തണ്ടാർബാണതുല്യനായ് നിർമ്മിതനവൻ
വിധിയാലും
തൊണ്ടിപവിഴമിവമണ്ടുമധരമിതു-
കണ്ടിട്ടുന്നളവിലിണ്ടൽ പൂണ്ടു ബത!
കൊണ്ടലണി കുഴലി കോമളവദനേ
അയിസഖി! ബത!— (പാ)

---

(വെളുത്ത) വാഹനത്തോടു (അശ്വത്തോടു) കൂടിയവനും (അർജ്ജുനന്റെ കുതിരകളുടെ നിറം വെളുപ്പാണ്) ആയ. പാണ്ഡുസൂനും—പാണ്ഡുവിന്റെ പുത്രനെ (അർജ്ജുനനെ) അഭിവീക്ഷ്യ—കണ്ടിട്ട്. മന്മഥേനവശീകൃതാഅപി—മന്മഥനാൽ (കാമനാൽ)വശീകൃതയെങ്കിലും(കാമാധീന എന്നർത്ഥം) വിവശീകൃതാ — വിവശയായവൾ (പാരവശ്യത്തോടുകൂടിയവൾ ആയിട്ട്) ഏവം സഖീം അവദൽ—ഇപ്രകാരം സഖിയോടു പറഞ്ഞു.

പദം 7. പുണ്ഡരീകഭവസൃഷ്ടികൗശലം—പുണ്ഡരീകഭവന്റെ (ബ്രഹ്മാവിന്റെ) സൃഷ്ടിയിലുള്ള സാമർത്ഥ്യം. അഖണ്ഡം—പരിപൂർണ്ണം. ശങ്കേ—ഞാൻ ശങ്കിക്കുന്നു. പണ്ടു കാമനെ...വിധിയാലും —ശിവൻ കാമദേവനെ ദഹിപ്പിച്ചതിനുപകരം ബ്രഹ്മാവ് ഇവനെ സൃഷ്ടിച്ചതാണോ എന്നു

ചരണം 2.

പൂൎണ്ണചന്ദ്രനോ? പുനരൎണ്ണോജജന്മമോ വദനം?
സ്വൎണ്ണം മയങ്ങീടുമവൻ കാന്തി കാണുമ്പോ-
ളെന്നു ന്യൂനം.
കൎണ്ണശോഭ കഥയാമി വാ കഥം?
തൂൎണ്ണമേവ ചെന്നവനോടിന്നു നീ,
വൎണ്ണയ മമ വരവൎണ്ണിനീ പരവശം,
അയിസഖി ബത! (പാ)

ചരണം 3.

ചില്ലിയുഗളമതു വില്ലോടു തുല്യമാകുന്നല്ലോ;
പല്ലോ ചാരുമൌക്തികക്കല്ലോ മന്മഥ-
കീൎത്തിത്തെല്ലോ?
മുല്ലമുകുളമോ മുകുരശകലമോ?
നല്ലോരുപമ ചൊല്ലുവതിനിഹ നഹി
മല്ലമിഴികൾ മണിമകുടരത്നമേ!
അയിസഖി ബത! (പാ)

---

തോന്നും. ഉൽപ്രേക്ഷാലങ്കാരം. പൂൎണ്ണചന്ദ്രനോ പുനരൎണ്ണോജജന്മമോ എന്ന സ്ഥലത്തു് സസന്ദേഹാലങ്കാരം കഥയാമിവാകഥം—എങ്ങിനെ ഞാൻ പറയും (പറഞ്ഞാൽ ഒക്കുകയില്ലെന്നു സാരം.) തൂൎണ്ണം ഏവ—വേഗത്തിൽതന്നെ. വൎണ്ണയ—വൎണ്ണിച്ചാലും. പരവശം—പാരവശ്യം (നാമാൎത്ഥത്തിൽ നാമവിശേഷണം പ്രയോഗിച്ചിരിക്കുന്നു.) ചരണം 3. ചില്ലിയുഗളം—രണ്ടു പുരികങ്ങൾ. ചാരുമൌക്തികക്കല്ലു്—ചാരുവായ (മനോഹരമായ) മൌക്തികക്കല്ലു് (മുത്തുമണി) മന്മഥകീൎത്തിത്തെല്ലു്—കാമന്റെ കീൎത്തിയുടെ ശകലം. മുല്ലമുകുളം—മുല്ലമൊട്ടു്. മുകുരശകലം—കണ്ണാടിയുടെ ശകലം,

സസന്ദേഹാലങ്കാരം;

ചരണം 4.

വാണീമാധുര്യ്യംകേട്ടാൽ നാണിച്ചീടുന്ന വീണാനാദം
പാണികൾ കണ്ടാലുള്ളിൽ പാരം വളൎന്നീടുന്ന
മോദം.
കാണിനാഴിക കളഞ്ഞീടാതെ സുമ-
ബാണഖേദമവനോടു ചൊല്ലുകിൽ
നാണിയമിഹ തവ നലമൊടു പെരുകീടും
അയിസഖി ബത! (പാ)

ശ്ലോകം 12. കാമോദരി—ചെമ്പട.

സ്വൎവ്വാരനാരീഗണനാഗ്രഗണ്യയാ
ഗീൎവ്വാണരാജാത്മജസക്തചിത്തയാ,
ഉക്താംനിശമ്യാത്മസഖീഗിരന്തയാ
പ്രത്യാബഭാഷേ ച സഖീമഥോൎവശീം.

---

ചരണം 4. വാണീമാധുര്യ്യം—വാങ്മാധുര്യം. സുമബാണഖേദം — കാമവേദന, നാണിയം — പ്രതിപത്തി (വിശ്വാസം)

ശ്ലോകം 12. അഥ—അനന്തരം: സ്വർവാര...ണ്യയാ—സ്വർവാരനാരികളുടെ (സ്വർഗ്ഗത്തിലെ വേശ്യകളുടെ)ഗണനത്തിൽ അഗ്രഗണ്യയായ (ഒന്നാമതായി എണ്ണപ്പെടേണ്ടവളായ) സ്വർഗ്ഗസ്ത്രീകളിൽ ഒന്നാമത്തവളായ. ഗീർവാണരാ...യാ—ഗീർവാണന്മാരുടെ (ദേവന്മാരുടെ) രാജാവിൻെറ ആത്മജനിൽ സക്തമായചിത്തത്തോടുകൂടിയവളായ— അർജ്ജുനനിൽ അനുരക്തയായ. തയാ—അവളാൽ (ഉർവശിയാൽ) ഉക്താം—പറയപ്പെട്ട. ഗിരം—വാക്കിനെ. നിശമ്യ—കേട്ടിട്ട്. ആത്മസഖി—പ്രിയസഖി (ഉർവശിയുടെ പ്രിയതോഴി) സഖീംഉർവശീം — സഖിയായ ഉർവശിയോട്. പ്രത്യാബഭാഷേ — പ്രതിഭാഷണം ചെയ്തു: (മറുപടി പറഞ്ഞു.)

പദം 8. പല്ലവി. (സഖി)

അയിസഖി! ശൃണു മമ വാണീമിഹ
മഹിതതമേ! കല്യാണി!

അനുപല്ലവി.

സത്തമനവനതിധീരൻ പുരു-
ഷോത്തമസദൃശനുദാരൻ;

ചരണം 1.

എത്തുകിലവനൊടു യോഗം തവ-
യുക്തമവനിലനുരാഗം,
ചിത്തമറിഞ്ഞീടാതെ മദ-
നാർത്തി തുടങ്ങീടാതെ;

ചരണം 2.

നിയമവിഘാതത്തിന്നായ് ചെന്നു
വയമസമർത്ഥരായ്‌വന്നു- (അയി)

---

പദം 8. അയിസഖി — അല്ലയോ തോഴി. മഹിതതമേ—ഏററവും ഉത്തമയായുള്ളവളെ, ഇഹ,മമ,വാണീം, ശൃണു—ഇപ്പോൾ എന്റെ വാക്കിനെ കേട്ടാലും. സത്തമൻ-സത്തുക്കളിൽ (സജ്ജനങ്ങളിൽവച്ചു ശ്രേഷ്ഠൻ) പുരുഷോത്തമസദൃശൻ—വിഷ്ണുതുല്യൻ. ചരണം 1. അവനോടു വേഗം എത്തുകിൽ—അവനുമായി ചേർച്ച ഉണ്ടായാൽ. തവ—നിന്റെ. ചരണം 2. നിയമവിഘാതം—നിയമത്തിന്റെ (തപസ്സിന്റെ) വിഘാതം (വിഘ്നം) അർജ്ജുനന്റെ തപസ്സുമുടക്കാൻ ഉർവശി മുതലായവർ പോയിട്ടു സാധിച്ചില്ല എന്ന വസ്തുത സഖി ഇവിടെ സ്മരിപ്പിക്കുന്നു. അതുകൊണ്ട് അർജ്ജുനന്റെ ചിത്തമറിയാതെ ഒരുമ്പെടരുതെന്നു സാരം.

(ഉൎവ്വശി) ചരണം.

നിരുപമനയഗുണശീലേ—മയി
കരുണകലൎന്നീട്ട ബാലേ!

ചരണം 3.

എന്നാലതിനൊരുപായം വദ
വന്നീടരുതൊരപായം.

സഖി—

രഹസി തദരികേ ചെല്ലു—നിജ-
പരവശമവനൊടു ചൊല്ലു.

ചരണം 4.

മന്ദഹസിതമധു തൂകുന്നേരം
സുന്ദരീ തവ വശനാകും
പരിമളമുള്ളതിലല്ലോ—മധു-
കരനികരം ബത! ചെല്ലു. (അയി)

---

നിരുപമനയഗുണശീലേ — അതുല്യമായ നയജ്ഞാനമുള്ള വളേ.

കാമപരവശയായ ഉർവശി സഖിയുടെ ഉപദേശത്തെ ആദരിക്കാതെ അർജ്ജുനനെ സ്വാധീനപ്പെടുത്താൻ അപേക്ഷിക്കുന്നു. സഖി നിരുപമനയജ്ഞ ആയതുകൊണ്ടു് അവൾ വിചാരിച്ചാൽ കാൎയ്യം സാധിക്കുമെന്നു് അഭിപ്രായം.

ചരണം 3. വദ — പറഞ്ഞാലും. മയി — എന്നിൽ. രഹസി—ഏകാന്തത്തിൽ (ഗൂഢമായി) തദരികേ-അവന്റെ സമീപത്തിൽ. നിജപരവശം—തന്റെ പാരവശ്യം.

ചരണം 4. സഖി ഉർവശിയോടു് ഉപായം പറഞ്ഞുകൊടുക്കുന്നു. മന്ദഹസിതമധു — പുഞ്ചിരിയാകുന്ന തേൻ. നീ പുഞ്ചിരി തൂകുമ്പോൾ അവൻ നിനക്കധീനനാകും. ഇതിനു

ശ്ലോകം 13.

സുലളിതപദവിന്യാസാ
രുചിരാലങ്കാരശാലിനീ മധുരാ
മൃദുലാപി ധഹനഭാവാ
സൂക്തിരിവാവാപ സോർവശീ വിജയം.

---

ദൃഷ്ടാന്തം കാണിക്കുന്നു. പരിമള...ചെല്ലു—പുഷ്പം വികസിച്ചു സുഗന്ധം പരത്തുമ്പോഴാണല്ലോ വണ്ടുവരുന്നതു്.

ഇവിടെ പ്രകൃതാപ്രകൃതങ്ങൾക്കു ബിംബപ്രതിബിംബഭാവം ഉള്ളതുകൊണ്ടു് ദൃഷ്ടാന്താലങ്കാരം.

ദൃഷ്ടാന്തമതിനെ ബിംബപ്രതിബിംബങ്ങളാകുകിൽ എന്നു ലക്ഷണം.

ശ്ലോകം 13. സാ ഉർവശീ — ആ ഉർവശീ. സൂക്തി ഇവ—സൂക്തി എന്നപോലെ (സൽകവിത എന്നപോലെ). വിജയം—വിജയനെ (അർജ്ജുനനെ) കാവ്യപക്ഷത്തിൽ വിജയത്തെ എന്നും. അവാപ—പ്രാപിച്ചു. ഈ പദ്യത്തിലെ മററുള്ള പദങ്ങൾ ഉർവശിയിലും, സൂക്തിയിലും അന്വയിക്കുന്ന വിശേഷണങ്ങളാകുന്നു. സുലളിതപദവിന്യാസം—സുലളിതങ്ങളായ (മനോഹരങ്ങളായ) പദങ്ങളുടെ (ഉർവശീപക്ഷത്തിൽ കാലുകളുടെ എന്നും കാവ്യപക്ഷത്തിൽ വാക്കുകളുടെ എന്നും) വിന്യാസ(പ്രയോഗ)ത്തോടുകൂടിയവൾ. ലളിതഗമനയെന്നു് ഉർവശീപക്ഷത്തിൽ കോമളപദഘടിതമെന്നു കാവ്യപക്ഷത്തിലും അർത്ഥം. രുചിരാലങ്കാരശാലിനീ—രുചിരങ്ങളായ (മനോജ്ഞങ്ങളായ) അലങ്കാരങ്ങളെക്കൊണ്ടു് (ആഭരണങ്ങൾകൊണ്ടു് എന്നു് ഉർവശീപക്ഷത്തിൽ, ഉപമാദികൾകൊണ്ടെന്നു കാവ്യപക്ഷത്തിൽ) ശാലിക്കുന്നവൾ (ശോഭിക്കുന്നവൾ). മധുരാ—മാധുര്യഗുണത്തോടുകൂടിയവൾ. മൃദുലാഅപി—മൃദുല എങ്കിലും (ഉർവശീപക്ഷത്തിൽ അംഗങ്ങൾക്കു മാർദ്ദവമുള്ളവൾ എന്നും സൂക്തിപക്ഷത്തിൽ

ശ്ലോകം 14.

കല്പദ്രു കല്പദ്രുപദേന്ദ്രപുത്രീ
സാരസ്യ സാരസ്യ നിവാസഭ്രമിം
നാളീകനാളീകശരാർദ്ദിതാ സാ
മന്ദാക്ഷ മന്ദാക്ഷരമേവ മൂചേ.

---

ഘടനക്ക പാരുഷ്യമില്ലാത്തതെന്നും). ഗഹനഭാവാ—ഗഹനമായ (ഗൂഢമായ) ഭാവത്തോടുകൂടിയവൾ (വ്യംഗഭംഗിയുള്ളതുകൊണ്ടു കാവ്യത്തിന്റെ ആശയം ഗൂഢമായി തക്കും ഉർവശിയുടെ ആശയവും ഗഹനമാണ്).

കോമളപദനിബദ്ധവും ഉപമാദ്യാലങ്കാരങ്ങളാൽ അലംകൃതവും മാധുര്യഗുണയുക്തവും ബന്ധമാർദ്ദവമുള്ളതാണെങ്കിലും ആശയഗാംഭീര്യത്തോടുകൂടിയതുമായ കാവ്യം എപ്രകാരം വിജയത്തെ പ്രാപിക്കുന്നുവോ അതുപോലെ ലളിതഗമനയും ഭൂഷണഭൂഷിതാംഗിയും മധുരസ്വഭാവയും മൃദുഗാത്രിയാണെങ്കിലും ഗംഭീരപ്രകൃതിയുമായ ഉർവശി വിജയനെ പ്രാപിച്ചു.

ഉർവശിക്കും സൂക്തിക്കും ശ്ലേഷംകൊണ്ടു സാധാരണധർമ്മതാനിർവാഹം.

അലങ്കാരം ശ്ലേഷോത്ഥാപിതോപമ. വൃത്തം ഗീതി.

ശ്ലോകം 14. നാളീകനാളീകശരാർദ്ദിതാ—നാളീകമാകുന്ന (താമര) നാളീകത്തോടു(ബാണം)കൂടിയവന്റെ (കാമന്റെ) ശരങ്ങളാൽ അർദ്ദിതയായ (പീഡിത). സാ—അവൾ (ഉർവശി). കല്പദ്രു......സാരസാരസ്യ—കല്പദ്രുകല്പനായ (കല്പകവൃക്ഷതുല്യനായ) ദ്രുപദേന്ദ്രന്റെ (ദ്രുപരാജാവിന്റെ) പുത്രിയുടെ (പാഞ്ചാലിയുടെ) സാരസ്യസാരത്തിന് (രസികതയുടെ കാതലിന്). നിവാസഭ്രമിം—നിവാസഭൂമിയായ (വാസസ്ഥാനമായ അർജ്ജുനനോട്)—ദ്രൗപതിയുടെ രസികത്വത്തിനു കേളീരംഗമായ അർജ്ജുനനോടെന്നു

പദം 9. പല്ലവി.

സ്മരസായകദ്രുനാം പരിപാലയൈനാം
സതതം ത്വദധീനാം.

അനുപല്ലവി

അരിനരനിരകളെ അരനിമിഷേണ
അറുതിപെടുത്തുന്നതിലതിനിപുണ! (സ്മര)

ചരണം 1.

ശരണാഗതജനപാലനകർമ്മം
കരുണാസാഗര! തവകുരു ധർമ്മം
..................................
.................................. (സ്മര)

---

സാരം. മന്ദാക്ഷമന്ദാക്ഷരം—മന്ദാക്ഷംകൊണ്ടു് (ലജ്ജ) മന്ദാക്ഷരമാകുംവണ്ണം (അക്ഷരങ്ങൾ വ്യക്തമാകാത്തവിധത്തിൽ). ഏവം ഊചേ—ഇപ്രകാരം പറഞ്ഞു.

ഉർവശി അർജ്ജുനനോടു ലജ്ജകൊണ്ടു് അസ്ഫുടാക്ഷരമായി താഴെ പറയുന്ന രീതിയിൽ സംസാരിച്ചു എന്നു താല്പര്യം.

യമകം ശബ്ദാലങ്കാരം.

പദം 9. സ്മരസായകദ്രുനാം—കാമബാണങ്ങൾകൊണ്ടു പീഡിതമായ. സതതം ത്വദധീനാം—എല്ലായ്പോഴും നിനക്കു വശംവദയും ആയ. ഏനാം—ഇവളെ. പരിപാലയ—രക്ഷിക്കണമേ. അരിനിര......നിപുണ—ശത്രുക്കളെ സംഹരിക്കുന്നതിൽ സാമർത്ഥ്യമുള്ളവനേ (സംബോധന).

ചരണം 1. ശരണാഗതജനപാലനകർമ്മം — ശരണത്തിനുവേണ്ടി വന്നിട്ടുള്ള ജനങ്ങളുടെ രക്ഷയാകുന്ന. തവ ധർമ്മം—നിന്റെ ധർമ്മത്തെ (ക്ഷത്രിയധർമ്മം). കുരു—ചെയ്താലും. ശത്രുനിഗ്രഹംമാത്രമല്ല ദീനന്മാരുടെ സംരക്ഷണംകൂടി ക്ഷത്രധർമ്മമാണല്ലോ. ആ സ്ഥിതിക്കു ക്ഷത്രിയനായ നീ ശരണാഗതയായ എന്നെ പരിത്യജിക്കരുതെന്നു സാരം.

ശ്ലോകം 15. **മോഹനം—അടന്ത.**

**പരേണ പുംസാനുഗതാമലൌകികൈ-**
**ർവ്വചോഭിരത്യന്തവിനിന്ദിതാമ്മുഹുഃ**
**വിയോഗദുഃഖൈകവിധായി വിഭ്രമാം**
**ജ്ഞാത്വാഗ്ഗസതീം താം സ വിരക്തധീരഭൂൽ.**

---

ചരണം 2. സപദി—പെട്ടെന്നു്. വിജയ എന്നു സം ബോധന. പരിരംഭം—ആലിംഗനം. വിരചയ—ചെയ്താലും. കുചകുംഭം—എന്റെ കുചകുംഭത്തെ. സഫലയ—സഫല മാക്കിയാലും.

ചരണം 3. കുരുവര (സംബോധന) കൗരവശ്രേഷ്ഠ.

ചരണം 5. യുവജനമാനസനിഗളേ, ഉരസിജയുഗളേ —യുവജനങ്ങളുടെ മനസ്സിനെ തടഞ്ഞുനിൎത്തുന്ന വക്ഷോജ ങ്ങളിൽ. കരപല്ലവാംകുരം—കൈവച്ചാലും.

ചരണം 6. രതിപതിസമ (സംബോധന) കാമസദൃ ശം. തവകൎണ്ണൗ—നിന്റെ രണ്ടു ചെവികളും. രതികൂജിത സുധയാ — രതികൂജിതമാകുന്ന (മണിതം) സുധകൊണ്ടു് (അമൃതം). പരിപൂൎണ്ണകലയേ—പരിപൂൎണ്ണങ്ങളാക്കി ചെയ്യാം (നിറക്കാം).

ചരണം 7. മധുരാധരമധുനാ—മധുരമായ അധരമധു കൊണ്ടു്. ദുർവാരം മദനാനലം—തടുക്കാൻ വയ്യാത്ത കാമാ ഗ്നിയെ. നിർവാപയ—കെടുത്തിയാലും (അടക്കണമേ).

ശ്ലോകം 15. സഃ—അവൻ (അൎജ്ജുനൻ) താം—അവ ളെ (ഉർവ്വശിയെ) പരേണപുംസാ—പരപുരുഷനാൽ. അനു ഗതാം—അനുഗതയായും (അനുഗമിക്കപ്പെട്ടവൾ) മുഹുഃ— വീണ്ടും വീണ്ടും. അലൌകികൈഃവചോഭി — അലൌകിക ങ്ങളായ വാക്കുകൾകൊണ്ടു്. അത്യന്തവിനിന്ദിതാം-അത്യന്ത വിനിന്ദിതയായും. വിയോഗദുഃഖൈകവിധായിവിഭ്രമാം— വിയോഗദുഃഖം ഒന്നിനെമാത്രം വിധാനംചെയ്യുന്ന (ജനിപ്പി ക്കുന്ന) വിഭ്രമത്തോടു (വിലാസം) കൂടിയവളായും (ഇവളുടെ വിലാസങ്ങൾ അവസാനം വിയോഗദുഃഖത്തെ ജനിപ്പിക്കുന്ന

പദം 10. പല്ലവി

വാക്യങ്ങളീവണ്ണം പറഞ്ഞതു
യോഗ്യമല്ലെന്നറിക നീ

അനുപല്ലവി.

ശക്യേതരമായുള്ള കമ്മങ്ങൾ
സൌഖ്യമല്ലേതുമഹോ വൃഥാവലേ. (വാ)

---

വയാണെന്നുസാരം.) (*) അസതീം-അസതിയായും (കുലട) ജ്ഞാത്വാ-അറിഞ്ഞിട്ട്. വിരക്തധീ-വിരക്തമായധീയോടുകൂടിയവനായി (വെറുപ്പുള്ളവൻ) അഭ്രൽ—ഭ്രമിച്ചു. അജ്ജുനൻ ഉവ്വശിയുടെ ലോകോചിതങ്ങളല്ലാത്ത വാക്കുകൾ കേട്ടുകൊണ്ടു് അവൾ നിന്ദ്യയും കുലടയും എന്നു മനസ്സിലാക്കി. അവളുടെ വിലാസങ്ങളിൽ ഭ്രമിച്ചാൽ പയ്യവസാനഫലം വിയോഗദുഃഖം മാത്രമായിരിക്കും എന്നു നിശ്ചയിച്ചു് അവളെ വെറുത്തു എന്നു താല്പയ്യം. വിയോഗ - ഭ്രമാം എന്ന പദത്തെ വിരഹദുഃഖം ഒന്നുമാത്രം കൊണ്ടുണ്ടായ വിഭ്രമത്തോടുകൂടിയവൾ എന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. വിധായി എന്ന പദം കത്തരിപ്രത്യയം ചേന്നുണ്ടായതാണു്. വിധാനംചെയ്യുന്നതു (ജനകം) എന്നാണതിൻെറ അത്ഥം. ദുഃഖംകൊണ്ടുണ്ടായ എന്നു വ്യാഖ്യാനിക്കണമെങ്കിൽ വിഹിതവിഭ്രമാം എന്ന പദം പ്രയോഗിക്കേണ്ടിയിരിക്കുന്നു. ഇവിടെ വിരക്തധീശബ്ദത്തിൻെറ ശക്തികൊണ്ടും വിശേഷണങ്ങളുടെ ശ്ലേഷംകൊണ്ടും അപ്രസ്തുതമായ ഒരത്ഥംകൂടിവ്യഞ്ജിക്കുന്നു.

പരപുരുഷനാൽ (പരമാത്മാവിനാൽ) അനുഗതയും അലൌകീകങ്ങളായ (ശാസ്ത്രീയങ്ങളായ) വാക്കുകളാൽ നിന്ദിതയും വിയോധദുഃഖത്തെ (വിഷയങ്ങളെ പരിത്യജിക്കുന്നതിൽ ദുഃഖത്തെ) (*) ജനിപ്പിക്കുന്നതും അസതിയും (മിഥ്യാസ്വരൂപിണിയും ആയ മായയെ അറിഞ്ഞിട്ടു് യോഗി, വിരക്തനായി) വൈരാഗ്യമുള്ളവനായി ഭവിക്കുന്നു.

പ്രസ്തുതമായ അർജ്ജുനൻെറ ഉർവശീത്യാഗവൃത്താന്തത്തിൽ വ്യംഗ്യവും അപ്രസ്തുതവുമായ യോഗിയുടെ മായാത്യാഗ

ചരണം 1.

ഹംസികളംബുജനാളങ്ങളെന്നിയേ
ശൈവലം മോഹിക്കുമോ? പിന്നെ
ഹന്ത! കരിണീ ഹരിണത്തെ
ആഗ്രഹിച്ചീടുമോ ചൊല്ലിടു നീ.
പരിഹാസമായി വന്നുകൂട്ടം
മനുജന്മാരിലാഗ്രഹമിന്നു തവ
ആഹാ! മതിഭ്രമമെന്നു വന്നു
തവ നല്ലതല്ലേതുമഹോ വൃഥാവലേ. (വാ)

ചരണം 2.

പൂർവ്വം പുരൂരവസ്സാകിയ ഭൂപതി
പാണിഗ്രഹണം ചെയ്കയാലിപ്പോൾ
ഉർവ്വശി നീ മമ മാതൃഭാവത്തെ
വഹിക്കുന്ന കാരണത്തിൽ അതി-
ദുർവ്വാരമാകും ഗുരുതല്പഗാമിതപ-
മാകുന്ന പാപം മേലിൽവരും,
സപത്നിതാജനമൻപോടണിയുന്ന
ചാരുശിരോരത്നമേ! വൃഥാവലേ. (വാക്യ)

---

വൃത്താന്തത്തിനു് ആരോപമുള്ളതുകൊണ്ടു് സമാസോക്തി അലങ്കാരം.

'വിശേഷണത്തിൻ സാമ്യത്താൽ
വർണ്ണ്യപ്രസ്തുതധർമ്മിയിൽ
അവർണ്ണ്യവൃത്താന്താരോപം
സമാസോക്തിയലംകൃതി' എന്നു ലക്ഷണം.

വൃത്തം ഉപജാതി.

പദം 10. ശക്യേതരം— ശക്യത്തിൽനിന്നു് ഇതരം (അസാദ്ധ്യം) വൃഥാവലേ—വെറുതെ.

ചരണം 1. ശൈവലം—പായൽ. അരയന്നപ്പേടകൾ താമരദള്ളത്തെ അല്ലാതെ പായലിനെ ആഗ്രഹിക്കുകയില്ല.

ചരണം 3.

നാരായണനെന്ന നാമമുടയോരു
മാമുനിമാർ തിലകൻ സുര-
നാഥനാമെന്നുടെ താതനു ദാരങ്ങ-
ളായിട്ടു നല്കിയതും ഉള്ളിൽ
ഓരാതിവണ്ണമനംഗബാണമേററു
പാരം മയങ്ങീടൊലാ—നല്ല
നേരായമാർഗ്ഗമൊഴിഞ്ഞു നടന്നവർ
പാപികളെന്നുവരും വൃഥാവലേ. (വാക്യ)

---

കരിണി (പിടിയാന) ഹരിണത്തെ (മാനിനെ) ആഗ്ര ഹിക്കുകയില്ല. ദേവസ്ത്രീയായ നിനക്ക് മനുഷ്യനായ എന്നിൽ ആഗ്രഹം പരിഹാസാസ്പദമായി ഭവിക്കും. മതിഭ്രമം—ബുദ്ധിഭ്രമം.

ചരണം 2. രണ്ടുവിധത്തിൽ ഉർവശിക്ക് അർജ്ജുന ൻെറ മാതൃഭാവം ഉള്ളതുകൊണ്ട് ഈ അപേക്ഷ സ്വീകരി ച്ചാൽ തനിക്കു പാപമുണ്ടെന്നു് അർജ്ജുനൻ സമർത്ഥിക്കുന്നു. ഉർവശി ചന്ദ്രവംശത്തിലെ ഒരു രാജാവായ (അർജ്ജുനൻെറ പൂർവ്വികൻ) പുരൂരവസ്സിൻെറ ഭാര്യയായിരുന്നിട്ടുണ്ട്. തൻെറ അച്ഛനായ ഇന്ദ്രൻെറ ഭാര്യയുമാണ്. അതുകൊണ്ട് നിന്നെ സ്വീകരിച്ചാൽ ഗുരുതല്പഗാമിത്വം എന്ന പാപംവരും. ഗുരുതല്പഗാമിത്വം— ഗുരുവിൻെറ തല്പത്തിൽ (ശയനത്തിൽ) ഗമനം—ഗുരുപത്നീപ്രാപ്തി എന്നർത്ഥം,

ചരണം 3. നാരായണ...നൽകിയതും ഈ ഭാഗംകൊ ണ്ടു് ഉർവശിയുടെ ഉത്പത്തിയും ഇന്ദ്രഭാര്യാപദപ്രാപ്തിയും സൂചിപ്പിക്കുന്നു ദാരങ്ങൾ— ഭാര്യ. (ഈ പദം സംസ്കൃതത്തിൽ പുല്ലിംഗവും നിത്യബഹുവചനവുമാണ്. ഒരു ഭാര്യയെ

ചരണം 4.

മട്ടോലുംമൊഴി തവ ഖലധൃഷ്ടത-
യൊട്ടുമെളുതല്ലെടോ നല്ല
ശിഷ്ടജനമിതു കേൾക്കുന്നനേരത്തു
കഷ്ടമെന്നുവദിക്കും; എൻെറ
ജ്യേഷ്ഠനായുള്ള യുധിഷ്ഠിരൻ കേട്ടാലി-
തൊട്ടും സഹിച്ചിടുമോ അതി-
നിഷ്ഠൂരമെന്നേ പറയാവൂ നിന്നുടെ
മാനസമിന്നിതഃഹാ വൃഥാവലേ. (വാക്യ)

ശ്ലോകം 16. ദ്വിജാവന്തി—ചെമ്പട.

സുമണോരഹപഡിഊയൂളം
ഭണിതം ഏദസ്സ സുണിയസുരവണിയാം
പക്കമിതവ്വം വയണം
മയണേണ വഞ്ചിയാ പത്ഥം.

---

കുറിക്കാനും ദാരങ്ങൾ എന്നു ബഹുവചനംതന്നെ ഉപയോഗിക്കണം) ധൃഷ്ടത—അഹങ്കാരം.

ശ്ലോകം 16. ഇതു് പ്രാകൃതഭാഷയാണു്. ഇതിൻെറ സംസ്കൃതം താഴെ ചേർക്കുന്നു.

സ്വമനോരഥപ്രതികൂലം—ഭണിതം ഏതസ്യശ്രുത്വാ
സുരവനിതാ
വക്തും പ്രക്രാന്തൈവം—വചനം മദനേന വഞ്ചിതാ
പാർത്ഥം.

സുരവനിതാ—ദേവസ്ത്രീ. സ്വമനോരഥപ്രതികൂലം—സ്വമനോരഥത്തിനു് (ആഗ്രഹത്തിനു്) പ്രതികൂലമായിട്ടുള്ള. ഏതസ്യഭണിതം—ഇവൻെറ (അർജ്ജുനൻെറ) ഭണിതത്തെ (ഭാഷണത്തെ) ശ്രുത്വാ—കേട്ടിട്ടു്. മദനേന വഞ്ചിതാ—കാമനാൽ വഞ്ചിതയായിട്ടു്. പാർത്ഥം — പാർത്ഥനോടു്.

പദം 11. പല്ലവി.

വല്ലാതെന്നാലുമിതു തവ നല്ലതല്ലെടോ.

അനുപല്ലവി.

അല്ലൽപെരുകി വലയുന്നു ഞാനതി-
നില്ലയോ കരുണ തെല്ലുമേ?
കല്ലിനോടു തവ തുല്യമോ ഹൃദയ
മില്ലതിന്നു ബത! സംശയമധുനാ. (വല്ല)

ചരണം 1.

കാമരിപുവോടമർ ചെയ്കയോ ഹരി
കാമജനകസഖിയാകയോ
മന്മഥാർത്തി തവ വന്നിടായ്വതിനു
നന്മയോടിതരഹേതുവെന്തഹോ? (വല്ല)

---

ഏവം വചഗം വകതും പ്രകാന്താ—ഇപ്രകാരം വാക്കിനെ പറവാൻ തുടങ്ങീ.

ആര്യാവൃത്തം.

ഈ പദ്യം പ്രാകൃതഭാഷയിൽ രചിച്ചതെന്തിനെന്നു മനസ്സിലാകുന്നില്ല.

പദം 11. വല്ലതെന്നാലും—എന്തായാലും: തവ—നിനക്കു്. അധുനാ—ഇപ്പോൾ.

ചരണം 1. കാമരിപു...സഖിയാകയോ—അർജ്ജുനൻ കാമപീഡിതനാകാത്തതിനു രണ്ടു കാരണങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു. കാമദേവൻെറ ശത്രുവായ ശിവനോടു യുദ്ധം ചെയ്തതുകൊണ്ടും. കാമൻെറ പിതാവായ കൃഷ്ണനുമായുള്ള മൈത്രികൊണ്ടുമാണോ നിങ്ങൾക്കു കാമപീഡയുണ്ടാകാത്തതു്.

കാമജനകസഖി എന്ന പദം മലയാളരീതിയിൽ പ്രയോഗിച്ചിരിക്കുന്നു. സംസ്കൃതത്തിൽ കാമജനകസഖൻ എന്നുവേണം പ്രയോഗിക്കാൻ.

ചരണം 2.

ദിനകരേണ രതിസംഗമം
ദീനമെന്നിയെ ലഭിച്ചു, തൽ-
സൂനുവോടു സുതരാം രമിച്ചതും,
ജനനിയല്ലയോ ജളമതേ! തവ (വല്ല)

ചരണം 3.

ഇണ്ടൽതീർന്നൊരുവനിങ്ങനെ കയൽ-
ക്കണ്ണിമാരൊടുരചെയ്യുമോ?
കണ്ടുകൊൾക ഫലമഞ്ജസാ ഭവാൻ
ഷണ്ഡനായി വരുമെന്നു നിണ്ണയം. (വല്ല)

---

(൯) അർജ്ജുനൻ ഗുരുതല്പഗാമിത്വം എന്ന ദോഷം പറഞ്ഞാണല്ലോ ഉർവശിയുടെ അപേക്ഷയെ നിരസിച്ചതു്. അതിനു സമാധാനം പറയുന്നു.

ചരണം 2. ദിനകരേണ—സൂയ്യനോടു്. തൻസൂനു—അവൻെറ (സൂയ്യൻെറ) പുത്രൻ—കാലൻ.

സൂയ്യസംഗമംകൊണ്ടു് കുന്തിക്കു് ആദ്യം കണ്ണൻജനിച്ചു. പിന്നീടു സൂയ്യപുത്രനായ കാലൻെറ സംഗമംകൊണ്ടു് യുധിഷ്ഠിരൻ ഉണ്ടായി, ഇപ്രകാരം പിതാവിനേയും പുത്രനേയും ഭത്താവായി വരിച്ച കുന്തിയുടെ മകനല്ലേ നീ. ആ നീയാണോ ധമ്മോപദേശം ചെയ്തു് എൻെറ അപേക്ഷയെ ഉപേക്ഷിക്കുന്നതു്.

ഷണ്ഡൻ—നപുംസകം.

അസ്യധീരസ്യമഹേന്ദ്രസൂനോഃ—ഈ ധീരനായ മഹേന്ദ്രസൂനുവിൻെറ (അർജ്ജുനൻെറ) ആദ്യത്തെ ധീരസ്യ എന്ന പദം ധീം + അസ്യ എന്നു ഛേദിക്കുന്നു.) ധീഃ — ബുദ്ധി. ശാപേന—ശാപംകൊണ്ടു്. അപേതധൃതിഃ — അപേതമായ

ശ്ലോകം 17. ആനന്ദഭൈരവി—ചെമ്പട.

ശാപേന ചാപേതധൃതിർബ്ബഭൂവ
ധീരസ്യ ധീരസ്യ മഹേന്ദ്രസൂനോഃ
നിന്ദന്നനിന്ദ്യോപി നപുംസകത്വം
വിചിന്ത്യ ചിന്താകുലതാമവാപ.

പദം 12. പല്ലവി.

ദൈവമേ ഹാഹാ! ദൈവമേ!

അനുപല്ലവി.

ദൈവാനുകൂലമില്ലാഞ്ഞാലേവം
വന്നുകൂട്ടുമല്ലോ. (ദൈവ)

ചരണം 1.

ദേവകീനന്ദനനെന്നെ-
ക്കേവലമുപേക്ഷിച്ചിതോ? (ദൈവ)

ചരണം 2. (x)

എന്നുടെ സോദരന്മാരെ-
ച്ചെന്നു കാണ്മതെങ്ങനെ ഞാൻ? (ദൈവ)

---

(ശതമായ) ധൃതിയോട്ട് (ധൈര്യ) കൂടിയതായി—ധൈര്യര
ഹിതമായി. ബഭൂവ—ഭവിച്ചു. (ച + അപേതധൃതി എന്നു
പദച്ഛേദം) അനിന്ദ്യഃഅപി — അനിന്ദ്യനാണെങ്കിലും.
നപുംസകത്വം വിചിന്ത്യ — നപുംസകത്തെ ചിന്തിച്ചിട്ട്.
(തനിക്കു വന്നുചേൎന്ന ഷണ്ഡഭാവത്തെ ഓൎത്തിട്ട്) നിന്ദൻ—
നിന്ദിക്കുന്നവനായിട്ട് (തന്നത്താനെ ആക്ഷേപിക്കുന്നവനാ
യിട്ട്) ചിന്താകുലതാം അവാപ — ചിന്താകുലതയെ പ്രാ
പിച്ചു.

വൃത്തം ഉപജാതി

പദം 12. ഉർവശിയുടെ ശാപംകൊണ്ട് ദുഃഖിതനായ
അർജ്ജുനൻെറ വിലാപമാണ് ഈ പദം.

ചരണം 3.

ഖാണ്ഡവദാഹേ ലഭിച്ച
ഗാണ്ഡീവംകൊണ്ടെന്തു ഫലം? (ദൈവ)

ചരണം 4.

പാരിലെന്നുടെ വൈരികൾ
പരിഹസിക്കുമാറായല്ലോ. (ദൈവ)

ചരണം 5.

അവനീശന്മാർക്കിതിലേറെ
അവമാനം മറെറന്തുള്ളു? (ദൈവ)

ചരണം 6.

എന്തൊരു കർമ്മം കൊണ്ടേവം
ഹന്ത! വന്നു കൂടിമേ. (ദൈവ)

ശ്ലോകം 18. കേദാരഗൌഡം—ചമ്പ.

ശ്രുത്വാ തമുർവ്വശീശാപ-
വിവശീകൃതമാനസം
ആശ്വാസയാമാസ സുതം
ആശ്വേനം മേഘവാഹനഃ

---

ശ്ലോകം 18. മേഘവാഹനഃ—ഇന്ദ്രൻ. തം സുതം—ആ പുത്രനെ (അർജ്ജുനനെ) ഉർവശീശാപവിവശീകൃതമാനസംശ്രുത്വാ—ഉർവശിയുടെ ശാപംകൊണ്ട് വിവശീകൃതമായ (ദുഃഖിതമായ) മനസ്സോടുകൂടിയവനാണെന്നു കേട്ടിട്ട്. ആശു—വേഗത്തിൽ. ഏനം—ഇവനെ (അർജ്ജുനനെ) ആശ്വാസയാമാസ—ആശ്വസിപ്പിച്ചു.

വൃത്തം അനുഷ്ടുപ്പ്.

പദം 13. പല്ലവി. (ഇന്ദ്രൻ)

**മാ കുരു വിഷാദമധുനാ മഹനീയ!**

**അനുപല്ലവി.**

**മനുജകുലമണിദീപ! മനസികരുതുകധൈര്യം**
**അനുചിതം തവ ശാപമനുകൂലമായ്‌വരും (മാ)**

ചരണം 1.

**ഉൎവ്വശീകൃതശാപ-മുപകാരമായ്‌വരും**
**ഉൎവ്വരാരമണരിപു-ഗൎവ്വഹരണ! വീര! (മാ)**

ചരണം 2.

**അജ്ഞാതവാസമതി-ലനുഭവിച്ചീടുമിതു**
**വിജ്ഞാനനിപുണ! തവ-സാംശയമതില്ലെടോ. (മാ)**

---

പദം 13. മഹനീയ — മഹത്വമുള്ളവനെ (സംബോധന) അധുനാ—ഇപ്പോൾ. വിഷാദം മാ കുരു — വിഷാദത്തെ ചെയ്യരുതു് (ദുഃഖിക്കരുതു്) മനുജകുലമണിദീപ!— മനുഷ്യസമുദായത്തിനു് രത്നദീപമായിട്ടുള്ളവനേ! (സംബോധന.)

ചരണം 1. ഉർവരാരമണ—ഉർവരയുടെ (ഭൂമിയുടെ) രമണൻ—ഭർത്താവു് — ഭൂപതി (സംബോധന) "ഉർവരാ സർവസസ്യാഢ്യാ ഭൂമിഃ" എന്നു് അമരം രിപുഗർവഹരണ —ശത്രുക്കളുടെ ഗർവത്തെ നശിപ്പിക്കുന്നവൻ(സംബോധന)

ചരണം 2. അജ്ഞാതവാസമതിലനുഭവിച്ചീടുമിതു...: —ചൂതിൽ തോററ പാണ്ഡവൎക്കു് വീണ്ടും രാജ്യം കിട്ടണമെങ്കിൽ 12 വർഷത്തെ വനവാസംകഴിഞ്ഞു് ഒരു വൎഷത്തെ അജ്ഞാതവാസം വേണം. ആ അജ്ഞാതവാസക്കാലത്തു് തന്നെ ആരും അറിയാതെ താമസിക്കാൻ അർജ്ജുനനു് ഉർവശീശാപം ഉപകാരമായി ഭവിക്കുന്നു. ഇതുകൊണ്ടാണു്: "ഉർവശീശാപം ഉപകാരം" എന്ന പഴമൊഴി ഉണ്ടായതും:

ചരണം 3. (അൎജ്ജുനൻ)

**താത! തവ വചനേന താപവുമകന്നുളളോം
ചേതസി വിഭോ! കാപി ചിന്തവളരുന്നു
പരിപാഹി പരിപാഹിമാം പരിതോടേ—
പരിപാഹി
എന്നുടെ വിയോഗേന യമതനയാദികൾ
ഖിന്നരായ് മേവുന്നു കിന്നു കരവാണി ഞാൻ?**

ശ്ലോകം 19. മദ്ധ്യമാവതി—പഞ്ചാരി.

**ബീഭൽസുവൃത്താന്തമജാതശത്രവേ
നിവേദിതും രോമശതാപസോത്തമം
ആദിശ്യ, ശസ്ത്രാണി സമന്ത്രപൂൎവ്വകം
നൃപീപഠത്തം ത്രിദശാധിനായകഃ.**

---

ചരണം 3. വചനേന—വാക്കുകൊണ്ടു്. ചേതസി—മനസ്സിൽ. വിഭോ—പ്രഭോ. കാപി—ഒരു. പരിപാഹി—പരിപാലിച്ചാലും.

ചരണം 4. യമതനയാദികൾ—ധൎമ്മപുത്രർ മുതലായവർ. കിംനുകരവാണി—ഞാൻ എന്തു ചെയ്യട്ടെ.

ശ്ലോകം 19. ത്രിദശാധിനായകഃ — ത്രിദശന്മാരുടെ (ദേവന്മാരുടെ അധിനായകൻ—ഇന്ദ്രൻ. ബീഭൽസുവൃത്താന്തം—ബീഭത്സുവിൻെറ (അൎജ്ജുനൻെറ) വൃത്താന്തം. അജാതശത്രവേ—അജാതശത്രുവിനോടു് (ധൎമ്മപുത്രരോടു്) അജാതനായശത്രുവോടുകൂടിയവൻ (ശത്രുക്കളില്ലാത്തവൻ എന്നൎത്ഥം) നിവേദിതും—അറിയിപ്പാൻ. രോമശ താപസോത്തമം—രോമശൻ എന്ന താപസശ്രേഷ്ഠനെ. ആദിശ്യ—നിയോഗിച്ചിട്ടു്. തം—ആ അൎജ്ജുനനെ. സമന്ത്രപൂൎവ്വകം ശസ്ത്രാണിന്യപിപഠത്—മന്ത്രപുരഃസ്സരം ശസ്ത്രപ്രയോഗത്തെ പഠിപ്പിച്ചു.

വൃത്തം ഉപജാതി,

ശ്ലോകം 20.

പിതുർമ്മഹേന്ദ്രാന്മഹനീയകീർത്തി-
സ്സംപ്രാപ്തവാനസ്ത്രകലാസു കൌശലം
സംഗീതവിദ്യാമപി ചിത്രസേനാൽ
സുഖം ന്യവാത്സീൽ ദിവി പാണ്ഡുനന്ദനഃ

ശ്ലോകം 21.

സുതം സമാഹൂയ സുശിക്ഷിതാസ്ത്രം
സുരേശ്വരഃ സൂനൃതയാ ച വാചാ
കദാചിദേനം ഗുരുദക്ഷിണാമിഷാ-
ദ്വധം യയാചേ ദിവിഷദ്വിരോധിനാം.

---

ശ്ലോകം 20.—മഹനീയകീർത്തിഃ—മഹനീയമായ കീർത്തിയോടുകൂടിയ. പാണ്ഡുനന്ദനഃ—പാണ്ഡുപുത്രൻ (അർജ്ജുനൻ) പിതുർമ്മഹേന്ദ്രാൻ—അച്ഛനായ, ഇന്ദ്രനിൽനിന്നു്. അസ്ത്രകലാസുകൌശലം—അസ്ത്രവിദ്യയിൽ സാമർത്ഥ്യത്തെയും, ചിത്രസേനാൽ—ചിത്രസേനനിൽനിന്നു്. സംഗീതവിദ്യാമപി—സംഗീതവിദ്യയേയും, സംപ്രാപ്തവാൻ—പ്രാപ്തനായിട്ടു് (പഠിച്ചിട്ടു്) ദിവി—സ്വർഗ്ഗത്തിൽ സുഖം ന്യവാത്സീത്—സുഖമായി താമസിച്ചു,

വൃത്തം ഉപജാതി.

ശ്ലോകം 21. സുരേശ്വരഃ—സുരന്മാരുടെ (ദേവന്മാരുടെ) ഈശ്വരൻ (അധിപതി)—ഇന്ദ്രൻ, സുശിക്ഷിതാസ്ത്രം—സുശിക്ഷിതമായ (നല്ലവണ്ണം പഠിക്കപ്പെട്ട) അസ്ത്രത്തോടു (അസ്ത്രവിദ്യ) കൂടിയവൻ (ശരിയായി അസ്ത്രവിദ്യ പഠിച്ചവനായ) സുതം—പുത്രനെ (അർജ്ജുനനെ) സമാഹൂയ—വിളിച്ചിട്ടു്. സൂനൃതയാവാചാ—ആത്മാർത്ഥമായ വാക്കുകൊണ്ടു്. കദാചിത്—ഒരിക്കൽ. ഗുരുദക്ഷിണാമിഷാൽ—ഗുരു

പദം 14. പല്ലവി. (ഇന്ദ്രൻ)

മനുജകുലതിലക! മമ മൊഴികൾ നിശമയാധുനാ

അനുപല്ലവി.

രജനികരകുലാവതംസരത്നമേ! മേ ധനഞ്ജയാശ്രു (മനു)

ചരണം. 1.

അസ്ത്രശാസ്ത്രമെങ്കൽനിന്നു പുത്ര നി പഠിച്ചതിന്നു
പാത്ഥിവ ഗുരുദക്ഷിണ തരേണമിന്നു നീ (മനു)

ചരണം 2. (അജ്ജുനൻ)

എത്രയും കൃതാത്ഥനായി നിന്നുടെ കൃപാബലേന
വൃത്രവിമത! ദക്ഷിണ തരുന്നതുണ്ടുഞാൻ
(അമരതിലക! മമ മൊഴികൾ നിശമയാധുനാ)

ചരണം 3.

ഉഭയഥാ ഗുരുത്വമുണ്ടു സുവരാധിനാഥ!
സഭയനല്ല ജീവമപിച ദാതുമിന്നഹം. (അമ)

---

ദക്ഷിണ എന്ന മിഷേണ (വ്യാജേന) ദിവിഷദ്വിരോധി നാം—ദിവിഷത്തുക്കളുടെ (സ്വഗ്ഗവാസികളുടെ) വിരോധികളുടെ—അസുരന്മാരുടെ. വധം—കൊലയെ, ഏനം യയാചെ—ഇവനോട്ട് അപേക്ഷിച്ചു.

വൃത്തം ഉപജാതി,

പദം 14. രജനികരകുലാവതംസരത്നമേ!—രജനികരകുലത്തിനു് (ചന്ദ്രവംശത്തിനു്) അവതാംസമായ (ഭൂഷണമായ) രത്നമേ. നിശമയ—കേട്ടാലും.

ചരണം 2. വൃത്രവിമത—വൃത്രന്റെ വിമതനായോവെ (സംബോധന) വൃത്രശത്രുവായ ഇന്ദ്രൻ. അധുനാ—ഇപ്പോൾ. ചരണം 3. ഉഭയഥാ —രണ്ടുപ്രകാരത്തിൽ (അച്ഛനെന്ന നിലയിലും ആചാര്യനെന്ന നിലയിലും) അഹം—ഞാൻ. ഇന്നു ജീവം അപിചദാതും— ജീവനെപ്പോലും

ചരണം 4. (ഇന്ദ്രൻ)

മന്നവ! നിവാതകവചനെന്നൊരസുരനുണ്ടതീവ
ദുന്നിവാരവീൎയ്യനധികസൈന്യസംയുതൻ
അന്യരാലവധ്യനേഷ മാനുഷാദ്ദൃതേ ധരിക്ക
ധന്യശീല! ചെന്നവനെ നിഗ്രഹിക്കണം. (മന്ന)

ചരണം 5. (അൎജ്ജുനൻ)

ബാധയെന്നിയേ നിവാതകവചനെ വധിപ്പതിന്നു
നാധുയത്നയോഗ്യമിന്നു സാധയേ ജവാൽ (അമ)

ശ്ലോകം 22.

തദീയം നിയോഗം കിരീടം ച മൂർദ്ധ്നാ
വഹന്നാഹവായ പ്രതസ്ഥേ സസൂതഃ
അസാവഭ്യമിത്രീണമാസാദ്യ തീരം
പയോധേസ്സ ദധ്മൌ ച ശംഖം കിരീടി.

---

തരുന്നതിനു് സഭയനല്ല (ഭയമുള്ളവനല്ല) ചരണം 4. ദുന്നിവാരവീൎയ്യൻ—ദുന്നിവാരമായ (തടുക്കാൻവയ്യാത്ത) വീൎയ്യമുള്ളവനും അധികസൈന്യങ്ങളോടു കൂടിയവനുമായ നിവാതകവചൻ എന്നൊരസുരനുണ്ടു്. ഏഷ—ഇവൻ. മാനുഷാദ്ദൃതേ, അന്യരാൽ അവധ്യൻ—ഇവൻ മനുഷ്യനൊഴിച്ചു് മററുള്ളവരാൽ അവധ്യനാകുന്നു (വധിക്കപ്പെട്ടുവാൻ കഴിയാത്തവൻ) ചരണം 5, ബാധയെന്നിയേ.....സാധയേ ജവാൽ—നിവാതകവചനെ കൊല്ലുന്നതിനു് അനുരൂപമായ രീതി ഞാൻ സാധിക്കുന്നുണ്ടു്, സാധയേ എന്നതിനു പോകുന്നുണ്ടു് എന്നും അൎത്ഥം പറയാം. "സാധയാമസ്താവത്" ശാകുന്തളം. നിവാതകവചനെ നിഗ്രഹിപ്പാൻ ഇതാ പുറപ്പെട്ടേക്കാമെന്നു സാരം.

ശ്ലോകം 22. അസൌ കിരീടി—ഈ കിരീടി (അൎജ്ജുനൻ) തദീയം നിയോഗം—അദ്ദേഹത്തിന്റെ (ഇന്ദ്രന്റെ) ആജ്ഞയേയും. കിരീടംച- കിരീടത്തേയും. മൂർദ്ധ്നാവഹൻ—ശിരസാ

ശ്ലോകം 23. കേദാരഗൌഡം—ചെമ്പട.

രണായാജുഹുവേ പാർത്ഥോ
നിവാതകവചാദികാൻ
സാഗരാന്തശ്ചരാൻ ദൈത്യാൻ
ജ്യാഘോഷൈഃ പരികമ്പയൻ.

---

വഹിച്ചുകൊണ്ടു് (ഇന്ദ്രദത്തമായ കിരീടം ധരിക്കുന്നതുകൊണ്ടു് അർജ്ജുനനു് കിരീടി എന്ന സംജ്ഞ സിദ്ധിച്ചു) സസൂതഃ—സൂത (തേരാളി) സഹിതനായി. ആഹവായ—യുദ്ധത്തിനു്, പ്രതസ്ഥേ—പുറപ്പെട്ടു. അഭ്യമിത്രീണ അസൗ—അഭ്യമിത്രീണനായ ഇവൻ. അഭ്യമിത്രീണൻ—അമിത്രത്തെ (ശത്രുവിനെ) ശരിയായി നേരിടുന്നവൻ. പയോധ—സമുദ്രത്തിൻെറ തീരം ആസാദ്യ—തീരത്തെ ആസാദിച്ചിട്ടു് (ചെന്നിട്ടു്) ശംഖം ദധ്മൌച—ശംഖിനെ മുഴക്കുകയുംചെയ്തു. അഭ്യമിത്രീണം എന്ന ദ്വിതീയാന്തപാഠം സ്വീകരിച്ചു ശംഖിൻെറ വിശേഷണമായോ ക്രിയാവിശേഷണമായോ അന്വയിപ്പിച്ചു് 'ശത്രുക്കൾക്കഭിമുഖമായി' എന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. അമിത്രത്തെ പര്യാപ്തമാംവിധം നേരിടുന്നവൻ എന്ന അർത്ഥത്തിൽ 'അഭ്യമാതാച്ഛ ച'എന്ന പാണിനീ സൂത്രംകൊണ്ടു് നിഷ്പന്നമായ ശബ്ദമാണിതു്.

യോഗച്ഛത്യലം വിദ്വിഷതഃ പ്രതി
സോഭ്യമിത്രോഭ്യമിത്രിയോഭ്യമിത്രീണാ ഇത്യപി

എന്നാണു് അമരസിംഹവചനവും

വൃത്തം ഭുജംഗപ്രയാതം. യകാരങ്ങൾ നാലേ ഭുജംഗപ്രയാതം.

ശ്ലോകം 23. പാർത്ഥഃ—അർജ്ജുനൻ. നിവാതകവചാദികാൻ സാഗരാന്തശ്ചരാൻദൈത്യാൻ—നിവാതകവചൻ മുതലായി സമുദ്രത്തിൽ സഞ്ചരിക്കുന്ന അസുരന്മാരെ, ജ്യാഘോഷൈഃ—ഞാണൊലികൊണ്ടു്. പരികമ്പയൻ—പരികമ്പനം ചെയ്യുന്നവനായി (വിറപ്പിച്ചുകൊണ്ടു്) രണായ ആജുഹുവേ—യുദ്ധത്തിനു വിളിച്ചു.

വൃത്തം അനുഷ്ടുപ്പു്.

പദം 15. പല്ലവി.

വാടാ പോരിന്നായിവിടെപ്പാടവമുണ്ടെങ്കിൽ
ക്രുടലർകാലനാകും ഗുഡാകേശനാകുന്ന ഞാൻ

അനുപല്ലവി.

ആടൽതീൎന്ന രണനാടകം പരിചിൽ
ആടുവതിന്നു വാടാ! അധികമൂഢ!
ശാഠ്യക്രൂടാ, അസുരകീട! (വാടാ)

ചരണം 1.

ആശുപോർചെയ്കിൽ ജീവിതേശനെക്കണ്ടീടും
നീ,മേചകാംബുദനികാശദേഹ!
ദനുജേന്ദ്ര! കഠിനകവച! കിമിഹ വാചാ
നിവാതകവച! അതിനീച! (വാടാ)

ചരണം 2.

വാരിധിയിലൊളിച്ചു വാസം ചോര! നിനക്കു
വീരനെങ്കിലിഹപോരിൽ നേരിടുവതിന്നു
വരികശൂര! നിജഗഭീരസമരധീര!
അതികഠോര!

---

പദം 15. പാടവം—സാമൎത്ഥ്യം. ക്രുടലർകാലൻ—ശത്രുക്കൾക്കു് അന്തകൻ. ഗുഡാകേശൻ—ഗുഡാകയുടെ (നിദ്രയുടെ) ഈശൻ (നിദ്ര, ആലസ്യം മുതലായവയെ ജയിച്ചവൻ) അർജ്ജുനനെന്നൎത്ഥം. ശാഠ—ശാഠ്യംക്രൂടാ—ഒക്കുകയില്ല (ശാഠ്യംകൊണ്ടു് യാതൊരു ഫലവും ഇല്ല)

ചരണം 1. ജീവിതേശൻ—ജീവിതത്തിന്റെ ഈശൻ (കാലൻ) മരിക്കുമെന്നു സാരം. മേചകാംബുദനികാശദേഹ—മേചകമായ (കറുത്ത) അംബുദത്തിനു (മേഘത്തിനു്) നികാശമായ (തുല്യമായ) ദേഹത്തോടു കൂടിയവനേ! ദനുജേന്ദ്ര— അസുരാധിപ. കഠിനകവച—കഠിനമായ കവചം

ചരണം 3.

ആതങ്കമെന്നിയേ നിശിതമായുള്ളാ-
യുധജാതമാശുകൈക്കൊണ്ടു
ജാതകുതുകേന വരികില്ല ചിത്രം നിൻെറ
ചരിതം ന മമ ചകിതം നിയതം. (വാടാ)

ശ്ലോകം 24. കണ്ഠാരം — അടന്ത.

മന്ഥക്ഷ്മാധരമഥ്യമാനജലധിദ്ധ്വാനപ്രതിധ്വാനിനാ
പാൎത്ഥഃ ക്ഷ്വേളിതനിസ്വനേന ജലദോദഞ്ചദ്രവേണാ —
കുലൈഃ
ക്രുദ്ധൈരാശു നിവാതപൂൎവ്വകവരൈഃ ചാ യുദ്ധായ ബദ്ധാദരം
സാൎദ്ധംദാനവപുംഗവൈരഭിഗതോവാചംബ
ഭാഷേർജ്ജുനം.

---

(പടച്ചട്ട) ഉള്ളവനേ! വാചാ ഇഹകിം—വാക്കുകൊണ്ടി
പ്പോൾ ഫലമെന്ത്? വേഗം യുദ്ധത്തിനു വരിക എന്നു താല്പ
ൎയ്യം) ചരണം 3. നിശിതം—മൂർച്ചയുള്ള, ആയുധജാതം—
ആയുധസമൂഹം ജാതകുതുകേന—സന്തോഷത്തോടുകൂടി.
നിൻെറ ചരിതം മമ ന ചകിതം—എനിക്കു ഭയമില്ല,

ശ്ലോകം 24. മന്ഥക്ഷ്മാ... പ്രതിധ്വാനിനാ—മന്ഥക്ഷ്മാ
ധരം (മന്ദരപൎവ്വതം) കൊണ്ടുമഥ്യമാനമായ (മഥിക്കപ്പെടുന്ന-
കടയപ്പെടുന്ന) സമുദ്രത്തിൻെറ ധ്വാനത്തിന്റെ (ശബ്ദത്തിന്റെ)
പ്രതിധ്വാനം (പ്രതിധ്വനി) യുള്ളതു്. മന്ദരപർവതംകൊണ്ടു്
കടയുമ്പോൾ പാൽക്കടലിൽ ഉണ്ടാകുന്ന ശബ്ദത്തിനു് (തുല്യ
മായിട്ടുള്ളതു്) ധ്വാനപ്രതിദ്ധ്വംദ്ധിനാ എന്ന പാഠമാണു്
ശുദ്ധതരം. പാൎത്ഥ... നിസ്വനേന — പാൎത്ഥൻെറ ക്ഷ്വേളിത
നിസ്വനമാകുന്ന (സിംഹനാദസദൃശഗൎജ്ജനമാകുന്ന) ജല
ദോദഞ്ചദ്രവേണ — ജലദത്തിൽനിന്നും (മേഘത്തിൽനിന്നും)
ഉദഞ്ചത്തായ (ഉയൎന്ന) രവംകൊണ്ടു് — ഇടിമുഴക്കംകൊണ്ടു്.
ആകുലൈഃക്രുദ്ധൈഃ—സംഭ്രമിച്ചവരും ക്രോധിച്ചവരും ആ
യ. ദാനവപുംഗവൈഃസാൎദ്ധം — അസുരപ്രമാണികളോടുകൂടി.

പദം 16. പല്ലവി. (നിവാതകവചൻ)

**ആരെന്നു നീ പറഞ്ഞീടേണമെന്നോട്ടു പോരിനായ് വന്നതും,**

**അനുപല്ലവി.**

**ചാരുകളെബരമാരനോ മാധവൻതാനോ**

**മഹാമതേ! മരാരിയോ, മാനുഷരിലൊരുവനോ? (ആ)**

---

നിവാതപൂർവ്വകവചഃ—നിവാതശബ്ദം മുമ്പിലുള്ള കവചൻ, നിവാതകവചൻ. യുദ്ധായ—യുദ്ധത്തിന്. ബദ്ധാദരം—ആദരവോടെ (സോത്സാഹം) അഭിഗത—പ്രാപിച്ച (വന്നു) അർജ്ജുനം, വാചം, ബഭാഷേ—അർജ്ജുനനോട്ടു പറഞ്ഞു.

ശാർദ്ദൂലവിക്രീഡിതം. പന്ത്രണ്ടാൽ മസജം സതംത ഗുരുവും ശാർദ്ദൂല വിക്രീഡിതം.

പദം 16. ചാരുകളേബര—ചാരുവായ (മനോഹരമായ) കളേബരത്തോട്ടു (ശരീരത്തോട്ടുകൂടിയവനേ!) ലളിതകളേബരനായ അർജ്ജുനൻെറ ശരീരത്തിനു് യുദ്ധത്തിനു പററിയ കാക്കശ്യമില്ലെന്നുകണ്ടു് നിവാതകവചൻ നിന്ദാഗർഭമായി അദ്ദേഹത്തിൻെറ സൌന്ദര്യത്തെ വാഴ്ത്തുകയാണു് ഈ സംബോധനകൊണ്ടു് ചെയ്യുന്നതു്. മാധവനോ മാരാരിയോ എന്ന സന്ദേഹത്തിൻേറയും സ്വാരസ്യം ഇതു തന്നെയാണു്. ഇവരിലാരായാലും മനുഷ്യേതരനാൽ അവധ്യനായ തനിക്കു ഭയപ്പെടാനില്ലെന്നു വിചാരിച്ചു ചോദിച്ചപ്പോൾ, സ്വനാശശങ്കയാൽ മതിമറന്നു സ്വരഹസ്യം സൂചിപ്പിക്കുമാറു് "മാനുഷരിലൊരുവനോ" എന്നു ചോദിച്ചു പോകുന്നു. നിവാതകവചനെപ്പോലുള്ളവൎക്കു് ശത്രുക്കളിൽ അവജ്ഞയും അതോട്ടുകൂടിത്തന്നെ മരണത്തിൽ വലിയ പരിഭ്രമവും ഉണ്ടാകുന്നതു് സാധാരണമായതുകൊണ്ടു് 'ചാരുകളേബര' എന്നു സംബോധന ചെയ്യുന്നതും 'മാരനോ' എന്നു തുടങ്ങുന്ന സന്ദേഹം മാനുഷരിലൊരുവനോ എന്ന ചോദ്യത്തിൽ കലാശിക്കുന്നതും വക്താവിൻെറ സ്വഭാവത്തിനു സമുചിതംതന്നെ.

ചരണം 1. (അൎജ്ജുനൻ)

ശക്രാത്മമൻ ഞാനറിക നീ ദാനവ!
ചക്രായുധസഖിയാകിയ പാണ്ഡവൻ
ഉഗ്രനായിട്ടും ഹിഡിംബനെക്കൊന്നോരു
വിക്രമിയാകിയ ഭീമസഹോദരൻ.

ചരണം 2. (നിവാ)

ജംഭാരിമുൻപാം നിലിമ്പരെല്ലാം മമ
സംഭാഷണേനൈവ ഡംഭം വെടിയുന്നു.
കിം ഭവാനെന്നോടു പോർചെയ്‌വതിന്നലം-
സൽഭാവമെത്രയും നന്നു നരാധമ! (ആ)

ചരണം 3. (അൎജ്ജുനൻ)

രാവണൻ തന്നെ രണഭുവി കൊന്നോരു
രാമനോത്തീടുകിൽ മാനുഷനല്ലയോ?

---

ചരണം 1. ചക്രായുധസഖി—ചക്രായുധൻെറ സഖി (കൃഷ്ണൻെറ മിത്രം) ചക്രായുധസഖൻ എന്നുവേണം പ്രയോഗിക്കുവാൻ. വിക്രമി.....സഹോദരൻ—വിക്രമിയായ ഭീമൻെറ സഹോദരൻ. (ഒററ സമസ്തപദം. അല്ലെങ്കിൽ വിക്രമി എന്നതു് ഭീമനിൽ അന്വയിക്കുകയില്ല. അതുകൊണ്ടു് ച്യുതസംസ്കാരദോഷം വരും) ജംഭാരി—ഇന്ദ്രൻ നിലിമ്പർ—ദേവന്മാർ. എൻെറ സംഭാഷണംകൊണ്ടുതന്നെ ഇന്ദ്രാദികളുടെ അഹങ്കാരം നശിക്കുന്നു. ചരണം. 2. എന്നോടു് പോർ ചെയ്‌വതിനു് ഭവാൻ കിം അലം—അങ്ങു് സമർത്ഥനാണോ? ചിലർ ഈ വാക്യം അർജ്ജുനൻേറതാണെന്നു തെററിദ്ധരിച്ചു് അദ്ദേഹത്തെ ആത്മപ്രശംസാശീലനാണെന്നു സമർത്ഥിക്കുന്നു, എന്നാൽ അതു് നിവാതകവചവാക്യമാണെന്നറിയുമ്പോൾ ഈ അഭിപ്രായം മാറുന്നതാണു്.

സാധാരണ ആട്ടക്കഥകളിൽ ധീരോദാത്തന്മാരായ നായകന്മാർപോലും ആത്മപ്രശംസ ചെയ്യാറുണ്ടു്. പ്രകൃത

ഏവം പറയുന്ന നിന്നെ ഞാനിപ്പൊഴേ—
കേവലം കാലപുരത്തിലാക്കീടുവൻ. (ആ)

ചരണം 4. (നിവാ)

പണ്ടൊരു വാനരം വാരിധിലംഘിക്ക—
കൊണ്ടിന്നു മറെറാരു മക്കടം ചാടുമോ?
ഉണ്ടു ചിറകെന്നോർത്തു മക്ഷിക
പക്ഷീന്ദ്രനോടുതുല്യം പറന്നിടുമോ— (ആ)

---

ഗ്രന്ഥത്തിലെ നായകനായ അർജ്ജുനനാകട്ടെ ഈ പതി വിൽനിന്നും അല്പം ഭിന്നനാണ്. തൻെറ അപദാനങ്ങളെ പ്രത്യക്ഷത്തിൽ കീർത്തിക്കാതെ പിതാവ്, സ്നേഹിതൻ, സഹോദരൻ ഇവരുടെ മാഹാത്മ്യംമുഖേന തൻെറ ഉത്കൃഷ്ട തയെ വ്യംഗഭംഗിയിൽ പ്രകടിപ്പിക്കുന്നതേയുള്ളു. "ശക്രാത്മജൻ ഞാനറിക നീ......സഹോദരൻ" എന്ന വാക്യം നോക്കുക. മാത്രമല്ല നിവാതകവചൻ "നരാധമ" എന്നു സംബോധന ചെയ്തതിനു് കൊടുക്കുന്ന ഉത്തരം നോക്കുക. (അടുത്തവരികളിൽ)

"രാവണനെന്ന അസുരാധിപനെക്കൊന്ന രാമനും

മനുഷ്യജാതിയിൽ പിറന്നവനാണല്ലോ," ഈ ഉത്തരത്തിലെ ഉള്ളടക്കം എത്ര ഭംഗിയായിരിക്കുന്നു. നിന്നെപ്പോലെ വരപ്രസാദംകൊണ്ടു് മനുഷ്യേതരനാൽ അവധ്യത്വം സമ്പാദിച്ച രാവണനെയും ഒരു മനുഷ്യൻ കൊന്നു. ആ ഗതിതന്നെയാണ് ഇവിടെ നിനക്കും സംഭവിക്കാൻ തുടങ്ങുന്നതു്. നരാധമ! എന്ന സംബോധനക്കു് മർമ്മസ്പൃക്കെങ്കിലും വിനയമസൃണമായ മറുപടിയല്ലെ ഇതെന്നു നോക്കുക. ഇതൊന്നും നോക്കാതെ പ്രകൃതഭാഗത്തെ ആസ്സദമാക്കി അർജ്ജുനനെ ആത്മപ്രശംസാശീലനാണെന്നു പറയുന്നതു് കേവലം സാഹസമാണ്,

ചരണം 4. അർജ്ജുനൻെറ അഭിപ്രായത്തെ അപ്രസ്തുതപ്രശംസാരൂപത്തിൽ നിവാതകവചൻ ഉപഹസിക്കുന്നു.

ചരണം 5. (അൎജ്ജുനൻ)

**കണ്ടുകൊൾകെങ്കിലോ നിൻതല ഖണ്ഡിച്ചു,**
**ദണ്ഡധരന്നു നൽകീടുന്നതുണ്ടു ഞാൻ;**
**തണ്ടാർശരവൈരി തന്നുടെ പാദങ്ങൾ**
**രണ്ടാണെ കണ്ടിതമില്ലെന്നിക്കോൎക്കനീ.** (ആ)

ശ്ലോകം 25. നാഥനാമാക്രി—ചമ്പ.

**ഹത്വാ നിവാതകവചം സമരേ സസൈന്യം**
**പ്രസ്ഥാതുമിച്ഛതി ദിവം ത്രിദശേന്ദ്രസൂനൌ**
**ദൈത്യാസ്തു കേചന സമേത്യ ഹതാവശിഷ്ടാ**
**നത്വാ തമൂചുരഥ സംസദി കാലകേയം.**

---

പണ്ടൊരു......ചാട്ടമൊ—ഹനുമാൻ സമുദ്രം കടന്നതുകൊണ്ടു് വാനരന്മാരെല്ലാവരും അതിന്നു പ്രാപ്തന്മാരെന്നുവരുമോ? ഗരുഡൻ ഒരു പക്ഷിയാണു്. (പക്ഷി...പക്ഷം—ചിറകു് ഉള്ളവൻ) മക്ഷിക—ഈച്ച. ഈച്ചയും ചിറകുള്ളതുകൊണ്ടു് പക്ഷിയാണു്. ഇതുകൊണ്ടു് ഈച്ച ഗരുഡതുല്യനാണെന്നു വരുമോ? അപ്രസ്തുതങ്ങളായ ഈ ചോദ്യങ്ങളിൽനിന്നു് അൎജ്ജുനൻ മനുഷ്യജാതിയിൽ ജനിച്ചവനാണെങ്കിലും രാമനെപ്പോലെ പൌരുഷമുള്ളവനല്ലെന്നും, അതുകൊണ്ടു് അയാൾ സൂചിപ്പിച്ച നിവാതകവചവധം അസാദ്ധ്യമാണെന്നും ഉള്ള പ്രസ്തുതാൎത്ഥം വ്യഞ്ജിക്കുന്നു.

അലങ്കാരം അപ്രസ്തുതപ്രശംസ.

ച. 5. ദണ്ഡധരൻ—കാലൻ. തണ്ടാർശരവൈരി—കാമരിപു—ശിവൻ.

ശ്ലോകം 25. സമരേ നിവാതകവചം സ സൈന്യം ഹത്വാ—യുദ്ധത്തിൽ നിവാതകവചനെ സൈന്യസഹിതം കൊന്നിട്ടു് ത്രിദശേന്ദ്രസൂനൌദിവം പ്രസ്ഥാതുമിച്ഛതി—ത്രിദശന്മാരുടെ (ദേവന്മാരുടെ) ഇന്ദ്രന്റെ സൂനു (പുത്രൻ) സ്വൎഗ്ഗത്തിലേക്കു പ്രസ്ഥാനം ചെയ്യുവാൻ (പുറപ്പെടാൻ) ഇച്ഛി

പദം 17. പല്ലവി. (ദൈത്യന്മാർ)

ദൈത്യേന്ദ്രമകുടമണിദീപ്യമാന! ജയ
കൃത്യജ്ഞ! മൊഴി കേൾക്കമേ;

അനുപല്ലവി.

പാൎത്ഥനെന്നൊരു മനുജമൂൎത്തിയെക്കൈക്കൊണ്ടു
മൃത്യുതാൻതന്നെ യധുനാ.

---

ക്കുമ്പോൾ, ഹതാവശിഷ്ടാഃ കേചന ദൈത്യാഃ സമേത്യ—കൊന്നതിനു ശേഷമുള്ള ചില അസുരന്മാർ ഒരുമിച്ച്. സംസദി—സഭയിൽ. കാലകേയം സമേത്യ—കാലകേയനെ പ്രാപിച്ച (കാലകേയൻെറ അട്ടത്തുചെന്നു്) തം നത്വാ ഊചു—അവനെ നമസ്കരിച്ചിട്ടു് പറഞ്ഞു.

വൃത്തം വസന്തതിലകം.

'ചൊല്ലാം വസന്തതിലകം തഭജം ജഗംഗം'

പദം 17. ദൈത്യേന്ദ്ര......ദീപ്യമാന—ദൈത്യേന്ദ്രന്മാരുടെ (അസുരശ്രേഷ്ഠന്മാരുടെ) മകുടങ്ങളിലെ (കിരീടങ്ങളിലെ) മണികളാൽ (രത്നങ്ങളാൽ) ദീപ്യമാനമായുള്ളോവേ (അധികമായി ശോഭിക്കുന്നവനേ) അസുരന്മാർ നമസ്കരിക്കുമ്പോൾ അവരുടെ കിരീടങ്ങളിലെ രത്നങ്ങളുടെ കാന്തി കൊണ്ടു് കാലകേയൻെറ ദേഹകാന്തിക്കു മാററുകൂട്ടുന്നു എന്നു് ആശയം. പാൎത്ഥന......യധുനാ......അൎജ്ജുനനെന്നു പേരോടുകൂടി മനുഷ്യരൂപം ധരിച്ചു് മൃത്യുതന്നെ നിവാതകവചാദികളെ നിഗ്രഹിച്ചിരിക്കുന്നു. ഇവിടെ അൎജ്ജുനനിൽ മൃത്യുത്വാരോപം ഉള്ളതുകൊണ്ടു് രൂപകാലങ്കാരം. സാധൎമ്മ്യനിഹ്നവം ഇല്ലാത്തതിനാൽ അപഹ്നുതിയല്ല. വ്യംഗമൎയ്യാദയാ സാധൎമ്മ്യത്തെ മറിച്ചിട്ടുള്ളതുകൊണ്ടു് അപരത്യലങ്കാരത്തിൻെറ അസ്ഫുടഭംഗിയുണ്ടെന്നാണെങ്കിൽ രൂപകോദാഹരണങ്ങളിൽ എല്ലാംതന്നെ അപരത്യാലങ്കാരമുണ്ടെന്നു വരും. പ്രകൃതത്തിൽ പാൎത്ഥനിൽ മൃത്യുത്വാരോപം മാത്രം ചാരുതാഹേതുവായിരിക്കുന്നതുകൊണ്ടു് രൂപകം തന്നെ അലങ്കാരം,

ചരണം 1.

ചേത്തിതു നിവാതകവചാദികളെയൊക്കവേ
മാത്താണ്ഡസുതമന്ദിരേ;

ചരണം 2. (കാലകേയൻ)

അത്യത്ഭുതംതന്നെ മർത്ത്യനതിദുർബ്ബലൻ
ദൈത്യരെ ഹനിച്ചതോത്താൽ
അദ്യൈവ ഞാൻ ചെന്നു മായാബലേന തം
സദ്യോ ഹനിച്ചീടുന്നേൻ
ദൈന്യം വെടിഞ്ഞു വൈകാതെ പുറപ്പെട്ടുക
സൈന്യങ്ങളൊക്കെയധുനാ.

ശ്ലോകം 26. പന്തുവരാളി—ചെമ്പട.

ശ്രുത്വാ സുഹൃന്നിധനമാത്തശരാസിചാപോ
ഗത്വാ ജവേന ചതുരംഗബലൈസ്സമേതഃ
മദ്ധ്യേവിയൽപഥമമും ന്യരുണൻ സ ദൈത്യോ-
മൃത്യോവ്വശം കിലഗതോ നിജഗാദ പാത്ഥം.

---

ചരണം 1. മാത്താണ്ഡസുതമന്ദിരേ—മാത്താണ്ഡൻെറ (സൂര്യൻെറ) സുതനായ കാലൻെറമന്ദിരത്തിൽ.

ചരണം 2. അദ്യഏവ—ഇന്നുതന്നെ. സദ്യഃ—വെട്ടെന്നു്. തം—അവനെ. അധുനാ—ഇപ്പോൾ.

ശ്ലോകം 26. സദൈത്യഃ—ആ അസുരൻ(കാലകേയൻ) സുഹൃന്നിധനം —സുഹൃത്തിൻെറ (മിത്രമായ നിവാതകവചൻെറ) നിധനത്തെ—വധത്തെപ്പററി. ശ്രുത്വാ—കേട്ടിട്ടു്. ആത്തശരാസിചാപഃ—ആത്തമായ (എടുക്കപ്പെട്ട) ശരാസിചാപങ്ങളോടുകൂടിയവൻ (അമ്പും വില്ലും വാളും എടുത്തുകൊണ്ടു്) ചതുരംഗബലൈസമേതഃ—ചതുരംഗബലങ്ങളോടു സമേതനായി(ആന, തേർ. കുതിര,കാലാൾഎന്ന നാലംഗപടയോടുകൂടി) മൃത്യോർവശം ഗതഃകില—മൃത്യുവിൻെറ

പദം 18. പല്ലവി. (കാലകേയൻ)

മൂഢ! നീ മതിയാകുമോ മുന്നിൽ നിന്നീടാൻ?

അനുപല്ലവി.

മർത്ത്യനായ നീയിന്നു ദൈത്യരോടു പോർചെയ്കിൽ
ശക്തനായ ഹരിയോടെതിർക്കുമതി-
മുഗ്ദ്ധമായ മൃഗമെന്നു വന്നുഭുവി (മൂഢ)

ചരണം 1. (അർജ്ജുനൻ)

കാലകാലൻെറ കൃപാ ചാലവേയുണ്ടെന്നാകിൽ
കാലകേയ! ബത കാലഗേഹഗമനായ
കാലമിതു തന്നെ ദുർമ്മതേ! (മൂഢ)

ചരണം 2. (കാലകേയൻ)

പോരും പറഞ്ഞതിനി പോരാളികളിൽ വീര!
പാരിടത്തിലൊരു വീരനില്ല മമ
നേരേ നിന്നു പൊരുതീടുവാനധികം (മൂഢ)

---

വശത്തെ ഗതനായിട്ടുതന്നെ (അർജ്ജുനനോടു യുദ്ധത്തിനു പുറപ്പെട്ടതു ചാകാനായിട്ടുതന്നെ എന്നുസാരം) ജവേന ഗതഃ—വേഗത്തിൽ ചെന്നിട്ട്. മധ്യേവിയത് പഥം—വിയത്പഥത്തിൻെറ (ആകാശമാർഗ്ഗത്തിൻെറ) മദ്ധ്യത്തിൽവച്ച് അമും പാർത്ഥം —ഈ അർജ്ജുനനെ, ന്യരുണത്—നിരോധിച്ച്. (തടഞ്ഞു നിറുത്തി) നിജഗാദ—പറഞ്ഞു. വൃത്തം വസന്തതിലകം.

പദം 18. മർത്ത്യനായ നീയിന്നു.......മൃഗമെന്നു വന്നു ഭുവി—ഒരു മനുഷ്യനായ നീ അസുരന്മാരോടു യുദ്ധം ചെയ്യുമെങ്കിൽ സാധുവായ ഹരിണം (മാൻ) ശക്തനായ ഹരിയോടു (സിംഹത്തോട്) എതിരിടും. അലങ്കാരം സംഭാവന "സംഭാവന അതുണ്ടാകിൽ ഇതുണ്ടാകുമെന്നു കല്പന" നിദർശനാലങ്കാരം വ്യജ്ഞിക്കുന്നു. ചരണം 1. കാലകാലൻെറ-ശിവൻെറ. കാലഗേഹഗമനായ—കാലൻെറ ഭവനത്തിൽ പോകുന്നതിന് (മരണത്തിന്) അർജ്ജുനൻെറ വിനയം

ചരണം 3.

സർപ്പം ഗരുഡനോടെതിപ്പാൻ മതിയാകുമോ?
അത്ഭുതം കിമപി ദർപ്പമിന്നു തവ!
നഷ്ടപ്രയോജനമത്രം ജളപ്രഭോ!

ചരണം 4. (അർജ്ജുനൻ)

നീലവലാഹകത്തെത്തോലനം ചെയ്തീടുന്ന
കോലമിന്നു ശരജാലമെയ്തു തിലശോ മുറിച്ചു
കൊലചെയ്യുന്നിന്നു നിന്നെ ഞാൻ. (മൂഢ)

---

നോക്കുക. സാധാരണ ആട്ടക്കഥകളിൽ പതിവില്ലാത്ത രീതിയിൽ അർജ്ജുനൻ ആത്മപ്രശംസാവിമുഖനായിട്ടാണു കാണുന്നതു്. ചരണം 3. സർപ്പം..............മതിയാകുമോ—ഒരു സർപ്പത്തിനു ഗരുഡനോടെതിർക്കുവാൻ സാധിക്കുമോ എന്ന അപ്രസ്തുതത്തിൽനിന്നും സർപ്പതുല്യനായ നിനക്കു് ഗരുഡതുല്യനായ എന്നോടു് എതിരിടാൻ ശേഷിയില്ലെന്നു പ്രസ്തുതം വ്യഞ്ജിക്കുന്നതുകൊണ്ടു് അപ്രസ്തുതപ്രശംസാലങ്കാരം, ഇവിടെ വർണ്ണ്യാവർണ്ണ്യങ്ങൾക്കു് ഏകധർമ്മം പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പ്രതിവസ്തൂപമാലങ്കാരം പറയുന്നതു ശരിയല്ല. ചരണം 4. നീലവലാ........കോലം—കാർമേഘതുല്യമായ ശരീരം. തിലശഃ—ഓരോ എള്ളായി (എള്ളുപോലെ ചെറുതായി)

ഈ ശ്ലോകത്തിനു മുമ്പായി താഴെക്കാണുന്ന ഒരു ശ്ലോകം കൂടി ചില പതിപ്പുകളിൽ അടിച്ചുകാണുന്നു. സന്ദർഭാനുഗുണമായതുകൊണ്ടു് അതുകൂടി ഇവിടെ വ്യാഖ്യാനിക്കാം.

മായാം സമാശ്രിത്യതിരോഹിതോരണേ—വിവ്യാധസൂതം തുരഗാംശ്ചസായകൈഃ
സംമോഹനാസ്ത്രേണ സസവ്യസാചിനം—സംമോഹയാമാസസുരേന്ദ്രനന്ദനം.

സഃ—ആ കാലകേയൻ. മായാംസമാശ്രിത്യ—മായയെ ആശ്രയിച്ചു് രണേ—യുദ്ധത്തിൽ. തിരോഹിതഃ—തിരോഹിതനായി (മറഞ്ഞുനിന്നു്) സായകൈഃ — ബാണങ്ങൾ

ശ്ലോകം 27.

ജ്ഞാത്വാഥ പാൎത്ഥസ്യ തു താമവസ്ഥാ-
മിത്യാഹ നന്ദീശ്വരമിന്ദുമൌലിഃ
'ത്വം ഗച്ഛ സാഹായ്യകൃതേ൪ജ്ജുനസ്യ'
പ്ലവംഗതാം പ്രാപ്യ യ യൌ 'തഥേതി'

ശ്ലോകം 28. മധ്യമാവതി—ചമ്പ.

നന്ദീശ്വരസ്സമുപഗമ്യ വിസംജ്ഞമേനം
പസ്പൎശ പാണിയുഗളേന നിജേന യാവൽ
സുപ്തപ്രബുദ്ധമിവ താവദുപസ്ഥിതന്ത-
മാസ്ഥാതിരേകവിനതം നിജഗാദ പാൎത്ഥം.

---

കൊണ്ടു്. സൂതം, തുരഗാൽച വിവ്യാധ—സൂതനേയും (തേരാളിയേയും) കുതിരകളേയും ഹനിച്ചു. സമ്മോഹനാസ്ത്രേണ—സമ്മോഹനാസ്ത്രംകൊണ്ടു്. സുരേന്ദ്രനന്ദനംസവ്യസാചിനം—ദേവേന്ദ്രപ്പുത്രനായ സവ്യസാചിയെ (അൎജ്ജുനനെ) സമ്മോഹയാമാസ – മോഹിപ്പിച്ചു.

ശ്ലോകം 27. ഇന്ദുമൌലീ—ചന്ദ്രശേഖരൻ (ശിവൻ) പാൎത്ഥന്റെ (അൎജ്ജുനന്റെ) താം അവസ്ഥാം ജ്ഞാത്വാ—ആ അവസ്ഥ അറിഞ്ഞിട്ടു്. നന്ദീശ്വരം—നന്ദീശ്വരനോട്ടു്. ത്വം അൎജ്ജുനസ്യ സാഹായ്യകൃതേ ഗഛ—അൎജ്ജുനനു് സഹായംചെയ്യാൻ പോകുക. ഇതി ആഹ—എന്നു പറഞ്ഞു. സഃ—ആ നന്ദീശ്വരൻ. തഥാ ഇതി—അങ്ങിനെതന്നെ എന്നു പറഞ്ഞു്. പ്ലവംഗതാം പ്രാപ്യ—പ്ലവംഗതയെ പ്രാപിച്ചു് (വാനരവേഷത്തിൽ) യയൌ—പോയി.

ശ്ലോകം 28. നന്ദീശ്വരഃ സമുപഗമ്യ—നന്ദീശ്വരൻ അടുത്തുചെന്നിട്ടു്. വിസംജ്ഞം—വിസംജ്ഞനായിരിക്കുന്ന (ചൈതന്യരഹിതനായിരിക്കുന്ന) ഏനം—ഈ അൎജ്ജുനനെ. നിജേന പാണിയുഗളേന—തന്റെ കൈകൾകൊണ്ടു്. യാവത് പസ്പൎശ—എപ്പോൾ സ്പൎശിച്ചുവോ. താവത്—അപ്പോൾ സുപ്തപ്രബുദ്ധം ഇവ — ഉറങ്ങിയെഴുന്നേററവനെപ്പോലെയുള്ളവനും. ഉപസ്ഥിതം—അടുത്തു നില്ക്കുന്നവനും.

പദം 19. പല്ലവി. (നന്ദി)

പൂരുകുലകലശാബ്ധിപൂൎണ്ണചന്ദ്ര! നൃപേന്ദ്ര!
പോരും വിഷാദമിനി പൊരുവതിനു പോക നാം.

അനുപല്ലവി

സമരഭുവി നിന്നുടയ സാഹായ്യമൻപൊടു
അമരസമ! ചെയ്യുതിന്നഹമിവിടെ വന്നു

ചരണം 1. (അൎജ്ജുനൻ)

ആശ്ചൎയ്യമിന്നു തവ കരതലസ്പൎശനാൽ,
മൂൎച്ഛയുമകന്നു മമ മോദമിയലുന്നു;
നിശ്ചയമഹോ ഭവാൻ ദിവ്യനെന്നതുത്തന-
മിച്ഛാമി നാമമെന്തെന്നരുളേണമേ.

ചരണം 2. (നന്ദി)

ചന്ദ്രശേഖരദാസനാകുന്നു ഞനറിക,
ചന്ദ്രവംശാഭരണ! ചന്തമോടിദാനീം;
നന്ദിയെന്നെന്നുടയ നാമമെന്നകതാരിൽ
നന്ദിയോടമരേന്ദ്രനന്ദന! ധരിക്കനീ. (പൂരു)

---

അഥ ഹിമാതിരേക വിനതം—ആദരാധിക്യംകൊണ്ടു് നമിച്ചവ. നമായ. പാൎത്ഥം—പാൎത്ഥനോട്ട്. നിജഗാദം—പറഞ്ഞു.

വൃത്തം വസന്തതിലകം.

പദം 19. പൂരു...... ചന്ദ്ര—പൂരുവംശമാകുന്ന കലാശാബ്ധിയിലെ (പൊൻകടലിലെ) പൂൎണ്ണചന്ദ്രനായുള്ളോവേ! —പൌരവശ്രേഷ്ഠ. സമരഭുവി—യുദ്ധക്കളത്തിൽ.

ചര: 1. ഇച്ഛാമി—ആഗ്രഹിക്കുന്നു. ചരണം 2. നന്ദിയോടെ ധരിക്ക—സന്തോഷത്തോടെ വിചാരിച്ചുകൊള്ളുക.

ചരണം 3.

മോഹനാസ്ത്രേണ നീ മോഹിച്ചു വീണ്ടുയാ-
ലാഹന്ത! കരുണയാ പ്രേരിതോഹമീശനാൽ;
ആശ്രിതജനങ്ങളിൽ വാത്സല്യമിതുപോലെ,
ആക്കുള്ളു ജഗതി? പരമാത്തിഹര!നിതരാം. (പൂരു)

ചരണം 4.

അഹിതനെക്കൊൽവതിന്നുസഹിതോ മയാ ഭവാൻ
സഹസാ പുറപ്പെട്ടുക മതിമതി വിഷാദം.

പന്തുവരാളി—ചെമ്പട.

പദം 20. പല്ലവി.

ദൈത്യേന്ദ്ര പോരിന്നായേഹി
ദൈന്യമെന്നിയേ.

അനുപല്ലവി

അത്ര നീ വരികിലാജിചത്വരേ-
സത്വരം യമപുരത്തിലാക്കീടും. (ദൈ)

ചരണം 1. (കാല)

കണ്ടുകൊൾക മമ ബാഹുപരാക്രമം
മണ്ടിടൊല്ലാ പോരിൽ നീ;
ദിഷ്ടബലമോടു ദുഷ്ട നരവരകീട!
വാട്ടമററ ശരവൃഷ്ടികൊണ്ടുടൻ
നഷ്ടമായ് വരുമൊട്ടുമേ വൈകാതെ. (കണ്ടു)

---

ഈശനാൽ കരുണയാ അഹം പ്രേരിതഃ—പരമേശ്വരൻെറ കരുണയോടുകൂടി ഞാൻ പ്രേരിതനായി (ശിവൻ എന്നെ അയച്ചു) അഹിതൻ—ശത്രു. മയാസഹിത—എന്നോടുകൂടി.

പദം 20. ഏഹി—വന്നാലും. ആജിചത്വരേ—യുദ്ധ

ചരണം 2. (അജ്ജുനൻ)

മായംകൊണ്ടു മറഞ്ഞെന്നെ മോഹി-
പ്പിച്ചതു ചിതമല്ല ദനുജപുംഗവ! തേ!
ഞായമാകുന്നതു നേരെനിന്നുതന്നെ
സമരമൻപോടുചെയ്ക നീ വൈകാതെ. (ദൈ)

ചരണം 3. (കാല)

മാനുഷാധമ! മറന്നുപോയിതോ നീ!
മുന്നമെന്നോടു തോററാജിതന്നിൽ
മാനഹാനിയല്ലോ വാനരത്തെച്ചെന്നു
ആശ്രയിച്ചതു നിശ്ചയം ഖലു തേ! (കണ്ടു)

കാലകേയവധം സമാപ്തം.

---

കളത്തിൽ ച. 1. ദിഷ്ടംബലമോട്ട്— ഭാഗ്യശക്തികൊണ്ടു്. ദൃഷ്ടിഗോചരനായി — പ്രത്യക്ഷനായി. (എന്റെ ഭാഗ്യം കൊണ്ടു് നിന്നെ കാണാൻ സാധിച്ചു.)

# ശുദ്ധിപത്രം

| പുറം. | വരി. | തെറ്റ്. | ശരി. |
|---|---|---|---|
| 1 | 12 | പൂവഗ്രന്ഥത്തിലുള്ള | പൂവ്ഗ്രന്ഥത്തിലുള്ള |
| 2 | 14 | ചക്ഷോരുഹ | വക്ഷോരുഹ |
| 2 | 31 | ആറംശങ്ങളുടേയും | ആറംഗങ്ങളുടേയും |
| 4 | 27 | വിക്രമധികൃത | വിക്രമധിക്‌കൃത |
| 5 | 1 | ചക്ഷുർഭ്യാം | ചക്ഷുഭ്യാം |
| 5 | 9 | രസവിച്ചരിക്കി | രസവിച്ചരിത്തി |
| 5 | 11 | സുലളിതപദവിന്യസ | സുലളിതപദവിന്യാസ |
| 9 | 25 | മൂന്നാന്നാംക്കരീന്ദ്ര | മൂന്നോന്നാംക്കരീന്ദ്ര |
| 19 | 13 | ഗുണശാ ിതയം | ഗുണശാലിതയം |
| 33 | 22 | അഹാതി | അഹാനി |
| 36 | 18 | മൂർദ്ധ്‌നാം | മൂർദ്ധ്‌നാ |
| 36 | 19 | പരിഗ്രഹ്യാം | പരിഗ്രഹ്യ |
| 36 | 20 | ജനസ്യാം | ജനസ്യ |
| 36 | 21 | ലകേ | ലോകേ |
| 36 | 25 | ജനത്തേ | ജയത്തേ |
| 41 | 29 | അഭിപാദായേ | (ഈ പദം ആവശ്യമില്ല) |
| 42 | 3 | കരുതരം | കരുനിതരം |
| 43 | 20 | അത്യത | അത്യവ |
| 46 | 21 | ആരോണം | ആരോഹണം |
| 47 | 17 | ജഗ്രഹ | ജഗ്രാഹ |
| 47 | 28 | ചരഞ്ജീവ | ചിരഞ്ജീവ |
| 49 | 4 | വൃദി | ഹൃദി |
| 49 | 20 | ഇന്ദ്രാണം | ഇന്ദ്രാണി |
| 49 | 22 | പുന | പുനഃ |
| 54 | 13 | സർവ്വപൂ | സാർവ്വപൂ |
| 55 | 5 | പാണ്ഡുസൂനുവഭി | പാണ്ഡുസൂനുമഭി |
| 56 | 24 | വർണ്ണയം | വർണ്ണയ |
| 57 | 14 | സഖ്യശിരംതയം | സഖ്യഗിരംതയം |

| | | | |
|---|---|---|---|
| 59 | 29 | പങ്ങള്ളീട്[illegible] | പദങ്ങളുടെ |
| 63 | 21 | വഭ്രമം | വിഭ്രമം |
| 65 | 14. | കഥി എന്റെ | കഥിക്കും എന്റെ |
| 68 | 23 | ആശ്വാസയാമാസാ | ആശ്വാസയാമാസ |
| 59 | 26 | നരകാരേ | നരകാരേ: |
| 75 | 12 | നിവേദിതം | നിവേദിതും |
| 75 | 16 | പുണ്യനദിക | പുണ്യനദികൾ |
| 76 | 18 | തവിദ്യാം അവ | തവിദ്യാം അവി |
| 77 | 13 | വാക്കുകൾ | വാക്കുകളാൽ |
| 79 | 16 | അദ്യമിത്രൈണ: | അഭ്യമിത്രൈണ: |
| 84 | 22 | സ്തംബേർമരത്തൊട്ട | സ്തംബേരമത്തൊട്ട |
| 86 | 5 | ഭേദീപ്യമാന! | ദേദീപ്യമാന |
| 86 | 23 | ഭേദീപ്യമാന | ദേദീപ്യമാന |
| 87 | 12 | നിന്നീട്ടവരൻ | നിന്നീട്ടവാൻ |
| 87 | 24 | ജ്ജീവനഗത്വാ | ജവേ.നഗത്വാ |
| 87 | 26 | അമം നിജഗാദം | അമ്മും നിജഗാദ |
| 90 | 5 | താപദസൗ | താവദസൗ |
| 90 | 17 | വിസംജ്ഞത | വിസംജ്ഞം |
| 90 | 19 | യാവൽ സ്പർശ | യാവൽ പസ്പർശ |
| 91 | 17 | നിതരം | നിതരാം |
| 92 | 27 | ആദിചത്വരം | ആജിചത്വാരം |
| 95 | 16 | കർമ്മാവാനായിട്ടും | കർമ്മവാനായിട്ടും |
| 96 | 21 | സ്വകീയൻ ഭടാൻ | സ്വകീയാൻ ഭടാൻ |
| 98 | 12 | ഭവ - | ദവ_ |
| 102 | 11 | വയംപി | വയമപി |

———

PRINTED AT THE LOKAVANI PRESS
TAMBARAM.

KOTTAYAM PUBLIC LIBRARY

**KOTTAYAM.**

*Cl. No.* MA5 *Acc. No.* 4013

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 29 DEC 197[illegible] | 10 OCT [illegible] | |
| 13 MAR 1979 | 30 APR 1999 | |
| 23 NOV 1982 | 7 OCT 2000 | |
| 15 JAN 1986 | | |
| 7 APR 1986 | | |
| [illegible] JUN 1987 | | |
| [illegible] JUL 1987 | | |
| 17 OCT 1989 | | |
| 17 JUN 1991 | | |
| 8 MAR [illegible] | | |
| 7 APR [illegible] | | |

MA5 4013

പത്മനാഭനുണ്ണി, ഡി.

കാലകേയവധം.

16 MA

K. S. S. PILLAI.